T64
P28

# സാഹിത്യഭ്രമിയിൽ

(ഒന്നാം ഭാഗം)

വി. കുന്നിൽ, എം.എ.

T64
P28

# സാഹിത്യഭൂമിയിൽ

(ഒന്നാംഭാഗം)

✱

ഗ്രന്ഥകർത്താവ്:

പോൾ വി. കുന്നിൽ, എം. ഏ.

മദ്രാസ് ക്രിസ്ത്യൻ കോളേജ്, താംബരം

DHARMARAM COLLEGE LIBRARY, BANGALORE.
20157
T.64
P.24

✱

വിതരണാവകാശികൾ:

കാട്ടുക്കാരൻ ബുക്ക് സ്റ്റാൾ,

എറണാകുളം

ഒന്നാം പതിപ്പ് — ആഗസ്റ്റ് 1955.

വില: ഒരുറുപ്പിക.

അവകാശങ്ങൾ ഗ്രന്ഥകർത്താവിന്.

അച്ചടി:

ലോകവാണി പ്രസ്സ്,

താംബരം

# പ്രസ്താവന

പല പ്രസിദ്ധീകരണങ്ങളിലുമായി ചിതറിക്കിടന്നിരുന്ന ഏതാനും ലേഖനങ്ങളും പുസ്തകനിരൂപണങ്ങളും സമാഹരിച്ചതാണ് 'സാഹിത്യഭൂമിയിൽ'. ലേഖനങ്ങളിൽ ഒന്ന് കമ്മ്യൂണിസ്റ്റ് കേന്ദ്രങ്ങളിൽ അല്പം ഒച്ചപ്പാടുണ്ടാക്കിയിട്ടുള്ളതാണ്. അതിലെ ഭാഷ അല്പം കർക്കശമാണെന്നു തോന്നിയേക്കാം. മാറിയ പരിതഃസ്ഥിതിയിൽ സഖാക്കൾ എന്നോടു കയർക്കാതിരിക്കട്ടെ.

പോൾ വി. കുന്നിൽ.

# ഉള്ളടക്കം

★

1. ഒരു ഓട്ടക്കോരികയുടെ കഥ
2. കലയും ജനതയും
3. പരാജയപ്പെട്ട ദൈവം
4. റഷ്യൻസാഹിത്യം സ്റ്റാലിന്റെ മരണശേഷം
5. "ൻറപ്പൂപ്പാക്കൊരാനേണ്ടാന്നു്"
6. ആധുനിക ബംഗാളികവിത
7. ജോർജ് ഓർവെൽ
8. ഇലക്ഷൻ പ്രണയം
9. ഇംഗ്ലീഷ് കവിത
10. സാഹിത്യത്തിലെ ഐക്യമുന്നണി
11. പുൽക്കൊടികൾ
12. ബ്രൂട്ടൽ റീയലിസം
13. ഹക്സ്ലി ഇന്ത്യയിൽ
14. കണ്ണുനീരിന്റെ വാതിൽ

# ഒരു ഓട്ടക്കോരികയുടെ കഥ

മലയാളസാഹിത്യംപോലെ ചെറുകഥ ഇത്രയേറെ അഭിവൃദ്ധിപ്രാപിച്ചിട്ടുള്ള മററാരു സാഹിത്യവും ഭൂമുഖത്തുണ്ടെന്നു തോന്നുന്നില്ല. ഇതു വെറും മേനി പറയുന്നതല്ല; എല്ലാവരും മനസ്സിലാക്കേണ്ട ഒരു പരമാത്ഥം മാത്രമാണീ പ്രസ്താവന.

തീരെ പഴക്കമില്ല നമ്മുടെ സാഹിത്യത്തിലെ നവോത്ഥാനത്തിന്. അങ്ങനെയിരിക്കെ, ചെറുകഥ ഇത്രയും വളരാനുള്ള കാരണമെന്തു്? ആ പഴക്കമില്ലായ്മ തന്നെയാണ് ഈ അത്ഭുതത്തിനു കാരണം. ഏതാണ്ട് ഒരു കാൽ നൂററാണ്ടായിക്കാണും ഇവിടെ ചെറുകഥ ആവിർഭവിച്ചിട്ട്. ചെറുകഥയുടെ ഉദയവും കേരളത്തിൻെറ നവോത്ഥാനവും ഏതാണ്ടൊരേകാലത്തായിരുന്നു. ചെറുകഥയുടെ ആവിർഭാവത്തോടടുത്ത് ഒട്ടേറെ പുതിയ പ്രശ്നങ്ങളും പൊന്തിവന്നു. സ്വാതന്ത്ര്യദാഹം! ഏകാധിപത്യത്തോടുള്ള വിദ്വേഷം; ജനാധിപത്യത്തോടും സാമ്പത്തികസമീകരണത്തോടുമുള്ള ആസക്തി; വ്യവസായവൽക്കരണത്തിൻേറതായ പ്രശ്നങ്ങൾ; മനശ്ശാസ്ത്രം

സംബന്ധിച്ചുള്ള പുതിയ അറിവുകൾ. ഇത്രയും കാര്യങ്ങൾ കഴിവുള്ള എഴുത്തുകാർ ചെറുകഥയിൽക്കൂടി കൈകാര്യംചെയ്യപ്പോൾ ഭാഷയിൽ ഒന്നാംകിടയിൽ പെട്ട അനവധി ചെറുകഥകൾ ഉണ്ടാകാതെതരമില്ലെന്നുവന്നു. ഇംഗ്ലണ്ടിലും മററും ഈവക പ്രശ്നങ്ങൾ സജീവമായിത്തീന്നപ്പോൾ നാടകം, നോവൽ എന്നീ കലാമാതൃകകൾക്കായിരുന്നു പ്രചാരം. തന്മൂലം പ്രശ്നനാടകങ്ങളും പ്രശ്നനോവലുകളും അവിടങ്ങളിൽ ധാരാളം ഉണ്ടായി. ചെറുകഥയുടെ കാലഘട്ടമായപ്പോഴേയ്ക്കും ചെറുകഥയ്ക്കുപയോഗിക്കാവുന്ന പ്രശ്നങ്ങളും മററും ചുരുക്കമായിരുന്നു. അങ്ങനെ, മലയാളത്തിൽ ഇന്നു ചെറുകഥയിൽക്കൂടി ചർച്ചചെയ്യിട്ടില്ലാത്ത വിഷയങ്ങളില്ല, പ്രശ്നങ്ങളില്ല, തത്വശാസ്ത്രങ്ങളില്ല.

വിശ്വസാഹിത്യത്തിൻെറ ഗ്യാലറിയിൽ സധൈര്യം കയറിയിരിക്കാവുന്ന എട്ടുപത്തു കഥാകാരന്മാർ നമുക്കുണ്ടായതു് ഈ സാഹചര്യത്തിലാണു്. ചെറുകഥയുടെ ടെക്നിക്ക് യുവകഥാകാരന്മാർക്കു മനസ്സിലാക്കിക്കൊടുത്ത ഏ. ബാലകൃഷ്ണപിള്ള, ബഷീർ, തകഴി, കേശവദേവ്, കാരൂർ, വർക്കി, പൊറെറക്കാട്ടു്, നാഗവള്ളി, മുണ്ടശ്ശേരി, റാഫി, കുട്ടികൃഷ്ണൻ തുടങ്ങിയവരെ കൃതജ്ഞതയോടെ വേണം ഭാഷാഭിമാനികൾ സ്മരിക്കുക.

ഈ കഥാകാരന്മാരിൽ ഏററവും അധികം വ്യക്തിത്വമുള്ള കഥകൾ എഴുതിയിട്ടുള്ളതു് ബഷീറും കാരൂരുമാണെന്നു് എനിക്കു തോന്നുന്നു. മററു കഥാകാ

രന്മാർക്കു വ്യക്തിത്വം കുറവാണെന്നല്ല ഇതിനർത്ഥം. അവരുടെ കഥകളും, പേരുനോക്കാതെ വായിച്ചിട്ട് ആരാണെഴുതിയതെന്നു പറയാൻ നമുക്കു കഴിയും. എന്നാൽ കാരൂരിൻെറ കഥകൾ ഒരു പ്രത്യേകലോകത്തിൽ അടങ്ങിനിൽക്കുന്നു. സ്വന്തം അനുഭവപരിധിയിൽ പെട്ട കാര്യങ്ങൾ മാത്രമേ കഥാരചനയ്ക്കു വിഷയീഭവിപ്പിക്കുകയുള്ളു എന്ന ദൃഢനിശ്ചയമായിരിക്കാം കാരൂർക്കഥകളുടെ കെട്ടുറപ്പിനും വ്യക്തിത്വത്തിനും നിദാനം. തൻെറ അദ്ധ്യാപകജീവിതത്തിലെ ഏടുകളാണു് കാരൂരിൻെറ സ്ഥിരനിക്ഷേപം—പ്ലോട്ടിൻെറ കാര്യത്തിൽ. ആ പഴയകാലത്തെ അനുഭൂതികളിൽനിന്നും എത്രയെത്ര കഥകൾ—വെറും പൊട്ടക്കഥകളല്ല, ഒന്നാംകിട കഥകൾ തന്നെ—രചിക്കാൻ കാരൂരിന്നു കഴിയുന്നു. ഈയിടെ ഞാൻ വായിച്ച "കരയിക്കുന്ന ചിരി" എന്ന സമാഹാരത്തിലെ പല കഥകളും ഈ വർഗ്ഗത്തിൽ ഉൾപ്പെടുന്നവയാണു്.

എന്നാൽ "ഓട്ടുകോരിക" ഇക്കൂട്ടത്തിൽനിന്നു് തികച്ചും വ്യത്യസ്തമായ ഒരു ഇതിവൃത്തത്തെ അവലംബിച്ചാണെഴുതിയിരിക്കുന്നതു്. ഈ കൊച്ചു ചെറുകഥയിൽകൂടി മററു പലരും മുമ്പു കൈകാര്യം ചെയ്തിട്ടുള്ള ഒരു പ്രശ്നം കൂടുതൽ ഉള്ളിൽത്തട്ടുന്ന രീതിയിൽ, പക്ഷെ തീരെ അനാർഭാടമായി, അവതരിപ്പിക്കുവാനാണു കഥാകൃത്തു ശ്രമിച്ചിട്ടുള്ളതു്.

യൂറോപ്പിൽ നിലവിലിരുന്നിരുന്ന ഫ്യൂഡലിസവും കേരളത്തിലെ ഫ്യൂഡലിസവും തമ്മിൽ ചില കാര്യങ്ങ

ളിലെല്ലാം സാമ്യമുണ്ടെന്ന് എനിക്കു തോന്നുന്നു. വ്യവസായവൽക്കരണത്തിന്റെ ആരംഭത്തോടെ യൂറോപ്യൻ ഫ്യൂഡലിസം ക്ഷയോന്മുഖമായി. മാർക്സിയൻ വിശദീകരണം, അതിനുശേഷം ഫ്യൂഡലിസത്തെ അടിസ്ഥാനപ്പെടുത്തി ചരിത്രത്തിന്റേതായ ഒരു തത്വശാസ്ത്രം തന്നെ കെട്ടിപ്പടുത്തിട്ടുണ്ട്. ഫ്യൂഡലിസത്തിന്റെ വൈരുദ്ധ്യങ്ങളാണ് ഒരു പുതിയ വർഗ്ഗത്തെ സൃഷ്ടിച്ചതെന്നുള്ള മാർക്സിയൻ നിഗമനം തീരെ അബദ്ധമാണ്. വർഗ്ഗസമരത്തിന്റെ ഫലമായാണോ നമ്മുടെ ജന്മിവർഗ്ഗം അധഃപതിച്ചതു്? തീർച്ചയായും അല്ലതന്നെ. വ്യവസായവൽക്കരണത്തിന്റെ ആവിർഭാവത്തോടെ, ഭൂമിയുടെ കൃഷിയുടെ അടിസ്ഥാനത്തിൽ മാത്രം ചിന്തിച്ചിരുന്നവർ, കൂടുതൽ സ്വത്തുല്പാദിപ്പിക്കുവാൻ തുടങ്ങി. സമ്പത്തു വർദ്ധിച്ചു. ഈ സമ്പത്താകട്ടെ, ഭൂവുടമകളുടെ സമ്പത്തിനേക്കാൾ അനേകമടങ്ങായിരുന്നു. അങ്ങനെ, പ്രകൃതിവിഭവങ്ങൾ സംസ്കരിച്ചു മററുപയോഗസാധനങ്ങൾ ഉല്പാദിപ്പിച്ചു വിററിരുന്നവരും അവരെ അതിനു സഹായിച്ചിരുന്നവരുമായ ഒരു വർഗ്ഗം ഉയൎന്നുവന്നു. ഒരു കാലത്തു് ഈ വർഗ്ഗം ജന്മിമാരെ സേവിച്ചിരുന്നു എന്നതു പരമാർത്ഥമാണ്. പക്ഷെ ജന്മിയുമായി സമരംചെയ്തു് ജന്മിയുടെ അധികാരങ്ങളും ശക്തിയും കയ്യടക്കുകയല്ല (അതാണല്ലോ മാർക്സിയൻ വർഗ്ഗസമരത്തിന്റെ മാർഗ്ഗം) അവർ ചെയ്തതു്. മുൻപിൽ തുറന്നുകിടന്ന പാതയിലൂടെ അവർ സഞ്ചരിക്കുകയാണുണ്ടായതു്. ചിലർ പട്ടാളത്തിൽ ചേർന്നു ധനാഗമമാർഗ്ഗങ്ങൾ അന്വേ

ഷിച്ചു. മററുചിലർ അന്യനാട്ടുകളിലേക്കു യാത്രയായി. അവർ നാട്ടിലേയ്ക്കയച്ച പണംകൊണ്ട് ജന്മികളുടെ സ്വത്തുക്കൾ അവരുടെ ബന്ധുക്കൾ വാങ്ങി. ഈ പണം Capital ആയി ഉപയോഗിച്ച് ഭൂമിയിൽ പല പരിഷ്കാരങ്ങളും അവർ വരുത്തി. ഉല്പാദനം വർദ്ധിപ്പിച്ചു. ജനങ്ങളുടെ ആവശ്യങ്ങളും അതോടൊത്തു വർദ്ധിച്ചുവെന്നു പ്രത്യേകിച്ചു പറയേണ്ടതില്ലല്ലോ. എന്നാൽ കാലത്തിൻെറ വിളിയെ ഗൌനിക്കാതിരുന്ന, കാലത്തിനൊത്തു പുരോഗമിക്കാൻ കൂട്ടാക്കാതിരുന്ന ജന്മിവർഗ്ഗം അപ്പാടെ അധഃപതിച്ചു. തങ്ങളുടെ അധികാരങ്ങൾ അവർക്കു നഷ്ടമായി. അങ്ങനെ ഇന്നു മൂന്നു വർഗ്ഗങ്ങളാണുള്ളത്. ഉള്ളവർ (The Haves), ഇല്ലാത്തവർ (The Hadnots), ഉണ്ടായിരുന്നവർ (The Hads).

യൂറോപ്പിലെ വ്യാവസായികവിപ്ലവം പുരോഗതിക്കു ചോദിച്ച കൂലി വളരെ കൂടുതലായിരുന്നു. ഏഴും എട്ടും വയസ്സുമാത്രം പ്രായമുള്ള കുട്ടികൾപോലും ഇരുപതു മണിക്കൂർവീതം (ദിനംപ്രതി) ജോലിചെയ്യേണ്ടിയിരുന്നു. അവരെ ചൂഷണംചെയ്തതിനെയാണ് അന്നു മുതലുടമകൾ "മുതൽ" ഉണ്ടാക്കിയതു്. വ്യവസായവിപ്ലവത്തിൻെറ പൊടിയ അനീതികൾ ക്രിസ്തുമതത്തിൻെറ തത്വങ്ങൾക്കു് അംഗീകരിക്കാൻവയ്യാത്തവയായിരുന്നു. ക്രിസ്തുമതവക്താക്കളായിരുന്നു സാമൂഹ്യനീതിക്കുവേണ്ടി വാദിച്ചതു്. പക്ഷേ അവരുടെ വാദങ്ങൾ മിക്കപ്പോഴും half hearted ആയിരുന്നെന്നും ചൂണ്ടിക്കാണിക്കാതിരിപ്പാൻ തരമില്ല. ഈ ഘട്ടത്തിലായിരുന്നു വ്യാവ-

സായികവിപ്ലവത്തിൻെറ ഒരു by-product എന്ന നിലയിൽ മാർക്സിസം ആവിർഭവിച്ചതും, ഉണർന്നുവന്നിരുന്ന തൊഴിലാളിപ്രസ്ഥാനത്തിന് അതു് ഒരു തത്വശാസ്ത്രമായി വളർന്നതും.

എന്നാൽ നമ്മുടെ നാട്ടിൽ കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ നട്ടെല്ലായി നിന്നു പ്രവർത്തിക്കുന്നതു ക്ഷയിച്ച ജന്മിത്വത്തിൻെറ പ്രതിനിധികളാണു്. കമ്മ്യൂണിസ്റ്റ് പാർട്ടി നേതൃത്വം (കേരളത്തിൽ) സവർണ്ണഹിന്ദുക്കളുടെ കൈവശം സ്ഥിതിചെയ്യുന്നു. ഈ ഒരു പ്രധാനപ്പെട്ട പരമാർത്ഥത്തിൻെറ രഹസ്യം വ്യക്തമാക്കുന്ന കൃത്യമാണു് ഓട്ടുകോരിക നിർവ്വഹിക്കുന്നതു്.

ഒരു മറുനാടൻമലയാളിയായ നാരായണൻ നാട്ടിൽ വന്നിട്ടുണ്ടെന്നറിഞ്ഞു് അയൽവക്കത്തുള്ള മനയ്ക്കൽ നിന്നും ഒരു ഓട്ടുകോരിക പണയംവയ്ക്കാൻ ഒരു സ്ത്രീ അവിടെ കൊണ്ടുചെല്ലുന്നു. നാരായണൻെറ അമ്മ ലക്ഷ്മിഅമ്മ ലോകഗതി നല്ലവണ്ണം അറിയാവുന്ന ഒരു സ്ത്രീയാണു്. ആ ഓട്ടുകോരിക കിട്ടിയാൽ കൊള്ളാമെന്നും അവർക്കുണ്ടു്. ഒരു രൂപായ്ക്കു പണയംവയ്ക്കാനാണു കൊണ്ടുവന്നിരിക്കുന്നതു്. ചില്ലറ ഇല്ലാത്തതുകൊണ്ടു് മകൻ ഒരു അഞ്ചുരൂപായാണു കോരികയ്ക്കു കൊടുക്കുന്നതു്. മാത്രമല്ല, കോരിക കൊണ്ടുപോകാൻ അനുവദിക്കുകയുംചെയ്യുന്നു. മനയ്ക്കലെ ദാരിദ്ര്യത്തിൻെറ അളവു മനസ്സിലാക്കിയിട്ടുള്ള ലക്ഷ്മിയമ്മ പറയുന്നതു്, കോരികയും അഞ്ചു രൂപയും ഇനി സ്വപ്നത്തിൽപോലും കാണാൻ കിട്ടുകയില്ലെന്നാണു്.

മനയുടെ അധഃപതനകാര്യങ്ങളൊക്കെ, ചെറുപ്പത്തിൽത്തന്നെ ആ നാടുവിട്ടുപോയി എന്നൂഹിക്കേണ്ടിയിരിക്കുന്ന നാരായണൻെറ അറിവിനായി ലക്ഷ്മിയമ്മ വിവരിക്കുന്നുണ്ട്. ഈശ്വരൻ നമ്പൂതിരി എന്നൊരുത്തനാണ് ആ മന നശിപ്പിച്ചതത്രെ. അയാറം മഹാ കൊള്ളരുതാത്തവനും കള്ളനു കഞ്ഞിവെച്ചവനും ഒക്കെയായിരുന്നു. ഒരു ഹോട്ടലിൽ ജോലിക്കു നിൽക്കുകയും അവിടെനിന്നു മുന്നൂറു രൂപാ മോഷ്ടിക്കുകയും ചെയ്തു. അതു് ഒതുക്കിത്തീർക്കുന്നതിനായി മുന്നൂറു രൂപക്കുവേണ്ടി അയാറം മൂത്ത നമ്പൂരിശ്ശനെക്കൊണ്ടു് ഒരു പുതിയ വേളി കൂടി കഴിപ്പിച്ചു് ഇരുപതു വയസ്സുള്ള ഒരന്തർജ്ജനത്തിൻെറ ജീവിതം തുലച്ചു. ഇത്രയുമൊക്കെ ചെയ്തിട്ടു് അയാറം ഇന്നു ചൊറിയുംപിടിച്ചു നാട്ടനീളെ നടക്കുകയാണ്, നാട്ടനന്നാക്കാൻ നാട്ടനീളെ പ്രസംഗിച്ചുനടക്കുകയാണ്!

നാട്ടനന്നാക്കാൻ നടക്കുന്നവരുടെ ആവേശവും അവരുടെ സ്വകാര്യജീവിതത്തിൻെറ വൃത്തികേടുകളും തമ്മിലുള്ള വൈരുദ്ധ്യം വ്യക്തമാക്കുക എന്ന ഉദ്ദേശത്തോടെയാണോ കാരൂർ ഈ കഥയെഴുതിയതു് എന്നന്വേഷിക്കേണ്ടതില്ല. എന്തെന്നാൽ ഈ പ്രശ്നമാണിതിൽ അവതരിപ്പിച്ചിരിക്കുന്നതെന്നു നിഷ്പ്രയാസം മനസ്സിലാകും. മാത്രമല്ല, ഈ പ്രശ്നത്തെക്കുറിച്ചു വായനക്കാർ ചിന്തിക്കാൻ പ്രേരിതരാകുകയും ചെയ്യും. ഇതാണ് ഈ കഥയുടെ—കാരൂരിൻെറ ഏററവും നല്ല കഥകളിലൊന്നായ 'ഓട്ടുകോരിക'യുടെ—വിജയരഹസ്യം.

# കലയും ജനതയും *

ഈ വിഷയത്തെക്കുറിച്ച് സത്യസന്ധമായ ഒരഭിപ്രായം പ്രകടിപ്പിക്കാൻ അർഹതയുള്ള, നമ്മുടെ തത്വശാസ്ത്രജ്ഞന്മാരിൽ പ്രമുഖനായ റസ്കിൻ ഒരിക്കൽ പറയുകയുണ്ടായി, ഒരു കലാസൃഷ്ടി സുന്ദരമായിരിക്കണ മെന്നതിനു പുറമേ, അതു ഒരു സന്ദേശം ഉൾക്കൊള്ള ണമെന്നും, അതു പ്രവൃത്തിക്കു പ്രചോദനം നൽകണ മെന്നും. ഒരു കലാസൃഷ്ടിയുടെ ഈ മൂന്നു സ്വഭാവങ്ങ ളേയും വിസ്മരിച്ച്, അവയിലൊന്നിനുമാത്രം പ്രാധാ ന്യം കല്പിക്കുന്ന ഒരു സമ്പ്രദായമാണ് ഇന്നു നിരൂപ കർ പൊതുവേ അംഗീകരിക്കുന്നത്. ഒരു കലാസൃഷ്ടിയു ടെ മേന്മ സർവ്വോപരി അതിൻെറ രൂപസൌഭാഗ്യ ത്തെ ആശ്രയിച്ചിരിക്കുന്നു എന്ന അഭിപ്രായം പുലർത്തു ന്ന വിമർശകന്മാരെ 'രൂപഭദ്ര'ന്മാർ എന്നു വിളിക്കാം. (ഇംഗ്ലീഷിൽ —Aesthetes)- ഓസ്ക്കാർ വൈൽഡിൻെറ കാലശേഷം—വൈൽഡ് ഈ ആശയഗതിയുടെ യഥാ ൎത്ഥ പ്രതിനിധിയായിരുന്നു—രൂപഭദ്രന്മാർ 'ഔട്ട് ഓഫ് ഫാഷൻ' ആയിത്തീർന്നിരിക്കയാണ്. എങ്കിലും, അ

---

* ഹെർബർട്ട് റീഡ്.

വർക്കു യാഥാർത്ഥ്യത്തിന്റെ മൂന്നിലൊരംശം കാണാൻ കഴിഞ്ഞു.

കലയ്ക്കു് ബോധപൂർവകമായ ഒരു സന്ദേശമുണ്ടായിരിക്കണമെന്നു വാദിക്കുന്നവർ ഒരു വിധത്തിലല്ലെങ്കിൽ മറെറാരുവിധത്തിലുള്ള സന്മാർഗ്ഗവാദികളായിരിക്കും. ഇവരുടെ മഹാനായ നേതാവായിരുന്നു ടോൾസ്ററോയി. അൽപം വ്യത്യാസമുണ്ടെങ്കിലും റഷ്യയിലെ സോഷ്യലിസ്ററു റീയലിസ്ററു വാദഗതിക്കാരും, ടോൾസ്ററോയിയുടെ അനുയായികളും ഏതാണ്ടൊരേകാര്യം തന്നെയാണു പറയുന്നതു്. കലയുടെ ലക്ഷ്യം സോഷ്യലിസത്തിന്റെ പരിപാടികൾ നടപ്പിലാക്കാൻ സഹായിക്കുക മാത്രമാണെന്നു് സോഷ്യലിസ്ററുകൾ വാദിക്കുന്നു. ഒരാശയത്തേയോ, തത്വസംഹിതയേയോ പ്രയോജനകരമായ രീതിയിൽ പ്രതിപാദിക്കുകയോ ചെയ്യുകമാത്രമാണു് അത്തരക്കാർക്കു് കലയെന്നുവെച്ചാൽ—ആശയസംഹിത രാഷ്ട്രീയമോ മതപരമോ ആകാംതാനും. അതുകൊണ്ടു് കലയുടെ പ്രാധാന്യം ആ കല പ്രകടിപ്പിക്കുന്ന ആശയത്തിന്റെ പ്രാധാന്യം തന്നെയായിത്തീരുന്നു.

കല, പ്രയോജനകരമായി—ജനതയ്ക്കു പ്രയോജനകരമായി—എന്തെങ്കിലും ചെയ്യുന്ന മാർഗ്ഗമാണെന്നു് ഇനിയും മൂന്നാമതൊരുകൂട്ടർ കരുതുന്നു. അതായതു് ശില്പകലയുടെ മെച്ചം സ്ഥിതിചെയ്യുന്നതു് വാസയോഗ്യമായ ഒരു കെട്ടിടം പണിചെയ്യുന്നതിലാണു്—ബലമുള്ളതും സൌകര്യമുള്ളതുമായ ഒരു കെട്ടിടമാണെങ്കിൽ ക

ലയുടെ ഉദ്ദേശം സഫലമായി. കലയുടെ പ്രയോജനാംശത്തെ വിപുലീകരിച്ചു കാണിക്കുന്ന ഇക്കൂട്ടരുടെ അഭിപ്രായം ഒരു കലാസൃഷ്ടി അതു സൃഷ്ടിക്കപ്പെട്ട ഉദ്ദേശം നിറവേററുന്നപക്ഷം മറെറല്ലാകാര്യങ്ങളും വിഗണിക്കാമെന്നാണ്. പ്രയോജനമുള്ള കല ഒരു സന്ദേശം പ്രചരിപ്പിക്കുകയും സൌന്ദര്യാത്മകമായിരിക്കുകയും തന്നിയെ ചെയ്തുകൊള്ളുമെന്നാണ് അവരുടെ പക്ഷം.

ഇവ കലയുടെ മൂന്നു മാനദണ്ഡങ്ങളാണെന്നു നമുക്കു വിചാരിക്കാം. പക്ഷെ അവയുപയോഗിച്ച് ഒരു കലാസൃഷ്ടിയുടെ മൂല്യം അളക്കുക എളുപ്പമല്ല. ഒരു കെട്ടിടം പ്രയോജനകരമാണോ എന്നു അതുപയോഗിച്ചു നോക്കി കണ്ടുപിടിക്കാം. പക്ഷേ ഒരു പെയിൻറിംഗോ, ഒരു കൊത്തുപണിയോ, പ്രയോജനകരമാണെന്ന് തീർത്തുപറയുന്നതെങ്ങനെ? ഒരു ചിത്രമോ ഒരു കെട്ടിടമോ ഇപ്പോഴും സൌന്ദര്യാത്മകമാണെന്ന് നമുക്കു പറയാൻ കഴിയുമെന്നു നാം വിചാരിക്കുന്നു. അതേസമയം, അതു് ഓരോരുത്തരുടെ പ്രത്യേക അഭിരുചിയെ ആശ്രയിച്ചിരിക്കുന്നു എന്നും നാം സമ്മതിക്കുന്നു. ഒരുത്തനു അമൃതമെന്നു തോന്നുന്നതു് മറെറാരുത്തന് വിഷമാണെന്നു നാം സാധാരണ പറയാറുണ്ട്. പല മനുഷ്യർക്ക് ഒരേ കലാസൃഷ്ടിയെപ്പററിയുള്ള അഭിപ്രായം അവരുടെ മനസ്സിൻെറ അവസ്ഥകളേയും അവസ്ഥാഭേദങ്ങളേയും ആശ്രയിച്ചിരിക്കുന്നു എന്ന വസ്തുത ശാസ്ത്രീയമായി തെളിയിക്കാവുന്നതാണ്. ഒരു വ്യക്തിയുടെ പാരമ്പര്യവും ചുററുപാടുകളും ഈ മാനസിക ഘടനയെ വാർത്തെടുക്കുന്നു

എന്നുള്ളത് സർവത്ര അംഗീകരിക്കപ്പെട്ടിരിക്കുന്ന ഒരു യാഥാർത്ഥ്യമാകുന്നു. ഈ വിഷമഘട്ടത്തിൽ നിന്നും രക്ഷപ്പെടണമെങ്കിൽ, കലയുടെ സ്വഭാവം കേവലമാണെന്നു പറയണം. അതായത് അതു കലയുടെ സൌന്ദര്യാത്മകത്വത്തെ അടിസ്ഥാനമാക്കി സ്ഥിതിചെയ്യുന്നു എന്നു പറയണം. സൌന്ദര്യം വ്യക്തിയുടെ ഇഷ്ടാനിഷ്ടങ്ങളെ ആശ്രയിച്ചല്ല ഒരു വസ്തുവിൽ കുടികൊള്ളുന്നത്. ചില പ്രകൃതി തത്വങ്ങളാണ് സൌന്ദര്യത്തിന്റെ അധിഷ്ഠാനം—ഒരു വസ്തു സുന്ദരമോ അല്ലയോ എന്നു നിർണ്ണയിക്കുന്നത്—ആ വസ്തു ഒരു പൂവോ, ഒരു മുഖമോ ഒരു ചിത്രമോ ഒരു കെട്ടിടമോ ആയിക്കൊള്ളട്ടെ—ആ വസ്തു പ്രകൃതിയിൽ അടങ്ങിയിരിക്കുന്നതോ, പ്രകൃതിയെ അനുകരിച്ച് കലാസൃഷ്ടികളിൽ ആവിഷ്ക്കരിച്ചിട്ടുള്ളതോ ആയ ചില പ്രത്യേക സ്വഭാവ വിശേഷങ്ങൾ ---Harmonious Proportions—ഉൾക്കൊള്ളുന്നുണ്ടോ എന്നു നോക്കിയിട്ടാണ്.

അങ്ങനെ ചില പ്രകൃതിതത്വങ്ങളോടു യോജിക്കുന്നുണ്ടോ എന്നു പരിശോധിച്ച് ഈ പ്രശ്നം പരിഹരിക്കാൻ നമുക്കു സാധിക്കും എന്നു വയ്ക്കുക. എങ്കിൽ ഒരു കലാസൃഷ്ടിയുടെ സന്ദേശത്തെക്കുറിച്ച് നാം എന്തു പറയണം. ഇതൊരു കുഴഞ്ഞു മറിഞ്ഞ പ്രശ്നമാണ്. മഹാനായ ടോൾസ്റ്റോയിക്കുപോലും ഈ പ്രശ്നത്തിനു തൃപ്തികരമായ ഒരു ഉത്തരം കൊടുക്കാൻ കഴിഞ്ഞില്ല. ഒരു കലാകാരൻ ശുദ്ധമായ വികാരത്തെ ആവിഷ്കരിക്കുമ്പോൾ, അഥവാ പൂർണ്ണമായ ആത്മാർത്ഥത പ്രകാ

ശില്പികളമ്പോഠം മാത്രമേ ആ കലാസൃഷ്ടിയെ നല്ലതെന്ന വ്യവഹരിക്കാൻ സാധിക്കുകയുള്ളു എന്ന ടോഠംസ്റ്റോയി പറഞ്ഞു. പക്ഷേ ഇവിടെയും കുഴപ്പം അവസാനിക്കുന്നില്ല. 'ശുദ്ധം' 'വികാരം' ഈ വാക്കുകഠംക്ക പല നിർവചനങ്ങളും കൊടുക്കാൻ കഴിയും. എപ്പോഴാണ് ഒരു വികാരം ശുദ്ധമെന്ന പറയുക? ടോഠംസ്റ്റോയി ഉത്തരം കൊടുത്തു: എല്ലാവിധത്തിലും സ്വാഭാവികവും മനുഷ്യന് അനുയോജ്യവുമായ ഒരു ജീവിതം നയിക്കുമ്പോഠം—അപ്പോഠം മാത്രം. പക്ഷേ ഇവിടെയും ഒരവസാന തീർപ്പിലെത്താൻ നമുക്ക കഴിയുന്നില്ല. കാരണം, ഏതു തരം ജീവിതമാണ് എല്ലാവിധത്തിലും സ്വാഭാവികവും മനുഷ്യനനുയോജ്യവും എന്നുള്ളതിനെക്കുറിച്ച് ഒരേ അഭിപ്രായം തന്നെ എല്ലാവർക്കും ഉണ്ടായിരിക്കുക അസാദ്ധ്യമാണ്. ടോഠംസ്റ്റോയിയുടെ ആദർശം ലാളിത്യമായിരുന്നു. അതുകൊണ്ടു ബിഥോവൻെറയും വാഗ്നരുടെയും കലാസൃഷ്ടികളേയും ബാദ്‌ലേയറുടെ കവിതയേയും ഇബ്സൻെറ നാടകങ്ങളേയും ഇംപ്രഷണിസ്ററുകളുടെ ചിത്രകലയേയും അദ്ദേഹം ആക്ഷേപിച്ചു. ഷേക്സ്പീയറെക്കുറിച്ചുപോലും അദ്ദേഹത്തിനു വലിയ അഭിപ്രായമുണ്ടായിരുന്നില്ല. അവയെല്ലാം പണക്കാരുടെ കലാമാതൃകകഠം—ഒരു കൃത്രിമ സമുദായഘടനയുടെ കല. മാത്രമല്ല, അതെല്ലാം ഭൌതികാടിസ്ഥാനത്തിലുള്ള കലയാണ്—ആത്മാവിനെ ഉയർത്തണമെന്ന ഉദ്ദേശവും ലക്ഷ്യവുമില്ലാത്ത കല. അദ്ദേഹം തന്നെ പറയുന്നു. "സർവലൌകിക കലയ്ക്ക് (ഇതു ധനികവർഗ്ഗത്തിൻെറ

ചീയൽ കലാപ്രസ്ഥാനത്തിനു നേരെ എതിരാണ്.) സംശയാതീതമായ ഒരാന്തരരൂപൈക്യമുണ്ട് — ആദ്ധ്യാത്മിക വീക്ഷണം. ധനിക വർഗ്ഗത്തിന്റെ കലയ്ക്കു് ഈ ഗുണമില്ല. തന്മൂലം പ്രസ്തുത കലയുടെ ആരാധകന്മാർക്കു ഒട്ടിപ്പിടിച്ചു നിൽക്കാൻ ഒരു വ്യത്യസ്ത ബാഹ്യരൂപത്തിന്റെ ആവശ്യം നേരിടുന്നു." അങ്ങനെ, കലയുടെ സൌന്ദര്യാത്മകവാദത്തിന്റെ ശക്തനായ ഒരെതിരാളിയായിരുന്നു ടോൾസ്റ്റോയി—ഈ വാദത്തെ ഒരു തെറ്റായ ശാസ്ത്രമായി അദ്ദേഹം പരിഗണിച്ചിരുന്നു. സൌന്ദര്യത്തിന്റെ നിയാമക തത്വങ്ങൾ പ്രകൃതിയിൽ നിന്നും ലഭിച്ചതാണെന്ന് അദ്ദേഹം കാണുകയോ, കണ്ടെങ്കിൽത്തന്നെ അംഗീകരിക്കാൻ കൂട്ടാക്കുകയോ ചെയ്തില്ല. വാസ്തവം പറഞ്ഞാൽ സൌന്ദര്യം എന്ന പദം ഉപയോഗിക്കാതിരിക്കാൻ അദ്ദേഹം മനപ്പൂർവം ശ്രമിച്ചിരുന്നു. പ്രസ്തുത പദത്തിന് കേവലമായ ഒരു നിർവചനം നൽകുക അസാദ്ധ്യമാണെന്നും അദ്ദേഹം ഖണ്ഡിതമായിപ്പറഞ്ഞിരുന്നു. പ്ലേറ്റോയുടെ, സൗന്ദര്യത്തിന്റെ തത്വശാസ്ത്രവും അദ്ദേഹത്തിന്റെ അനുയായികളുടെ സൌന്ദര്യം സംബന്ധിച്ചുള്ള വാദങ്ങളും ടോൾസ്റ്റോയി അവഗണിച്ചിരുന്നു

ഒരു ജനതയ്ക്കു ലഭിക്കുന്ന കലാസമ്പ്രദായം, ആ ജനതയുടെ സാമൂഹ്യഘടനയെ ആശ്രയിച്ചാണിരിക്കുന്നതു് എന്നുള്ള ടോൾസ്റ്റോയിയുടെ സങ്കല്പം ശരിയായിരുന്നു. വാസ്തവത്തിൽ ഇതേകാര്യം തന്നെ അവരുടെ ആശയസംഹിതയുടെ ജാർഗൺകൊണ്ടു മറച്ചുപിടിച്ചു പറ

യുന്ന മാർക്സിസ്ററുകളുടെ നിലപാടും ശരിതന്നെ. തങ്ങളുടെ പ്രത്യേക ആശയസംഹിതകളെ പ്രതിനിധീകരിക്കുന്ന കലയാണ് ഏററവും നല്ല കലയെന്നും, പോരാ, അതുമാത്രമാണ് കലയെന്നും ഭാവിക്കുന്ന ഒരു തെററിലേക്കു വഴുതി വീഴുകയാണ് ഈ രണ്ടു തത്വശാസ്ത്രങ്ങളും ചെയ്യുന്നതു്. കലയുടെ മൂന്നു സ്വഭാവങ്ങളിൽ ഒന്നിൽ മാത്രം ശ്രദ്ധ കേന്ദ്രീകരിക്കുന്നതുകൊണ്ടു നേരിടുന്ന തകരാറാണിതു്. ഇതുപോലെ തന്നെ മററു രണ്ടു കലാസ്വഭാവങ്ങളിലും ശ്രദ്ധ കേന്ദ്രീകരിക്കുന്നതുകൊണ്ടു് തകരാറു സംഭവിക്കുന്നുണ്ടു്. കലയുടെ സൗന്ദര്യാത്മകവാദക്കാർ കല കലക്കുവേണ്ടി എന്ന നിഗമനത്തിലും, പ്രയോജനവാദക്കാർ ഒരു വീടു പാർക്കാനുള്ള ഒരു യന്ത്രമാണ് എന്ന നിഗമനത്തിലും എത്തിച്ചേരുന്നു. രണ്ടും തെററാണുതാനും. ഒരു സമ്പൂർണ്ണമായ കലാസൃഷ്ടി കലയുടെ മൂന്നു സ്വഭാവങ്ങളേയും ഉൾക്കൊള്ളുന്നതായിരിക്കും. അതിനു ഭംഗിയുണ്ടായിരിക്കും. അതിനൊരു സന്ദേശമുണ്ടായിരിക്കും. ഈ വിധത്തിൽ പൂർണ്ണത നേടിയിട്ടുള്ള ഒരു കലാസൃഷ്ടിക്കു്, നമുക്കു ചില പ്രത്യേക നിർവചനങ്ങൾ കൊടുക്കാൻ തക്കവണ്ണമുള്ള പൊതുസ്വഭാവങ്ങൾ കാണുമോ? ഇല്ലെന്നാണ് എൻെറ ഉത്തരം.

പക്ഷെ കലയുടെ സ്വഭാവത്തെക്കുറിച്ചു്, പൊതുവേ ചില കാര്യങ്ങൾ പറയാൻ സാധിക്കും. കല ഒരു ഭാഷയാണെന്നും, ആശയവിനിമയത്തിനുള്ള ഒരുപാധിയാണെന്നും നമുക്കു പറയാം. വേഡ്സ്വർത്തും ടോൾസ്റേറായിയും ഏതാണ്ടിതേ അർത്ഥത്തിൽ, വാക്കുക

ളിൽ തന്നെ, കലയെ നിർവചിക്കുകയുണ്ടായി. "മുമ്പൊരിക്കൽ അനുഭവിച്ചിട്ടുള്ള ഒരു വികാരത്തെ തന്നിൽ തന്നെ വീണ്ടും ഉൽപാദിപ്പിക്കുക, അങ്ങനെ ഉല്പാദിപ്പിച്ച വികാരത്തെ, വിക്ഷേപങ്ങളോ, വരകളോ, നിറങ്ങളോ, ശബ്ദങ്ങളോ, വാക്കുകളോ കൊണ്ടു് അന്യനിലേക്കു പകരുകയും, ആ വികാരത്തെ അന്യർ അതേരൂപത്തിൽ അനുഭവിക്കുവാൻ ഇടയാക്കുകയും ചെയ്യുക...ഇതാണു കലയുടെ പ്രവർത്തനം—" (ടോൾസ്റ്റോയി) ഈ നിർവചനത്തിനുള്ള തരക്കേടിതാണ്. 'വികാരം' എന്ന നിർവചനത്തിന് കീഴ്‌വഴങ്ങാത്ത ഒരു വാക്കാണ് അതിൻെറ കേന്ദ്രം. കാര്യത്തോടടുക്കുമ്പോൾ കലാകാരൻെറ വികാരങ്ങളെ 'സെൻസർ' ചെയ്യുന്നമെന്ന അഭിപ്രായക്കാരനാണ് ടോൾസ്റ്റോയി. അദ്ദേഹം തൻെറ രാഷ്ട്രീയ-സാമൂഹ്യാഭിപ്രായം സംബന്ധിച്ചുള്ള മുൻവിധികളെ കെട്ടിപ്പുണരുകയുമായി. കലയുടെ ഒററ സാർവത്രിക സ്വഭാവവിശേഷം സൌന്ദര്യമാണെന്നു പറയാം എന്നെനിക്കു തോന്നുന്നു. എന്നാൽ, ഈ സ്വഭാവം രൂപസംബന്ധിയാണെന്നും, കലയുടെ ആദർശമോ സന്മാർഗ്ഗ നിയമങ്ങളോ ആയി അതിനൊരു ബന്ധവുമില്ലെന്നും നാം പ്രത്യേകം ഓർത്തിരിക്കേണ്ടതാണ്. ഏതു സാമൂഹ്യസമ്പ്രദായത്തിൻെറയോ മതലക്ഷ്യങ്ങളുടേയോ താല്പര്യങ്ങൾക്കുവേണ്ടി സൃഷ്ടിക്കപ്പെടുന്ന കലയായാലും അതിനു കാലത്തെയും പ്രസ്തുത ലക്ഷ്യങ്ങളെയും അതിജീവിക്കാനുള്ള കഴിവുണ്ടാകുന്നതു് ഈ ഗുണം അതെത്ര മാത്രം ഉൾക്കൊള്ളുന്നു എന്നതിനെ ആശ്രയിച്ചിരിക്കു

ന്നു. ഈ ഒരു പ്രത്യേക പ്രശ്നത്തെപ്പററി അന്ത്യതീരുമാനം കൽപിക്കാൻ കഴിവുള്ള ഒരാളാണ് പ്രസിദ്ധ ചരിത്രകാരനായ ജാക്കോബ് ബർക്ക് ഹാർട്ട്. അദ്ദേഹം എഴുതി: "ലോകത്തിൽനിന്ന്, കാലത്തിൽനിന്ന്, പ്രകൃതിയിൽ നിന്ന് എല്ലാക്കാലവും വിലയുള്ളതും സാർവത്രികമായി ഗ്രഹിക്കപ്പെടുന്നതും, ഭൂമിയിൽ ശാശ്വതികത്വമുള്ളതും ആയ പ്രതിരൂപങ്ങൾ കലയും കവിതയും സ്വീകരിക്കുന്നു. ഈ പ്രതിരൂപങ്ങൾ വ്യക്തിയുടെ പരിമിതികൾക്കതീതമായ ഒരാദർശസൃഷ്ടിയും, ഭൂമിയിൽ എന്നെന്നും നിലനിൽക്കുന്നതും എല്ലാരാജ്യക്കാർക്കും മനസ്സിലാകുന്നതും ആയ ഒരു ഭാഷയും ആകുന്നു. കലയുടെ സന്ദേശത്തേയോ പ്രയോജനത്തേയോ അവഗണിക്കണമെന്ന് ഇതിനർത്ഥമില്ല. യാഥാർത്ഥ്യത്തിൽ, പ്രസ്തുത പ്രചോദനങ്ങൾ കൂടാതെ ഒരു കലാസൃഷ്ടിയും രൂപം കൊള്ളുന്നില്ല." ബർക്ക് ഹാർട്ട് തുടർന്നു പറഞ്ഞതുപോലെ, "വെറും സ്ഥിതിവിവരങ്ങളോട്—ഏററവും കൂടുതലായി ചിന്തകളോട്--ബന്ധപ്പെട്ടുമാത്രം നിൽക്കുന്ന കല ഒരിക്കലും വിജയിക്കുകയില്ല." രാഷ്ട്രീയമായി ഇടതുപക്ഷത്തു നിൽക്കുന്ന താത്വികന്മാർ കലയെ ഈ കാര്യങ്ങളോടു തന്നെ ചേർത്തുകെട്ടുവാൻ കിണഞ്ഞു ശ്രമിക്കുന്നതു കഷ്ടം തന്നെ!

---

# പരാജയപ്പെട്ട ദൈവം

ജീവിക്കുന്ന മനുഷ്യന് എന്തായിരുന്നാലും ഒരു വിശ്വാസപ്രമാണം ആവശ്യമാണ്. ഇരുപതാം നൂററാണ്ടിലെ മനുഷ്യന്റെ വിശ്വാസപ്രമാണം എന്താണെന്നു ചോദിച്ചാൽ, 'സോഷ്യലിസം' എന്നായിരിക്കും എന്റെ ഉത്തരം.

ഉൽബുദ്ധമായ ഒരു ന്യൂനപക്ഷത്തിന്റെ നേതാക്കളെന്ന നിലയിൽ ലെനിനും ട്രോട്സ്കിയുംകൂടി റഷ്യയിലെ തൊഴിലാളിവർഗ്ഗത്തെ സോഷ്യലിസത്തിന്റെ രാജപാതയിൽക്കൂടി നയിക്കാനാരംഭിച്ചപ്പോഴം മാത്രമാണ് ആധുനികമനുഷ്യൻ തന്റെ വിശ്വാസപ്രമാണമായി സോഷ്യലിസത്തെ അംഗീകരിച്ചത്.

1917 ഒക്ടോബർ വിപ്ലവം വരെ സോഷ്യലിസം കേവലമൊരു 'സ്വപ്നം' മാത്രമായിരുന്നു. അന്നുമുതൽ തൊഴിലാളിയും, കർഷകനും, ബുദ്ധിജീവിയും ജീവൻ ത്യജിച്ചും സംരക്ഷിക്കേണ്ട ഒരു വിശ്വാസപ്രമാണമായി സോഷ്യലിസത്തെ പരിഗണിക്കാൻ തുടങ്ങി.

റഷ്യയിലെ കമ്മ്യൂണിസ്റ്റ് പാർട്ടി ഒരു വ്യക്തിയുടെ ഏകശാസനയ്ക്കടിപ്പെടുന്നതായും, ലോകതൊഴിലാളിവർഗ്ഗത്തിൻെറ സ്വാതന്ത്ര്യത്തിനു പകരം പുതിയൊരു അടിമത്വം ലഭിക്കാൻപോകുന്നതായും ചരിത്രസംഭവങ്ങൾ വിളിച്ചുപറഞ്ഞു. അങ്ങനെ റഷ്യയിലും റഷ്യൻ കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ "ചരിത്രപരമായ കടമ"യിലും വിശ്വസിച്ചിരുന്നവരിൽ അനേകംപേർ യാഥാർത്ഥ്യം മനസ്സിലാക്കി. അവരെ ലോകം 'എക്സ് കമ്മ്യൂണിസ്ററുകൾ' എന്നു വിളിച്ചുവരുന്നു. മിക്കവാറും അങ്ങനെയുള്ള ആറു വിഖ്യാതവ്യക്തികൾ തങ്ങളുടെ അനുഭവങ്ങൾ വർണ്ണിച്ചിരിക്കുന്ന ഒരു ഗ്രന്ഥമാണ് "പരാജയപ്പെട്ട ദൈവം" (The God that Failed).

ആർതർ കോസ്ലർ ബുഡാപ്പെസ്ററിലാണു ജനിച്ചത്. 1931 മുതൽ 1938 വരെ അദ്ദേഹം ഒരു കമ്മ്യൂണിസ്ററുപാർട്ടി അംഗമായിരുന്നു. സ്പെയിനിലെ ആഭ്യന്തരയുദ്ധത്തിൽ ജനാധിപത്യശക്തികളുടെ മുന്നണികളിൽ നിന്നു സമരംചെയ്ത കോസ്ലർക്ക് ഫ്രാങ്കോയുടെ ജയിലുകളിൽ കുറെക്കാലം ജിവിക്കേണ്ടിവന്നു. Yogi and the Commissar, Arrival and Departurc, Darkness at Noon തുടങ്ങി അനേകം സുപ്രസിദ്ധ ഗ്രന്ഥങ്ങൾ കോസ്ലർ രചിച്ചിട്ടുണ്ട്.

ഇററാലിയൻ കമ്മ്യൂണിസ്ററു പാർട്ടിയുടെ സ്ഥാപകരിലൊരാളായ ഇഗ്നാഷ്യോ സൈലോൺ 1900 മേയ് ഒന്നാം തിയതി പെസ്സിനാ ഡിമാർസിയിൽ ജനിച്ചു. 1921 മുതൽ 1930 വരെ അദ്ദേഹം കമ്മ്യൂണി

സ്ററു പാർട്ടിയുടെ ഒരു സജീവപ്രവത്തകനായിരുന്നു. പാർട്ടിയുമായുള്ള ബന്ധം ഉപേക്ഷിച്ചതിനുശേഷം പത്തുവർഷം കഴിഞ്ഞു് ഇററാലിയൻ സോഷ്യലിസ്ററു പാർട്ടിയുടെ വിദേശകാര്യഡയറക്ടറായി അദ്ദേഹം പ്രവത്തനം തുടർന്നു. സൈലോൺ ഒന്നാന്തരം ചെറുകഥാകൃത്തും എഴുത്തുകാരനുമാണ്.

ആധുനിക അമേരിക്കൻസാഹിത്യത്തിൽ ശാശ്വതപ്രതിഷ്ഠ നേടിയിട്ടുള്ള ഒരു നിഗ്രോ എഴുത്തുകാരനാണ് റിച്ചാർഡ് റൈററ്. അദ്ദേഹത്തിൻെറ Black Boy എന്ന ആത്മകഥാപരമായ നോവൽ ഒരത്ഭുതകലാസൃഷ്ടിതന്നെയാണ്.

ആൻഡ്രേ ഴീദിനെക്കുറിച്ചു മലയാളികളോടു വിവരിച്ചുപറയേണ്ട ആവശ്യമുണ്ടെന്നു തോന്നുന്നില്ല നോബൽ സമ്മാനം നേടിയ ഈ വിശ്വസാഹിത്യകാരൻെറ ഒരു നോവൽ മി. ഓ. പി. ജോസഫ് മലയാളത്തിലേക്കു വിവത്തനം ചെയ്തിട്ടുണ്ടു് (ഇടുങ്ങിയ വാതിൽ—കാട്ടുക്കാരൻ). സോവിയററ് എഴുത്തുകാരുടെ ക്ഷണം സ്വീകരിച്ച് ഴീദ് 1936-ൽ റഷ്യ സന്ദർശിക്കുകയുണ്ടായി.

ലൂയി ഫിഷർ കമ്മ്യൂണിസ്ററുപാർട്ടിയംഗമായിട്ടിരുന്നിട്ടില്ലെങ്കിലും അദ്ദേഹം റഷ്യയുടെയും കമ്മ്യൂണിസത്തിൻെറയും പാർട്ടിയുടെയും ഒരു വലിയ ആരാധകനായിരുന്നു വളരെക്കാലം ഫിഷറുടെ രണ്ടു പ്രധാനഗ്രന്ഥങ്ങളാണ് "ഗാന്ധിയും സ്റ്റാലിനും", "മഹത്തായ വെല്ലുവിളി"യും.

സ്റ്റീഫൻ സ്പെൻടർ ഇന്നത്തെ ഇംഗ്ലീഷ് കവികളുടെ മുന്നണിയിലുള്ള ഒരു മഹാനാണ്.

ഈ ആറു വ്യക്തികളും കമ്മ്യൂണിസ്ററു റഷ്യയിൽ വിശ്വാസമർപ്പിച്ചിരുന്നവരായിരുന്നു. കമ്മ്യൂണിസ്ററു സമുദായം ലോകമെങ്ങും സംസ്ഥാപിതമാകണമെന്ന് ആത്മാർത്ഥമായി ആഗ്രഹിച്ചിരുന്നവരും അതിനുവേണ്ടി മുന്നിട്ടിറങ്ങി പ്രവർത്തിച്ചിരുന്നവരുമായിരുന്നു.

എന്താണിവരുടെ സ്വപ്നങ്ങൾ തകർന്നു തരിപ്പണമാകുവാൻ കാരണം? എന്താണിവരുടെ ജീവിതം പാഴ്ക്കിനാവുകളെത്തേടലായി അവരൊടുവിൽ മനസ്സിലാക്കാൻ ഹേതു ?

അതറിയാൻ ഈ വിലയേറിയ ഗ്രന്ഥം വായിക്കുക തന്നെ വേണം!

റിച്ചാർഡ് റൈററിൻെറ കഥയാണ് എന്നെ ഏററവുമധികം സ്പർശിച്ചത്. ഒരു നിഗ്രോയുവാവിനു കമ്മ്യൂണിസ്ററാവുക എത്രയും എളുപ്പമാണ്. എന്നാൽ ഏററവും വലിയ പുരോഗമനവാദികളെന്നു പറയപ്പെട്ടുന്ന കമ്മ്യൂണിസ്ററുകാരുടെ ഇടയിലും കറുത്തവരെന്നും വെളുത്തവരെന്നും ഉള്ള വ്യത്യാസമുണ്ടെന്നുവന്നാൽ—! റൈററ് തൻെറ ശോകാത്മകമായ കഥയിൽ പറയുകയാണ്: "ന്യൂയോർക്കിൻെറ തെരുവുകളൊന്നിൽ...കൈവശം ഒട്ടുംതന്നെ പണമില്ലാതെ...ഒരു കറുത്ത തൊലിയുമായി ഞാനങ്ങനെ നിന്നു. ഇടതുപക്ഷസാഹിത്യകാരന്മാരുടെ സംഘടനയെപ്പററിയല്ല, പ്രത്യുത, എങ്ങനെ

ഒന്നു കുളിക്കും, രാത്രി എവിടെ തലചായ്ക്കും ഈ പ്രശ്ന ങ്ങളെപ്പററിയാണു ഞാനപ്പോഠം തലപുകഞ്ഞു ചിന്തി ച്ചതു്.''

ആന്ദ്രേ ഴീദിൻെറ അനുഭവങ്ങളാകട്ടെ, റഷ്യയിലെ ആഭ്യന്തരസ്ഥിതിഗതികളുടെമേൽ വെളിച്ചം ചൊരിയു ന്നുണ്ടു്. പട്ടിണിയാണു തൊഴിലാളികളും കൃഷിക്കാരും. പക്ഷെ രാജകീയമായ സ്വീകരണമാണു് ഒരു വിദേശിയ സന്ദർശകനു ലഭിക്കുന്നതു്. സ്റ്റാലിനെ ദൈവത്തെപ്പോ ലെ, പഴയ സാർ ചക്രവത്തിമാരെപ്പോലെയാണു റഷ്യ ക്കാർ ആരാധിക്കുന്നതു്!

ലോകജനതയെ തങ്ങഠംക്കനുകൂലമായി ചിന്തിപ്പി ക്കുവാൻ അങ്ങേയററം ശ്രമിച്ചുകൊണ്ടിരിക്കുകയാണി ന്നു്, അമേരിക്കയും റഷ്യയും. അവരുടെ പ്രചാരണകോ ലാഹലങ്ങഠം യാഥാർത്ഥ്യങ്ങളെ മൂടിവയ്ക്കുകയാണു ചെ യ്യുന്നതു്.

ഏതായാലും ഇതു സംശയരഹിതമായ ഒരു വസ്തുത യാണു്: ലോകകമ്മ്യൂണിസ്ററുപ്രസ്ഥാനത്തിൻെറ ചരി ത്രത്തിലെ സുപ്രധാനസംഭവങ്ങളിലൊന്നാണു് "പരാജയ പ്പെട്ട ദൈവം'' എന്ന ഗ്രന്ഥത്തിൻെറ പ്രസിദ്ധീകരണം.

സോഷ്യലിസ്ററുകളും കമ്മ്യൂണിസ്ററുകളും, പ്ര ത്യേകിച്ചു്, അഭിപ്രായരൂപവൽക്കരണം ചെയ്തിട്ടി ല്ലാത്ത രാഷ്ട്രമീമാംസാവിദ്യാർത്ഥികളും ഒന്നുപോലെ മനസ്സിരുത്തിപ്പഠിക്കേണ്ട ഒന്നാണി പുസ്തകം.

# റഷ്യൻസാഹിത്യം—സ്റാലിൻെറ മരണശേഷം

സ്റ്റാലിൻ മരിച്ച് ആറാഴ്ചകഴിഞ്ഞു്, വളരെ സാവധാനത്തിലാണ് ഈ വ്യതിയാനം സംഭവിച്ചതു്. ഈ പ്രസ്ഥാനത്തിൻെറ ജീവൻ ലെനിൻഗ്രാഡിലെ ഒരു കവിയിത്രിയായ ഓൾഗാ ബെർഗ്ഗോൾസ് ആയിരുന്നെന്നു പറയാം. അവർ ഇന്ന് ഒരു പ്രസിദ്ധയായ വിമർശകയാണ്. ഒരുകൊല്ലം മുമ്പുവരെ സംപൂജ്യരായിരുന്ന ആശയങ്ങളെ ആക്ഷേപിക്കുകയാണ് ഇന്ന് അവരുടെ ജോലി. 'ലിററററി ഗസററ്' എന്ന പ്രസിദ്ധീകരണത്തിൽ, സോവിയററു കവിതയിൽ മനുഷ്യത്വത്തിനു സ്ഥാനമില്ലാത്തതിനെപ്പററി പരാതിപ്പെട്ടുകൊണ്ടു് അവർ ഒരു ലേഖനമെഴുതി. തുടർന്നു്, ഈ മനുഷ്യത്വം കവിതയിൽനിന്നു ബഹിഷ്കരിച്ചവരുടെനേരെ കഠിനമായ ആക്രമണം അവർ അഴിച്ചുവിട്ടു. 'ഷഡനോവ് ലൈൻ' എന്നു വിളിക്കപ്പെട്ടുവരുന്ന രീതിക്കെതിരായി

ഉയർന്നുവന്ന ഈ പ്രതിഷേധത്തെ പലരും എതിർത്തെങ്കിലും ഭൂരിപക്ഷം എഴുത്തുകാരും അതിനെ സ്വാഗതം ചെയ്യുകയാണുണ്ടായത്. സംഗീതാത്മകത്വം കവിതയിൽനിന്നും ബഹിഷ്കരിക്കപ്പെട്ടിരുന്നു. മാനുഷികവികാരങ്ങൾക്കൊന്നിനും കവിതയിൽ സ്ഥാനമില്ലായിരുന്നു. മിസ്സ് ബെർഗ്ഗ്ലോംസ് റഷ്യയിലെ സാഹിത്യപ്രസിദ്ധീകരണങ്ങളിലെല്ലാം ലിറിക്കൽ കവിത അന്വേഷിച്ചു. ഒരുകൊല്ലത്തെ കോപ്പികളിൽ ഒന്നിൽപോലും, പ്രേമത്തെയോ അതുപോലുള്ള വികാരങ്ങളെയോ പററിയുള്ള കവിതകൾ കാണാൻ കഴിഞ്ഞില്ലെന്ന് അവർ തൻെറ ലേഖനത്തിൽ പറയുന്നു. "മനുഷ്യജീവികൾ ഈ കൃതികളിൽ ഇല്ലെന്നു ഞാൻ പറയുന്നില്ല. നേരേമറിച്ച് എല്ലാ നിലകളിലും തുറകളിലും ഉള്ള മനുഷ്യർ ഈ കവിതകളിൽ ഉണ്ട്...പുറമെനിന്നു മാത്രമാണ് ഈ വ്യക്തികളെ നാം വീക്ഷിക്കുക. അവരുടെ മാനസികവികാരങ്ങൾ നാം കാണുന്നില്ല. ഏററവും പ്രധാനമായി ലോകത്തോട്ട് ഒരു പ്രത്യേക മനോഭാവമുള്ള ഒരു ലിറിക്ക് നായകനെ കവിതയിലെങ്ങും കാണാനില്ല." നിരാശതാബോധമോ നിസ്സഹായതയോ പ്രകടിപ്പിക്കുന്ന കവിതകളെഴുതുമ്പോൾ അതിനെ അവഹേളിക്കുക തൊഴിലായി സ്വീകരിച്ചിരിക്കുന്ന വിമർശകരെ അവർ കഠിനമായി ആക്ഷേപിച്ചു. ആത്മാവിൻെറ ഉള്ളറയിലേക്കുള്ള വീക്ഷണങ്ങൾ കവിതയിൽ ആകസ്മികമായെങ്ങാൻ വന്നാൽത്തന്നെ, അത് ഉടനടി മാററുകയാണു പതിവ്.

ഈ എതിർപ്പിനെ അനുകൂലിക്കുവാൻ വളരെപ്പേർ തയ്യാറായി. ഒരു കർഷകകവിയായിരുന്ന ടവാർഡോസ്കിയുടെ ശബ്ദത്തിനു പ്രത്യേക മൂർച്ചയുണ്ടായിരുന്നു. അദ്ദേഹത്തിൻെറ ആരോപണങ്ങൾക്കു ചുട്ട മറുപടിയാണ് അധികൃതനിരൂപകന്മാരിൽനിന്നും ലഭിച്ചതു്. അങ്ങുമിങ്ങുംനിന്ന് ഉയൎന്നുകൊണ്ടിരുന്ന പ്രതിഷേധസ്വരങ്ങൾ ഉടനടി എല്ലാ മൂലയിൽനിന്നും ഒന്നിച്ചുയൎന്നു. ചെറുപ്പക്കാരായ വിമർശകരുടെ സംഘടനയുടെ ഒരു സമ്മേളനത്തിൽവച്ച്, എഴുത്തുകാരൻെറ സ്വാതന്ത്ര്യത്തെക്കുറിച്ചും, എഴുത്തുകാരൻെറ മഹത്തായ വ്യക്തിത്വത്തെക്കുറിച്ചും കർത്തവ്യങ്ങളെക്കുറിച്ചും കോൺസ്ററാൻറിൻ പാസ്‌റേറാവ്സ്കി ഊന്നിപ്പറഞ്ഞു. ആധുനിക കവിതകൾ—അവ വളരെ മോശമായതുകൊണ്ടു് ആരും വായിക്കുന്നതുതന്നെ ഇല്ലെന്ന് ഒരു കവിയിത്രിയായ വീരാ ഇൻബർ വ്യക്തമാക്കി. നിർമ്മാണപദ്ധതികളിലും യന്ത്രങ്ങളിലുമുള്ള അതിശ്രദ്ധ അവയ്ക്കുപിന്നിലുള്ള മനുഷ്യരെ വിസ്മരിച്ചുകൊണ്ടാകരുതു്. ആധുനികനിരൂപകന്മാരെ അവർ കഠിനമായി ആക്ഷേപിക്കുകയും ചെയ്തു. അവർ ഒരു കഥകൊണ്ടു് ഇതു വിശദമാക്കി. ഒരു വലിയ വിമർശകൻ താരാട്ടുകളുടെ ടെക്നിക്കിനെ പരാമർശിച്ചുകൊണ്ടു് ഒരിക്കൽ പറഞ്ഞത്രെ: "ബൂർഷ്വാ സമുദായത്തിൽ താരാട്ട് കുട്ടികളെ ഉറക്കാൻവേണ്ടിയാണു്; എന്നാൽ നമ്മുടെ സമുദായത്തിൽ താരാട്ടിൻെറ ഉദ്ദേശം കുട്ടികളെ ഉണൎത്തുക എന്നതാണു്."

താമസിയാതെ ഇലിയാ എഹ്രൻബർഗ്ഗിൻെറ ലേഖനം "The Banner" എന്ന മാസികയിൽ പ്രത്യക്ഷപ്പെട്ടപ്പോഠം ഈ പ്രസ്ഥാനത്തിൻെറ ശരിയായ ശക്തിയുടെ അളവു വെളിവായി. ഒരു വായനക്കാരൻെറ ചോദ്യങ്ങഠംക്ക മറുപടിയെന്നോണം എഴുതപ്പെട്ടിരുന്ന ഈ ലേഖനത്തിൽ, ഒരു സാഹിത്യകാരൻെറ വിശ്വാസപ്രമാണത്തിൻെറ പ്രഖ്യാപനമായിരുന്നു അടങ്ങിയിരുന്നതു്. രണ്ടാം യുദ്ധത്തിനുശേഷം ആദ്യമായി റഷ്യയിലെ ഒരു സാഹിത്യകാരൻ, സാഹിത്യത്തിൻെറ കത്തവ്യത്തെക്കുറിച്ചും മററും പാശ്ചാത്യസാഹിത്യകാരന്മാർക്കു മനസ്സിലാകുന്ന ഭാഷയിൽ ഒരു ലേഖനമെഴുതി.

എഴുത്തുകാരൻെറ വ്യക്തിത്വത്തിനും തന്നോടുതന്നെയുള്ള വിശ്വസ്തതയ്ക്കുംവേണ്ടി താൻ നിലകൊള്ളുന്നു എന്നു് എഹ്റൻബർഗ് പ്രഖ്യാപിച്ചു. പാശ്ചാത്യസംസ്കാരം നാശോന്മുഖമായി ചലിച്ചുകൊണ്ടിരിക്കുകയാണെങ്കിലും, മഹായുദ്ധങ്ങളുടെയിടയ്ക്കു റഷ്യൻ സാഹിത്യകാരന്മാരുടെ സൃഷ്ടികളെക്കാഠം മേന്മയുള്ള കൃതികഠം പാശ്ചാത്യസാഹിത്യകാരന്മാർ രചിക്കുകയുണ്ടായി എന്നു് അദ്ദേഹം സമ്മതിച്ചു. റഷ്യൻസാഹിത്യം ഇനിയും ഏറെ വളരേണ്ടിയിരിക്കുന്നു. എന്നാൽ ഒരു പുതിയ പുഷ്കിനും ഒരു പുതിയ ടോഠംസേ്ററായിയും റഷ്യയുടെ മണ്ണിൽ ജനിക്കുന്നകാലം അതിവിദൂരമല്ല. സാഹിത്യത്തിൻെറ പ്രായോഗികവശത്തെ ഇലിയാ എഹ്രൻബർഗ് ഊന്നിപ്പറഞ്ഞു. അതിൻെറ വെളിച്ചത്തിൽ, എഴുത്തുകാരൻ പാലങ്ങളിലും അണക്കെട്ടുകളിലും തുണി

മില്ലുകളിലും കൂടുതൽ താല്പര്യം പ്രകടിപ്പിക്കുന്നതു ശരിയല്ലെന്ന് അദ്ദേഹം ചൂണ്ടിക്കാണിച്ചു. ഒരെഴുത്തുകാരൻ തൻെറ കൃതിയിൽ വോൾഗാ-ഡോൺ തോടിനെക്കുറിച്ച് ഒന്നും പറഞ്ഞില്ലെന്നുവച്ച് അതിന് അപകർഷം കല്പിക്കുന്നത് ഒരു വിമർശകനു ചേർന്നതല്ല. അവർക്കു വിമർശിക്കണമെങ്കിൽ, ആത്മാവിൻെറ നിർബന്ധമില്ലാതെ വെറുതേ ആജ്ഞാനുവർത്തികളായി സാഹിത്യസൃഷ്ടിചെയ്യുന്നവരെ അവർ വിമർശിക്കട്ടെ. എഴുത്തുകാരെ ഒരു പ്രത്യേക കൃത്യത്തിനു നിയോഗിക്കുന്ന ഏർപ്പാടിനെ അദ്ദേഹം വീണ്ടും വീണ്ടും എതിർത്തു. അങ്ങനെ ഷഡനോവിൻെറ കാലത്തെ, ഷഡനോവിനു മുമ്പുള്ള കാലത്തോട് അദ്ദേഹം താരതമ്യപ്പെടുത്തി "വിപ്ലവത്തിനുമുമ്പ് ഒരെഴുത്തുകാരൻെറ ജീവിതം ആനന്ദകരമായിരുന്നില്ല. ചെക്കോവിൻെറ കത്തുകളിൽ പത്രാധിപന്മാർ തന്നോടു കഥ അയക്കുവാൻ നിർദ്ദേശിക്കുന്ന രീതിയെപ്പററി പരാതിപ്പെട്ടിട്ടുണ്ട്. പക്ഷെ ഒരു പത്രാധിപരും ചെക്കോവിനോടു കഥയുടെ വിഷയത്തെക്കുറിച്ചു സൂചിപ്പിക്കാൻ ധൈര്യപ്പെട്ടിട്ടില്ല. അന്നാ കരനീന എഴുതാൻ ടോൾസ്‌റേറായിയോട് ആരെങ്കിലും ആജ്ഞാപിക്കുന്നതായി സങ്കല്പിക്കാൻ നമുക്കു കഴിയുമോ? അതുപോലെ ഗോർക്കിയോട് 'അമ്മ' എഴുതാൻ ആജ്ഞാപിക്കുന്ന കാര്യവും."

പിന്നെ എഹ്റൻബർഗ് 'പ്രചോദന'ത്തെക്കുറിച്ചു പറഞ്ഞു.

"എഴുത്തുകാരൻ ഒരു യന്ത്രമല്ല. തനിക്ക് എഴ

താൻ അറിയാവുന്നതുകൊണ്ടോ, താൻ സോവിയററ യൂണിയനിലെ എഴുത്തുകാരുടെ സംഘടനയിലെ അംഗമായതുകൊണ്ടോ അല്ല ഒരാൾ സാഹിത്യസൃഷ്ടി ചെയ്യുന്നതു്. ജീവിക്കാനുള്ള വക നേടാനുമല്ല ഒരാൾ എഴുതുന്നതു്. തന്നെപ്പററി—അഥവാ തൻെറ ചിന്തകളേയും വികാരങ്ങളേയും പററി ജനങ്ങളോടു പറയാനുള്ള ഭയങ്കരമായ അഭിനിവേശത്തിൻെറ ഫലമായിട്ടാണു് ഒരു സാഹിത്യകാരൻ എഴുതുന്നതു്."

ഈ ലേഖനം എഹ്റൻബർഗിൻെറ ചിന്താഗതികളുമായി താദാത്മ്യമുണ്ടായിരുന്നവരെ ഞെട്ടിക്കുകതന്നെ ചെയ്തു. ഏഴുകൊല്ലം എഴുത്തുകാരെ ക്രെംലിൻ അടിമകളെപ്പോലെ പരിഗണിച്ചു്, അവരിൽനിന്നും എല്ലാവിധ സഹകരണവും പിഴിഞ്ഞെടുത്തുകൊണ്ടിരുന്നു. സാഹിത്യകാരന്മാർക്കു് ഗവണ്മെൻറിൻെറ നിർദ്ദേശങ്ങളെ അനുസരിക്കുകയല്ലാതെ നിവൃത്തിയില്ലായിരുന്നു. അനുസരിക്കാൻ മടിച്ചവർ മൗനമവലംബിച്ചു (ലിയോണോവ്, ഷോളോക്കോവ്, പാസ്ററർ നാക്കു് തുടങ്ങിയവർ). എഹ്റൻബർഗ് അനുസരിക്കാൻതന്നെ നിശ്ചയിച്ചു. റഷ്യയിലെ ഏററവും സമർത്ഥനും ബുദ്ധിമാനുമായ പത്രപ്രവർത്തകനായിരുന്നു അദ്ദേഹം. കൂടാതെ ഒരു നോവലിസ്ററും കലാകാരനും. റഷ്യൻ കമ്മ്യൂണിസ്ററു പാർട്ടിയുടെ അഭിമതത്തിനൊത്തു് എഴുതുകയും, എഴുതാത്തവരെ വിമർശിക്കുകയുംചെയ്തിരുന്ന എഹ്റൻബർഗിൽനിന്നും ഇങ്ങനെയൊരു പ്രഖ്യാപനം ഉണ്ടായപ്പോൾ സകലരും ഞെട്ടിപ്പോയതിൽ അത്ഭുതമില്ല.

"വളരെയധികം സംശയങ്ങളോടെയാണ് ഈ അഭിപ്രായഗതികഠം ഞാൻ അവതരിപ്പിക്കുന്നത്. ഇതിൽ വാദപ്രതിവാദത്തിനു ധാരാളം പഴുതുണ്ട്. ഞാൻ സ്വയം ചോദിച്ചു: "ഒരെഴുത്തുകാരന്റെ കത്തവ്യങ്ങളെക്കുറിച്ചു ചോദിക്കാൻ സമയമായോ? സമയമായെന്ന് എനിക്കു തോന്നുന്നു." പക്ഷെ, എഹ്റൻബർഗ്ഗിന്റെ ശബ്ദം, പാർട്ടി സെൻട്രൽ കമ്മിററിയുടെ ശബ്ദമാണെന്ന് എല്ലാവർക്കും വ്യക്തമായിരുന്നു.

എല്ലാക്കാലത്തും, റഷ്യയിൽ സാഹിത്യകാരൻ ജനങ്ങളെ സേവിക്കണം എന്ന ആശയത്തിനായിരുന്നു പ്രാബല്യം. കമ്മ്യൂണിസ്ററു നിയന്ത്രണമില്ലെങ്കിൽതന്നെയും ഈ ആശയഗതിക്കായിരിക്കും പ്രാമാണ്യം എന്നു പറയുന്നതിൽ തെററുണ്ടായിരിക്കയില്ല. എന്നാൽ ജനസാമാന്യത്തിന്റെ താല്പര്യങ്ങളുമായി താദാത്മ്യം പ്രാപിക്കുകയും, റഷ്യൻ രാഷ്ട്രീയപ്രവത്തകരുടെയും ബ്യൂറോക്രാററുകളുടെയും നിർദ്ദേശം അക്ഷരംപ്രതി അനുഷ്ഠിച്ച് കലാസൃഷ്ടി നടത്തുകയും, രണ്ടും രണ്ടാണ്.

സാഹിത്യം സ്റ്റേററിന്റെ പുരോഗതിക്കാവശ്യമായതെല്ലാം ചെയ്യാനുള്ള ഒരുപാധിയാണെന്നാണു ചുരുക്കിപ്പറഞ്ഞാൽ ഷഡനോവ് ലൈൻ. സ്റ്റേററിനുവേണ്ടി ലഘുലേഖകഠം എഴുതുക മാത്രമല്ല സോവിയററു സാഹിത്യകാരന്റെ കടമ. തിന്മയെന്തെന്ന് അറിഞ്ഞുകൂടാത്ത പ്രകാശമാനരായ ഒരുതരം ജീവികളുമായി, സ്വന്തം വ്യക്തിത്വവും മനുഷ്യത്വവും വിസ്മരിച്ചുകൊണ്ട്, താദാത്മ്യം പ്രാപിക്കുകയാണ് അവരുടെ കൃത്യം. ആത്മാ

വിനുള്ളിലെ സംഘട്ടനങ്ങളും സംശയങ്ങളും ഈ മനുഷ്യ ജീവികളുമായി ബന്ധം പാടില്ലതന്നെ.

ഈ പാവകൾ മനുഷ്യജീവികളാണെന്നുള്ള സങ്കല്പത്തിൽ വേണം സാഹിത്യസൃഷ്ടി നടത്തുക. മിക്കവരും ശ്രമിച്ചുനോക്കി. പരാജയപ്പെട്ടവർ മൗനമവലംബിച്ചു. ചിലർ രാഷ്ട്രീയപ്രവർത്തകരായി മാറി.

തിന്മയുടെമേൽ, അതായത്, ബൂർഷ്വാ ആദർശത്തിന്റെമേൽ നന്മ—അതായത് കമ്മ്യൂണിസം, പുതിയ സോവിയററ് മനുഷ്യൻ വിജയംവരിക്കുന്നതായി ചിത്രീകരിക്കുന്ന നിരവധി ജീവനില്ലാത്ത കൃതികൾ അവരിൽ ചിലർ രചിച്ചുവിട്ടു പാവകളെപ്പോലെയുള്ള മനുഷ്യരെക്കൊണ്ട് എങ്ങനെ സൃഷ്ടിക്കും ജീവനുള്ള ഒരു നാടകമെങ്കിലും? നല്ലവളും ധീരയും വിശ്വസ്തയും കമ്യൂണിസ്ററുമായ അന്ന, മേൽപ്പറഞ്ഞ ഗുണങ്ങൾ എല്ലാം ഉള്ള ഐവാനുമായി എങ്ങനെ കലഹിക്കും? സംഘട്ടനമാണ് നാടകത്തിന്റെ ആത്മാവ്. അപ്പോൾ പശു കറക്കുന്ന രീതിയെക്കുറിച്ചുമാത്രം വേണം—അന്നയും ഐവാനും തമ്മിൽ കലഹിക്കുക. അവർ സ്വന്തമായി ചിന്തിക്കുകയോ വികാരങ്ങൾ അനുഭവിക്കുകയോ ചെയ്തില്ല. പാർട്ടിയുടെ സ്വാധീനം എവിടെയും എന്തിലും ദൃശ്യമായിരുന്നു.

ഷഡനോവിന്റെ പട്ടാളച്ചിട്ടയുടെ കീഴിൽ റഷ്യൻ സാഹിത്യം അങ്ങനെ അധഃപതിച്ചു. ഈ വെളിച്ചത്തിലാണ് പഴമയുടെ നേരെ പുതുമയുടെ എതിർപ്പു പൊ

ന്തിവന്നത്. എഹ്റൻബർഗിൻേറയും മററും പുതിയ ആശയരൂപീകരണത്തിൻെറ അന്തരീക്ഷമിതാണ്. സോവിയററ് എഴുത്തുകാരുടെ ഒക്ടോബർ സമ്മേളനത്തിൽ ഇതാണു വ്യക്തമായതും. മിഖാൽക്കോവ് എന്ന റഷ്യൻ നാടകകൃത്ത്, ഇതപര്യന്തമുള്ള റഷ്യൻ നാടകങ്ങളുടെ ജീവനില്ലായ്മയെ കഠിനമായി ആക്ഷേപിച്ചു. "യാഥാർത്ഥ്യവുമായി ബന്ധമില്ലാത്ത സംഭവങ്ങൾ, റഷ്യൻജനതയുടെ യഥാർത്ഥമായ കലഹങ്ങളോടും, കഷ്ടപ്പാടുകളോടും കണ്ണുനീരിനോടും, ആനന്ദത്തോടും ബന്ധമില്ലാത്ത സംഭവങ്ങൾ ആണ് നാടകങ്ങളിൽ മുഴവൻ" സ്നേഹിക്കാത്ത കഥാനായകന്മാർ, അഥവാ സ്നേഹം ലഭിക്കാതെവരുമ്പോൾ നിമിഷനേരത്തേക്കു മാത്രം ഖേദിക്കുന്ന നായകന്മാർ, അവരെ റഷ്യൻനാടകങ്ങളിൽ ധാരാളമായി കാണാം. ദൈനംദിനജീവിതത്തിൻെറ ബദ്ധപ്പാടുകളോ ബുദ്ധിമുട്ടുകളോ ഒന്നും സോവിയററുനാടകങ്ങളിൽ കാണാനില്ല. സംഭാഷണം മനസ്സിലാക്കണമെങ്കിൽ പോക്കററിൽ ഒരു സാങ്കേതികപദനിഘണ്ടു ഉണ്ടായിരിക്കണം. ഒരു നാടകത്തിലെ സംഭാഷണങ്ങൾ, എണ്ണവ്യവസായത്തെപ്പററിയുള്ള ഒരു പുസ്തകത്തിൽനിന്നും അതേപടി പകർത്തിയിട്ടുള്ള വാചകങ്ങളായിരുന്നു.

ഇത്തരം പ്രസംഗങ്ങൾ അവിടെ നടന്നു. മറെറാരു നാടകകൃത്തായ സിമോനോവും ഈ അഭിപ്രായങ്ങളെ സ്വാഗതംചെയ്തുകൊണ്ടു സംസാരിച്ചു.

ഫഡയേവിൻെറ അദ്ധ്യക്ഷതയിലായിരുന്നു ഈ സമ്മേളനം നടന്നത്. വ്യക്തികളുടെ അഭിപ്രായത്തോ

ടെല്ലാംതന്നെ പാർട്ടി യോജിച്ചില്ലെങ്കിലും, റഷ്യൻ സാഹിത്യത്തിന്റെ അവസ്ഥ പരിഗണനെ അർഹിക്കുന്നതാണെന്ന് അദ്ദേഹം സമ്മതിച്ചു. ഷഡനോവിന്റെ ആശയങ്ങളാണ് റഷ്യൻ എഴുത്തുകാരെ വഴിതെററിച്ചതെന്നു പറയാൻ താൻ തയ്യാറില്ല. എന്നാലും അതിസമർത്ഥന്മാരായ ചില എഴുത്തുകാർ ഇന്ന് അപ്രസിദ്ധരായിക്കഴിയുന്നതും, അവർക്കു പ്രോത്സാഹനം ലഭിക്കാതിരിക്കുന്ന കാര്യവും തനിക്കറിയാം. മരിച്ചുപോയ ചില നാടകകൃത്തുക്കളുടെ കൃതികൾക്കു പുനഃരംഗപ്രവേശം നൽകേണ്ടതുണ്ടെന്നും ഫഡായേവ് വാദിച്ചു.

പ്രസാധകരുടെനേരെ ഇന്നൊരു കരിശ്ശുയുദ്ധം ആരംഭിച്ചിട്ടുണ്ട്. നല്ല കൃതികൾ പ്രസിദ്ധീകൃതമാവാത്തതും വേണ്ടാത്തവ പ്രസ്തുത രംഗത്താവിർഭവിക്കുന്നതും പ്രസാധകരുടെ കുററംമൂലമാണ്. 'ഭീരുത്വ'മാണ് ഈ പരാജയത്തിനു കാരണമത്രെ.

ഏതായാലും റഷ്യൻ സാഹിത്യത്തിൽ പുരോഗതിയുടെ മാർഗം തുറക്കാനുള്ള പരിശ്രമങ്ങൾ തുടർന്നുവരികയാണിപ്പോൾ.

('ലിസ്ണറി'ൽനിന്നും സംഗ്രഹിച്ചത്.)

# "ന്റുപ്പാപ്പാക്കൊരാനേണ്ടാർന്നു്!"

മലയാളനോവലുകളുടെ പൂക്കാലം വീണ്ടും വന്നെ ത്തിയെന്നു തോന്നുന്നു. ജനങ്ങളുടെ ഇടയിലേയ്ക്കു് ഇറ ങ്ങിച്ചെന്നു കാര്യങ്ങൾ പറയുന്നതു നോവലിൽക്കൂടിയാ ണു നല്ലതെന്നു് തകഴിയും ദേവും ബഷീറും മനസ്സിലാ ക്കിയിട്ടുണ്ടു്. റാഫിയും കുട്ടികൃഷ്ണനും പൊറ്റെക്കാട്ടും നീണ്ട നോവലുകൾ എഴുതിക്കൊണ്ടിരിക്കുകയാണെന്നു കേൾക്കുകയുണ്ടായി.

വായനക്കാർക്കും നോവലിനോടാണു പ്രതിപത്തി. എല്ലാവർക്കും ഇന്നു് ആവശ്യം നോവലുകളാണു്.

സാധാരണ വായനക്കാക്കിഷ്ടപ്പെട്ടേക്കാവുന്ന ഒ ന്നാണു്, ബഷീറിന്റെ ഉച്ചരിക്കാനും എഴുതാനും ബു ദ്ധിമുട്ടുള്ള പേരോടുകൂടിയ ഈ നോവൽ. ഒരു മുസ്ലിം കുടുംബത്തിന്റെ കഥ. പ്രമാണിയായ ഒരു മുസ്ലീ മിന്റെ മകളായിരുന്നു കുഞ്ഞുപാത്തുമ്മ. ഒരു തടവു കാരിയെപ്പോലെ അവൾ ബാപ്പായുടെയും ഉമ്മായുടേ യുംകൂടെ താമസിച്ചു. അവളുടെ യൗവനാരംഭത്തിൽ

ബാപ്പ പാപ്പരായി. ഒരു കുടിലിലേക്ക് അവർ താമസം മാററി. ബാപ്പയും ഉമ്മയും പരസ്പരം കലഹിച്ചിരുന്നു ആ കലഹങ്ങൾ കുഞ്ഞുപാത്തുമ്മയുടെ മനസ്സിൽ അനേകം ചിന്തകൾ പാകി. ഒടുവിൽ ഒരു യുവാവ് അവളെ പ്രേമിക്കാനിടവന്നു. പുസ്തകങ്ങൾ വായിക്കുകയോ സമപ്രായക്കാരുമായി ലൈംഗികകാര്യങ്ങളെപ്പററി സംസാരിക്കുകയോ ചെയ്വാൻ സാധിച്ചിട്ടില്ലാത്ത ആ പാവത്തിന് അയിഷയുടെ ‘ക്കാ’യോട്ട് (നിസാർ അഹമ്മദ്) സ്നേഹംതോന്നിയിരുന്നു എന്നുമാത്രം. പലപല അപ്രതിക്ഷിതസംഭവങ്ങൾക്കുശേഷം കുഞ്ഞുപാത്തുമ്മയുടേയും നിസാർ അഹമ്മദിൻേറയും വിവാഹം നടക്കുന്നു.

കുഞ്ഞുപാത്തുമ്മയും, അവളുടെ ബാപ്പയും, ഉമ്മയും, ശ്രീമതി ആയിഷയും നിസാർ അഹമ്മദും—ഇങ്ങനെ അഞ്ചു പ്രധാന കഥാപാത്രങ്ങൾ. ഓരോ കഥാപാത്രത്തിൻേറയും സ്വഭാവചിത്രീകരണത്തിനു നല്ല മിഴിവു വന്നിട്ടുണ്ട്. അല്പമൊന്നു മങ്ങിയിരിക്കുന്നതു് സാഹിത്യകാരനായ നിസാർ അഹ്മ്മദിൻെറ രൂപമാണ്. ഗ്രന്ഥകാരൻെറ പ്രതിബിംബമായിരിക്കാം “ലുട്ടാപ്പി”യുടെ ഇയ്യക്കാ. ഒരിക്കലും മറക്കാൻ സാധ്യമല്ലാത്ത ഒരു കഥാപാത്രമാണ് ‘ഉമ്മ’— ആനമക്കാരുടെ മകൾ.

ഈ നോവലിൻെറ സന്ദേശമെന്താണ്? വളരെയേറെപ്പറയാനുണ്ടാകും. കേരളത്തിലെ മുസ്ലിം സമുദായത്തെ ലാക്കാക്കി ബഷീർ എറിഞ്ഞിട്ടുള്ള ഒരു “ടൈം ബോംബാ”ണ് “ൻറുപ്പാപ്പാക്കൊരാനേണ്ടാർന്ന്”

സമുദായശരീരം ഭയാനകമാംവണ്ണം ജീർണ്ണിച്ചിരിക്കുന്നു എന്നു ബഷീർ മുന്നറിയിപ്പു നൽകുന്നു. അന്ധമായ ഈശ്വരവിശ്വാസവും പ്രവൃത്തിയിലുള്ള അലസതയും പഴമയിലുള്ള മൂഢാഭിമാനവും മനുഷ്യനെ നാശത്തിന്റെ പാതാളത്തിലേക്കു തള്ളിയിടുന്നതിന്റെ കഥ ഈ നോവലിൽ സരസമായി പ്രതിപാദിച്ചിരിക്കുന്നു. എന്നാൽ സംസ്കാരത്തിന്റെ ഒരു തിനാളം—പ്രേമത്തിന്റെ എണ്ണയുടെ കാര്യം മറക്കരുതു്—ഒരു പുതിയ ലോകത്തിനു മാർഗ്ഗദർശകമാകുന്നതെങ്ങനെയെന്നും കഥാകാരൻ ചൂണ്ടിക്കാണിക്കുന്നു.

ഈ നോവൽ, അതെഴുതപ്പെട്ട കാലഘട്ടത്തെ അതിജീവിക്കുമെന്നു നിസ്സംശയം പറയാവുന്നതാണു്.

# ആധുനിക ബംഗാളികവിത

ഇന്ത്യയിലെ സാമ്രാജ്യയുഗത്തിന്റെ അന്തിമ ദിനങ്ങൾക്കു മുമ്പ് ഇവിടത്തെ സാഹിത്യരംഗത്തിൽ ചില പുതിയ വീഥികൾ ഉൽഘാടനം ചെയ്യപ്പെട്ടുമെന്നു പലരും പ്രത്യാശിച്ചിരുന്നു. എന്നാൽ ഇന്നു് ബംഗാളിലെ കവികൾ നിസ്സബ്ദതയവലംബിച്ചിരിക്കുകയാണു്. അവർ ഒന്നാന്തരത്തിൽപ്പെട്ട, മഹത്തായ കവിതകളൊന്നും രചിക്കുന്നില്ല. മൂന്നോ അതിലധികമോ വർഷങ്ങളായി പ്രത്യേകം മെച്ചപ്പെട്ടവയെന്നു പറയാവുന്ന കവിതകളൊന്നും നമുക്കു കിട്ടിയിട്ടില്ലെന്നതൊരു വെറും പരമാർത്ഥം മാത്രമാണു്. ഏതെങ്കിലും ബംഗാളിമാസികയുടെ പേജുകൾ നാം മറിച്ചു നോക്കുക. ഒരിക്കലെങ്കിലും നല്ല കവിതകൾ നമ്മുടെ ദൃഷ്ടിയിൽ പെടുകയില്ല.

ഏതാണ്ടു് ഇരുപത്തഞ്ചുകൊല്ലം മുമ്പ് സമാരംഭിച്ച പരീക്ഷണങ്ങളുടെ യുഗം കഴിഞ്ഞുപോയിരിക്കുന്നു. ബൂർഷ്വാ ഹ്യൂമനിസമോ മിസ്ററിസിസമോ നാമിന്നു കാണുന്നില്ല. രവീന്ദ്രനാഥ് ടാഗോറിനു ശേഷം അടുത്ത

രചിക്കപ്പെട്ട കവിതകൾ ബംഗാൾ ജനതക്ക് ഒരടച്ചു പ്പെട്ട ഗ്രന്ഥത്തിനു സമാനമായിരുന്നു. ജനങ്ങളുടെ ദൈനന്ദിനാനുഭവങ്ങളുടെ ചുവയുള്ള കവിതകൾ അവർക്കു നൽകാൻ അക്കാലത്തെഴുതിയിരുന്ന കവികൾക്കു കഴിവുണ്ടായില്ല. ആധുനികബംഗാളികവിതയുടെ ചരിത്രത്തിൽ "പാസ്സീവ് റൊമാൻറിസിസ"ത്തിൻേറയും "രൂപഭദ്രത"യുടേയും കാലഘട്ടമായിരുന്നു അത്. ബൂർഷ്വാ വീക്ഷണഗതി ഉപേക്ഷിച്ചുവെങ്കിലും, ജനങ്ങളുടെ സുഹൃത്തും മാർഗ്ഗദർശിയുമാകുന്നതിൽ ഈ കവികൾ ഓരോരുത്തരും പരാജയപ്പെടുകയാണുണ്ടായതു്. എന്തായിരുന്നു അതിനു കാരണം?

"കവിത, ഒരു പ്രത്യേകരൂപത്തിലുള്ള സംഭവമാണ്." കവികൾ, ആ പ്രത്യേക രൂപത്തിലുള്ള സംഭാഷണരീതിയുപയോഗിക്കുന്ന ഒരു നിർദ്ദിഷ്ടസമുദായത്തിലുൾപ്പെടുന്ന മനുഷ്യജീവികളുമാണ്. അതിനാൽ, ഒരു കവി, ജനങ്ങളെപ്പററി ജനങ്ങളോടു സംഭാഷണം ചെയ്യണം. വെറും പ്രായോഗികപരിഷ്കാരങ്ങളും, രൂപത്തിലുള്ള പരിവർത്തനങ്ങളും അതിനു സഹായമായിരിക്കണമെന്നില്ല ജനത കവിയുടെ ശബ്ദം ശ്രവിക്കാൻ ചെവികൾ കൂർപ്പിച്ചുകൊണ്ടു കാത്തിരിക്കുന്നു. ഭാവിയെ സംബന്ധിച്ചുള്ള വീക്ഷണങ്ങളില്ലാത്ത വെറും വർത്തമാനകാലത്തിൻെറ യഥാതഥ ചിത്രീകരണം പരാജയപ്പെട്ടുപോകാൻ കാരണമതാണ്. മേഘങ്ങളുടെ ലോകത്തിൽ നിന്നും ചെളിക്കുണ്ടിലേക്കുള്ള ഒരു കുത്തിവീഴലായിരുന്നു അതു്.

രണ്ടാം ലോകമഹായുദ്ധത്തിൻെറ ആഗമനത്തോടു കൂടി ഇക്കാര്യങ്ങൾക്കെല്ലാം ഒരു പുതിയ രൂപം കൈവന്നു. ഫാസിസത്തിനെതിരായി ജനതയെ അണിനിരത്തുവാൻ കവികൾ ആത്മവിശ്വാസപൂർവം എഴുതാൻ തുടങ്ങി. ഈ മനോഭാവം അവർക്കു പല പുതിയ വീക്ഷണങ്ങളും നൽകി. അവർ ജനകീയ സമരത്തെ സംബന്ധിച്ചു പലതും കൂടുതലായി കാണുകയും അനുഭവിച്ചറിയുകയും ചെയ്തു. ഇതെല്ലാം കൊണ്ടു മനുഷ്യജീവിതത്തിൻെറ വിവിധവശങ്ങളും ഭാവങ്ങളും വിശദമായി മനസ്സിലാക്കാൻ ഈ കവികൾക്കു കഴിഞ്ഞു. മനുഷ്യഹൃദയത്തിൻെറ ആഴങ്ങളിലേക്കു ചുഴിഞ്ഞിറങ്ങിച്ചെന്ന അവർ യുഗയുഗാന്തരങ്ങളായി കഴിഞ്ഞുവന്നിരുന്ന അവസ്ഥയിൽ നിന്നു പുരോഗമിക്കുകയും ജനതയെ കൂടുതൽ കൂടുതൽ സമീപിക്കുകയും ചെയ്തു തുടങ്ങി.

പുതിയ വസ്തുതകൾ പ്രഘോഷിക്കുകയാണു ബംഗാളി കവിത ഇന്നും ചെയ്യുന്ന കൃത്യം. ലാളിത്യവും ആത്മാർത്ഥതയും നിറഞ്ഞ ഭാഷയിൽ, അനുഭവങ്ങളെ അടിസ്ഥാനപ്പെടുത്തിയുള്ള നൂതനചിന്തകൾ പേറിക്കൊണ്ടു കവിതയ്ക്കു ജനസാമാന്യത്തിൻെറ ഇടയിലേക്കു നീങ്ങാൻ കഴിവുണ്ടായിരിക്കുന്നു. ലക്ഷ്യബഹുലമായ ഈ യുഗത്തിൽ കവിക്കു ഒരു പ്രത്യേക ലക്ഷ്യമുണ്ടു്. സാമൂഹ്യബന്ധങ്ങളെ അവഗണിച്ചുകൊണ്ടു കാവ്യരചന നടത്തുവാൻ ഇന്നൊരു കവിക്കും സാധ്യമല്ല. സോഷ്യൽ റിയലിസത്തെപ്പററിയാണു് അവൻ ചിന്തിക്കുകയും സ്വപ്നം കാണുകയും ചെയ്യുന്നതു്. സാമൂഹ്യമനശ്ശാസ്ത്രം അവനി

ന്നു ശരിക്കു മനസ്സിലാകുന്നുണ്ട്. അങ്ങനെ ഇന്ന്, കവി ജനങ്ങൾക്കു വേണ്ടി വാദിക്കുന്നവനാണ്.

ജനകീയ കവിത ജനങ്ങളുടേതായിരിക്കണം. കവിത ഒരേസമയത്തു ജനതയുടേതായിരിക്കുകയും 'കവിത' യായിരിക്കുകയും ചെയ്യുക എളുപ്പമല്ല. കുറേക്കൂടി വിശാലമായ അന്തരിക്ഷത്തിനു വേണ്ടി പ്രവർത്തിക്കുന്നവക്ക് വേറെയും പല പ്രയാസങ്ങൾ നേരിടാറുണ്ട്. പാവപ്പെട്ടവരെ ഉദ്ധരിക്കുവാനും ഇന്നത്തെ സമുദായ ഘടന ഉടച്ചു വാർക്കുവാനും ആയി പ്രയത്നിക്കുന്നവർ ഭരണാധികാരികളുടെ ദൃഷ്ടിയിൽ തീർച്ചയായും "നല്ലപിള്ള"കളായിരിക്കയില്ല. കവി, ജനങ്ങളുടെയിടയിൽ, കഷ്ടപ്പെടുന്നവരും വേദനയനുഭവിക്കുന്നവരുമായ ജനങ്ങളുടെയിടയിൽ പ്രവർത്തിക്കുന്നു; അവരുടെ ദു:ഖത്തിലും സന്തോഷത്തിലും പങ്കുകൊള്ളുന്നു. അവർക്കുവേണ്ടി പ്രതിഷേധഘോഷമുയർത്തുന്നു. ഒരു പുതിയ ലോകം സൃഷ്ടിക്കുന്നതിന് മനുഷ്യനെ സഹായിക്കുകയാണ് കവിയുടെ കർത്തവ്യം; അതുകൊണ്ട്, ബങ്കാളി കവി ഒരു മുദ്രാവാക്യം മുഴക്കുമ്പോൾ അതൊരു ദോഷമല്ല: പരാജയവുമല്ല, കാരണം, നാം ജീവിക്കുന്ന യുഗത്തിൻെറ പോരായ്മ പ്രകടപ്പിക്കുകയും, ഒരു പുതു യുഗത്തിൻെറ ആഗമനത്തെ പ്രഖ്യാപിക്കുകയുമാണ് അതു ചെയ്യുന്നതു്.

പുലരാൻ പോകുന്ന യുഗത്തിൻെറ സൃഷ്ടിയെ എതിർക്കുന്നവരോട്ട് സമരം ചെയ്യാനുള്ള ഒരായുധമാണ് ഇന്നു കവിത. മുതലാളിത്തത്തിനും അധിനിവേശപരിപാടികൾക്കും എതിരായി നടത്തപ്പെടുന്ന സമരങ്ങളി

ലെല്ലാം കവിത ഒരു പ്രധാനഭാഗം വഹിക്കുന്നു. കുറെക്കാലം പുരോഗതിയില്ലാതെയിരിക്കുകയായിരുന്നെങ്കിലും, സുകന്റാ ഭട്ടാചാർജിക്കു ശേഷം കവിതയിൽ ഒരു നവോത്ഥാനം ആരംഭിച്ചിട്ടുണ്ടെന്ന് എനിക്കു തോന്നുന്നു. കുറേപ്പേർ കൂടിച്ചേർന്നു നിന്ന് ഏൽപ്പിക്കുന്ന കഠിനമർദ്ദനത്തെ മനുഷ്യസമുദായം ഉണർന്നുനിന്ന് ഉറച്ചു നിന്ന്, വീറോടെ ചെറുക്കുകയാണിന്ന്. ഇന്നത്തെ വ്യവസ്ഥിതിയുടെ ഏററവും സമർത്ഥരായ കാവൽ നായ്ക്കൾ അങ്ങേയററം ശ്രമിച്ചാൽപ്പോലും ജനതയുടെ ഉയർത്തെഴുന്നേൽപ്പിനേയും പുരോഗതിയേയും തടയുകസാദ്ധ്യമല്ല, മനുഷ്യജീവിതത്തെ മഹനീയവും സുന്ദരവുമാക്കിത്തീർക്കുന്നതിന് പരിശ്രമിക്കുന്ന ബംഗാളിലെ കവികൾ ഈ ശാശ്വതസത്യത്തിൽ അടിയുറച്ചു വിശ്വസിക്കുന്നവരാണ്. മുതലാളിത്തത്തിൻെറ കാവൽ നായ്ക്കളോ ജനതയുടെ സുഹൃത്തുക്കളോ ആരാണീ അന്ത്യസമരത്തിൽ വിജയം വരിക്കുകയെന്നതു 'ഭാവി'ക്കുമാത്രമേ നിശ്ചയിക്കാൻ കഴിവുള്ളു.

---

# ജോർജ് ഓർവെൽ

‘എമിലിസോളായുടെ ജീവിതകഥ’ എന്ന പേരിലുള്ള ഒരൊന്നാംകിട ചലച്ചിത്രം കാണാനുള്ള ഭാഗ്യം ഈയിടെ എനിക്കുണ്ടായി. ‘നാന’യുടെ രചയിതാവായി മാത്രമേ പലരും സോളയെ അറിയുകയുള്ളു. എന്നാൽ രാഷ്ട്രീയവും സാമ്പത്തികവുമായ വിവിധപ്രശ്നങ്ങളെ സംബന്ധിച്ചു അദ്ദേഹം ഗ്രന്ഥങ്ങൾ എഴുതിയിട്ടുണ്ട്. സത്യത്തിന്റെ ചേരിയിൽ ഏകനായിപ്പോലും നിന്നുകൊണ്ട് അസത്യത്തോടു സമരം ചെയ്ത ധീരനായ ഒരു പടയാളിയായി സോള പ്രസ്തുത ചിത്രത്തിൽ നമ്മുടെ മുമ്പിൽ പ്രത്യക്ഷപ്പെടുന്നു. ഒരു വിദൂരദ്വീപിൽ ഏകാന്തത്തടവനുഭവിക്കുന്ന ഒരു പട്ടാള ഉദ്യോഗസ്ഥന്റെ നിരപരാധിത്വം തെളിയിക്കുവാൻ ഫ്രഞ്ചു ഗവണ്മെന്റിനും, ഫ്രഞ്ചു ജനതക്കും എതിരായിനിന്നു വാദിക്കുവാൻ സോള തയ്യാറായി. അദ്ദേഹത്തിന്റെ ശ്രമം പരാജയപ്പെട്ടുവെങ്കിലും, ഒടുവിൽ സത്യം പുറത്താവുക തന്നെ ചെയ്തു.

സത്യം നിർദ്ദയം നിഹനിക്കപ്പെടുന്ന ഒരു കാലഘട്ടത്തിലാണ് നാമിന്നു ജീവിക്കുന്നത്. ഒരു നുണ ഏതാനും പ്രാവശ്യം ആവർത്തിച്ചാൽ മാത്രം മതി, അതു കറകളഞ്ഞ നേരായിത്തീർന്നു. ആശാരിയുടെ ഭാര്യ മൂന്നു കാക്കക്കുഞ്ഞുങ്ങളെ പ്രസവിച്ച കഥ കേൾക്കുന്ന മാത്രയിൽ ത്തന്നെ വിശ്വസിക്കാൻ നാം തയ്യാറാകുന്നു. അതിനെപ്പററി കൂടുതൽ അന്വേഷിക്കുവാനും, ഒടുവിൽ, ആശാരിയുടെ ഭാര്യ കറുത്ത എന്തോ ഒരു സാധനം രണ്ടു മൂന്നു തവണ ഛർദ്ദിച്ചതേയുള്ളു, എന്നു മനസ്സിലാക്കാനും അധികമാളുകളും മിനക്കെടാറില്ല. ഈ 'കോമററ് യുഗ' ത്തിൽ അതിനു സമയമില്ലല്ലോ! രാഷ്ട്രീയപ്രവർത്തകരാണ് യാഥാർത്ഥ്യങ്ങളുടെ മേൽ കരിമറയിടാനും, നേരു നുണയാക്കാനും നുണ നേരാക്കാനും അധികം മുതിർന്നു കാണുന്നത്. ഉദാഹരണംകൊണ്ടു് ഈ കാര്യം വ്യക്തമാക്കേണ്ട ആവശ്യമുണ്ടെന്നു തോന്നുന്നില്ല. കാരണം അതത്രമാത്രം വ്യക്തമാണ്.

ജോർജ്ജ് ഓർവെലിനെക്കുറിച്ചുള്ള ഒരു ലേഖനത്തിനു ഇങ്ങനെയൊരു മുഖവുര ആവശ്യമാണ്. ഒഴുക്കിനെതിരായി നീന്തുകയും, സത്യം, അതു എത്ര അരോചകമായിരുന്നാലും, പുരമുകളിൽ കയറിനിന്ന് വിളിച്ചു പറയുകയുമാണ് അദ്ദേഹം ചെയ്തതു്. യുദ്ധകാലസംഭവങ്ങൾ, തലമുറകൾ തമ്മിലുള്ള സംഘട്ടനം, ചരിത്രത്തിൻെറ പഴയ ഏടുകൾ എന്നിങ്ങനെയുള്ള വിഷയങ്ങളെ കേന്ദ്രീകരിച്ചു് 1945 നു ശേഷം എഴുതപ്പെട്ടിട്ടുള്ള ഇംഗ്ലീഷ് നോവലുകളെ നിയോ—റിയലിസ്ററു വിഭാഗ

ത്തിൽ ഉൾപ്പെടുത്താവുന്നതാണ്. എന്നാൽ, സമകാലി കപ്രശ്നങ്ങളെ, ചില പ്രത്യേക നിറങ്ങൾ നൽകി, തന്റെ പ്രത്യേക രീതിയിൽ ആവിഷ്കരിക്കാനാണ് ഓർവെൽ ശ്രമിച്ചിട്ടുള്ളത്, അദ്ദേഹത്തിന്റെ നോവലുകളിൽക്കൂടി. സംസ്ക്കാരത്തെ, മനുഷ്യത്വത്തെ, വിഴുങ്ങാൻ നിൽക്കുന്ന ഒരു ഭീകരസത്യമായിട്ടാണ് 'ടോട്ടലിട്ടേറിയനിസ'ത്തെ ഓർവെൽ ദർശിച്ചത്. ആ സത്യം തന്റെ നോവലുകളിൽക്കൂടി കലാപരമായി അദ്ദേഹം തുറന്നു പറഞ്ഞു. അദ്ദേഹത്തിന്റെ ധീരമായ ആത്മാർത്ഥതയെ ചോദ്യം ചെയ്യാൻ പ്രയാസമായിരിക്കുന്നു.

ജോർജ്ജ് ഓർവെൽ അതൊരു തൂലികാനാമം മാത്രമാണ്. യഥാർത്ഥ നാമധേയം ഈറിക്ക് ബ്ളേയർ എന്നായിരുന്നു.) ഇംഗ്ലണ്ടിലെ ആഭിജാത്യവും ധനമഹിമയുമുള്ള ഒരു കുടുംബത്തിലാണു ജനിച്ചത്. ആനന്ദിക്കാൻ മാത്രം ജീവിക്കുന്ന തന്റെ വർഗ്ഗത്തോടുള്ള വെറുപ്പും വിദ്വേഷവും ഓർവെലിനെ, ഷെല്ലിയെപ്പോലെ ഒരു വിപ്ലവകാരിയാക്കി മാററി. ഇംഗ്ലീഷ്കാരുടെ സാമ്രാജ്യത്വമനോഭാവത്തെ അദ്ദേഹം നിശിതമായി വിമർശിച്ചു. എന്നാൽ ഈററൺസ്ക്കൂളിൽനിന്നു വിദ്യാഭ്യാസം പൂർത്തിയാക്കിയ ശേഷം ബർമ്മയിലെ പോലീസ് ഡിപ്പാർട്ടുമെന്റിൽ ഓർവെൽ ഉദ്യോഗം സ്വീകരിക്കുകയാണു ചെയ്തത്. ഈ അഞ്ചുവർഷത്തെ ജീവിതാനുഭവങ്ങൾ ഓർവെലിന്റെ മനസ്സിൽ മായാത്ത അനവധി മുദ്രകൾ പതിച്ചു. അദ്ദേഹത്തിന്റെ ജീവിതം ഒരു പ്രത്യേക വഴിക്കു തിരിയാനിടയായി. അധികാരം, അതു പ്രയോഗി

DHARMARAM COLLEGE LIBRARY, BANGALORE
20151

ക്കുന്നവന്റെ മനസ്സിനേയും പ്രയോഗിക്കപ്പെടുന്നവന്റെ മനസ്സിനേയും ഒരുപോലെ ദുഷിപ്പിക്കുന്നു എന്നു ഓർവെലിനു മനസ്സിലായി. 'ബർമ്മീസ് ദിനങ്ങൾ' (1934) എന്ന ഗ്രന്ഥത്തിൽ ഈ ചിന്താഗതിയുടെ മാറ്റൊലികളാണു് നാം ശ്രവിക്കുന്നതു്. ഇംഗ്ലണ്ടിലേക്കു് അദ്ദേഹം മടങ്ങിയെത്തിയതു് ഒരു സോഷ്യലിസ്റ്റായിട്ടാണു്—ബർമ്മയിലേക്കു ഇനിയൊരിക്കലും തിരിച്ചുപോവുകയില്ലെന്ന ശപഥവുമായി. ഇംഗ്ലണ്ടിലെ പാവപ്പെട്ട തൊഴിലാളിവർഗ്ഗത്തിന്റെ ദുരിതങ്ങളെപ്പററി പഠിക്കുവാനായിരുന്നു ഓർവെൽ തുടർന്നു ശ്രമിച്ചതു്. 'വീഗൻപീറിലേക്കുള്ള റോഡ്'' (1937) എന്ന ഗ്രന്ഥം ഒരുവിധത്തിൽ പറഞ്ഞാൽ അദ്ദേഹത്തിന്റെ ആത്മകഥാകഥനമാണു്. തൊഴിലില്ലായ്മക്കധീനരായി, പട്ടിണിയിലും കണ്ണീരിലും കഴിയുന്ന ഇംഗ്ലണ്ടിലെ വടക്കൻപ്രദേശങ്ങളിലെ മനുഷ്യരുടെ ദയനീയകഥകളാണു് ഈ പുസ്തകത്തിൽ ഓർവെൽ വിവരിച്ചിരിക്കുന്നതു്. ഈ ഗ്രന്ഥം ഇംഗ്ലണ്ടിൽ വലിയ ഒച്ചപ്പാടുണ്ടാക്കി. അനവധി വായനക്കാരെ അതു അമ്പരപ്പിക്കുകതന്നെ ചെയ്തു. അക്കാലത്തുണ്ടായിരുന്നതുപോലെ മാർക്സിസത്തിനു പ്രചാരം മറെറാരിക്കലും ഇംഗ്ലണ്ടിൽ ഉണ്ടായിട്ടില്ല. 'വീഗൻപീറിലേക്കുള്ള റോഡ്'' എഴുതിയ ഓർവെലിനെ ഒരു സോഷ്യലിസ്റ്റായിട്ടാണു നാം കാണുന്നതു്. പക്ഷേ, അദ്ദേഹത്തിന്റെ മാർക്സിസ്ററുവിരുദ്ധമനോഭാവം അതിൽ പ്രകടിപ്പിക്കപ്പെട്ടിരുന്നതു് വളരെപ്പേരെ അത്ഭുതപ്പെടുത്തി. അവർക്കതിന്റെ അർത്ഥം മനസ്സിലായില്ല. ടോട്ടലി

റേററിയനിസം ഒരുതരം ഇമ്പീരിയലിസമാണെന്നു അദ്ദേഹം വിശ്വസിച്ചിരുന്നു. സോഷ്യലിസ്ററു ബുദ്ധിജീവികളും സാധാരണ സോഷ്യലിസ്ററു തൊഴിലാളികളും സോഷ്യലിസമെന്ന വാക്കിന് വിഭിന്നാർത്ഥങ്ങളാണു നൽകുന്നതെന്നു ഓർവെൽ പറഞ്ഞു. "ഒരു ഓർത്തഡോക്സ് മാർക്സിസ്ററി"നേക്കാൾ യഥാർത്ഥ സോഷ്യലിസ്ററു തൊഴിലാളിയാണ്. കാരണം, ഒരു സോഷ്യലിസ്ററുതൊഴിലാളിക്ക് സോഷ്യലിസമെന്നുവെച്ചാൽ, 'നീതിയും സാമാന്യ മര്യാദയും' (Justice and Common decency) എന്നാണർത്ഥം. എന്നാൽ അയാളുടെ 'വഴി കാട്ടി' ഈ വലിയ സത്യം വിസ്മരിച്ചുകളയുന്നു." അങ്ങനെ അദ്ദേഹം ഒരു സോഷ്യലിസ്ററു വിരോധിയായി.

മനുഷ്യൻെറ സ്വാതന്ത്ര്യത്തെ ഏററവുമധികം വിലമതിച്ചിരുന്ന ഒരാളായിരുന്നു ഓർവെൽ. സ്പെയിനിലെ ആഭ്യന്തരയുദ്ധത്തിൽ, ലോകത്തിലെ പുരോഗമനവാദികളായ ബുദ്ധിജീവികളിൽ വളരെപ്പേർ ജനങ്ങളുടെ ചേരിയിൽനിന്നുകൊണ്ടു ഫ്രാങ്കോക്കെതിരായി പൊരുതുകയുണ്ടായി. റാൽഫഫോക്സും ക്രിസ്റേറാഫർ കോഡ്വെലും കമ്യൂണിസ്ററുകാരുടെ നേതൃത്വത്തിലുണ്ടായിരുന്ന ഇൻെറർനാഷനൽ ബ്രിഗേഡിൽ ചേർന്നു സമരം ചെയ്തപ്പോൾ ഓർവെലാകട്ടെ, കാററലൻ അനാർക്കിസ്ററുകൾ സംഘടിപ്പിച്ച സൈന്യത്തിലാണു ചേർന്നതു്. ഒരു സാധാരണ പട്ടാളക്കാരൻെറ കഷ്ടപ്പാടുകളെപ്പററി പഠിക്കുവാൻ ഈയവസരം ഓർവെലിനു പ്രയോജനപ്പെട്ടു. Homage to Catalonia എന്ന ഗ്രന്ഥത്തിൽ

സ്പെയിനിൽവെച്ചുണ്ടായ തൻെറ അനുഭവങ്ങളെ ഹൃദയസ്പൃക്കായ ഭാഷയിൽ അദ്ദേഹം വർണ്ണിച്ചിട്ടുണ്ട്.

നേതാക്കന്മാരിലും ബുദ്ധിജീവികളിലും ജോർജ്ജ് ഓർവെൽ ഒരിക്കലും വിശ്വസിച്ചിരുന്നില്ല— നേരേമറിച്ച് അവരെ അവിശ്വസിച്ചിരുന്നുതാനും. സാധാരണ ജനതയിലായിരുന്നു അദ്ദേഹം തൻെറ വിശ്വാസം അർപ്പിച്ചിരുന്നത്. നേതാക്കന്മാരുടെ ഹൃദയശൂന്യതക്കവും സ്വാർത്ഥതയും അദ്ദേഹം ശരിക്കു മനസ്സിലാക്കിയിരുന്നു. ആധുനികസാമൂഹ്യവ്യവസ്ഥിതിയുടെ പല സ്വഭാവങ്ങളേയും അദ്ദേഹം ഹൃദയപൂർവം വെറുത്തിരുന്നു. "Every thing is made out of Something else"— "Coming up for Air" എന്ന നോവലിൽ ഈ മനോഭാവമാണ് പ്രകടിതമായിക്കാണുന്നതു്.

പുതിയ പുതിയ അനുഭവങ്ങളുടെ വെളിച്ചത്തിൽ ഓർവെലിൻെറ കഴിവുകഠം വികസിക്കുവാൻ തുടങ്ങി. 1944-ൽ പ്രസിദ്ധീകരിച്ച "Animal farm" (മൃഗങ്ങളുടെ നാട്ട്) വളരെയധികം ഒച്ചപ്പാടുകളുണ്ടാക്കി. ഒരൊന്നാന്തരം ഹാസ്യചിത്രീകരണമാണ് ഈ കൃതി. നാഗ്രഡമായ ആക്ഷേപഹാസ്യപ്രകടനത്തിൽ ഓർവെൽ സ്വിഫ്ററിനെപ്പോലെ അതിസമർത്ഥനായിരുന്നു. മനുഷ്യരെപ്പോലെ സംസാരിക്കുന്ന മൃഗങ്ങളുള്ള ഈ നോവൽ ഒരു യക്ഷിക്കഥപോലെ മനോഹരമാണ്. കൊച്ചുകുട്ടികളുടെയിടയിൽ ഈ നോവലിനു അതുകാരണത്താൽത്തന്നെ വളരെ പ്രചാരമുണ്ടത്രേ. തുളച്ചുകയറുന്ന പരിഹാസമാണ് ഈ നോവലിൻെറ ജീവൻ. മൃഗങ്ങളു

ടെ നാട്ടിലെ സ്വാതന്ത്ര്യത്തെപ്പററി ഓർവെൽ പറയുകയാണ്, "All animals are equal, but some animals are more equal than others" എത്ര മൂർച്ചയേറിയ ഒരു വാചകം!

ഓർവെൽ 1950-ൽ അന്തരിച്ചു എന്നാൽ '1984' എന്നൊരു നോവൽകൂടി ലോകത്തിനു കാഴ്ച വെച്ചതിനുശേഷം മാത്രം. ഒരു ടോട്ടലിറേററിയൻ രാഷ്ട്രത്തിന്റെ ഭയാനകചിത്രീകരണമാണീ നോവൽ. ഏകപാർട്ടിഭരണവും, ആശയങ്ങളെ പട്ടാളച്ചിട്ടക്കു വിധേയമാക്കുന്ന രീതിയും, വിമർശനത്തോടുള്ള അസഹിഷ്ണുതയും വളർന്നു വികസിച്ചാൽ എവിടംവരെയെത്തുമെന്നു ഓർവെൽ ദീർഘദർശനം ചെയ്യുന്നു. കെട്ടുപിണഞ്ഞു കിടക്കുന്ന കഥാതന്തുവും ഭീകരമായ രംഗങ്ങളും—ആകപ്പാടെ 1984 വായനക്കാരനെ പിടിച്ചു നിറുത്തി ചിന്തിപ്പിക്കാൻ പററിയ ഒരു നോവലാണ്. ആധുനികപ്രശ്നങ്ങളെപ്പററി പഠിക്കാനാശിക്കുന്നവർക്കു ഈ നോവൽ പ്രയോജനപ്പെടും. (ശ്രീ എം. ഗോവിന്ദന്റെ 'അന്വേഷണത്തിന്റെ ആരംഭം' എന്ന ഗ്രന്ഥത്തിൽ '1984'-നെപ്പററി സമഗ്രമായി പ്രതിപാദിച്ചിട്ടുണ്ട്.)

സത്യത്തെ നിഗ്രഹിക്കുകയും, മനഃപൂർവം കള്ളങ്ങൾ സൃഷ്ടിച്ച് തങ്ങളുടെ ഭരണകാലത്തിനു ദൈർഘ്യം കൂട്ടാൻ ശ്രമിക്കുകയുമാണ് "ഓഷ്യാനാ"യിലെ ഏകപാർട്ടി ഭരണകൂടത്തിന്റെ കൃത്യം. ഓഷ്യാനായിലെ ജനങ്ങൾ, തങ്ങളൊരു മഹനീയസ്വർഗ്ഗത്തിലാണ് നിവസിക്കുന്നതെന്ന് വിശ്വസിക്കുന്നു. കാരണം, അവരുടെ നേതാക്കന്മാർ എപ്പോഴും അങ്ങനെ അവരോടു പറഞ്ഞു

കൊണ്ടിരിക്കുകയാണ്. "ഭൂതകാലത്തെ നിയന്ത്രിക്കുന്നവർ ഭാവിയെ നിയന്ത്രിക്കുന്നു; വർത്തമാനകാലത്തെ നിയന്ത്രിക്കുന്നവർ ഭൂതകാലത്തേയും." "യുദ്ധം സമാധാനമാണ്; സമാധാനം യുദ്ധവും." ഇങ്ങനെയുള്ള ചില മുദ്രാവാക്യങ്ങളുണ്ട് ഓഷ്യാനായിലെ ഭരണാധിപന്മാർക്ക് മനുഷ്യലോകത്തിന് ഭയങ്കരമായ ഒരു ഭാവി ദീർഘദർശനം ചെയ്യുകയാണ് ഓർവെൽ ഈ നോവലിൽ.

"സമുദായത്തെ പുനസ്സംഘടിപ്പിക്കുന്ന വിഷയത്തെക്കുറിച്ച് ഒരു പരിധിവരെ അഭിപ്രായം പറയാനും പ്രവർത്തിക്കാനുമുള്ള സ്വാതന്ത്ര്യം രാഷ്ട്രീയപ്രവർത്തകൻ സാഹിത്യകാരന് അനുവദിക്കാൻ തയ്യാറാണ്. എന്നാൽ അപകടകരമെന്നു തോന്നുന്ന ആശയങ്ങൾ സാഹിത്യകാരൻ പ്രചരിപ്പിക്കാൻ തുടങ്ങിയാൽ അപ്പോൾ അയാളുടെ കഴുത്തിനു രാഷ്ട്രീയപ്രവർത്തകൻ പിടികൂടും." ഇതാണ് ഇന്ന് രാഷ്ട്രീയക്കാരന്റെ പിടിവാതം. വാസ്തവമല്ലേ ഇതു്. ചരിത്രം പരിശോധിച്ചു നോക്കിയാൽ, രാഷ്ട്രീയാധികാരം കയ്യടക്കി വച്ചിരിക്കുന്ന വ്യക്തികൾ, ഏതു സാമൂഹ്യവ്യവസ്ഥിതിയായിരുന്നാലും, സ്വതന്ത്രമായി ചിന്തിക്കുകയും അഭിപ്രായപ്രകടനം നടത്തുകയും ചെയ്യുന്ന സാഹിത്യകാരന്മാരെ തുറുങ്കിലടക്കാൻ ശ്രമിച്ചിരുന്നതായി കാണാം. ഒരു സോഷ്യലിസ്ററു സ്റ്റേററിൽ സാഹിത്യകാരന്റെ ചിന്താസ്വാതന്ത്ര്യം അടിച്ചമർത്തുന്നതു എത്ര ദയനീയമായ ഒരു സ്ഥിതിയാണ്!—ഓഷ്യാനയിൽ എല്ലാത്തരം സാഹിത്യവും—ഗ്രന്ഥങ്ങളും— നിരോധിക്കപ്പെട്ടിരിക്കുകയാ

ണ്. മനുഷ്യൻ സ്വയം ചിന്തിക്കാൻ അനുവദിക്കപ്പെട്ടുന്നില്ല. ചിന്ത—Thought crime—മരണശിക്ഷക്കു പോലും അർഹമായ ഒരു കുററമാണ്.

'1984'-ൽ ടോട്ടലിറേററിയനിസത്തിനെതിരായി നടത്തപ്പെടുന്ന പ്രവർത്തനങ്ങൾ പ്രയോജനരഹിതമായിത്തീരുന്നു. അതിൽ മനുഷ്യവർഗ്ഗത്തിൻെറ ഭാവി ഇരുളടഞ്ഞതായി ചിത്രീകരിക്കപ്പെട്ടിരിക്കുന്നു. എന്നാൽ ഈ നോവൽ എഴുതിയതിൻെറ ശേഷം ഓർവെൽ പ്രസിദ്ധപ്പെടുത്തിയിട്ടുള്ള ചില ലേഖനങ്ങൾ വായിച്ചുനോക്കുന്നപക്ഷം മനുഷ്യത്വം വിജയമകുടം ചൂടുന്ന മനോഹരമായ ഒരു ഭാവിയിൽ അദ്ദേഹം വിശ്വസിച്ചിരുന്നു എന്നു മനസ്സിലാക്കാൻ കഴിയും.

# ഇലക്ഷൻപ്രണയം

പേനയുള്ളവരെല്ലാം കഥാകൃത്തുക്കളായിച്ചമഞ്ഞിരിക്കുന്ന കാലമാണല്ലോ ഇതു്. നമ്മുടെ മുന്തിയ കഥയെഴുത്തുകാരുടെ "പേന തന്നിലും രക്തം" വററിപ്പോയമട്ടാണു കാണുന്നതു്. അവരിൽ ചിലർ ഇപ്പോഴും എഴുതുന്നില്ലെന്നില്ല. പക്ഷെ കഥകൾ ലേഖനങ്ങളായിപ്പോകുന്നെന്നു മാത്രം. പുത്തൻകൂററുകാരായ കഥാകാരന്മാരിൽപ്പെട്ട ചിലർ അനേകം ഒന്നാന്തരം കഥകൾ രചിച്ചുകഴിഞ്ഞെങ്കിലും ബഹുജനങ്ങളവരെ അറിഞ്ഞുതുടങ്ങിട്ടില്ല വേണ്ടപോലെ

"ആശാപാശം", "വീരനിധനം" തുടങ്ങിയ നാടകങ്ങളും, ഏതാനും ആഖ്യായികകളും എഴുതി പ്രസിദ്ധി നേടിയ ശ്രീ. മേക്കൊല്ല പരമേശപരൻപിള്ള ചെറുകഥാശാഖയിൽ കൈവച്ചതിൻെറ ഫലമാണ് ഈ സമാഹാരം. സ്പന്തം ഭാര്യയെ വീട്ടിൽ കൊണ്ടുപോകാനനുവദിക്കാത്തതിൽ, പണക്കാരൻ ശപശ്ശുരനോടു പിണങ്ങി നാട്ടിൽപ്പോകുന്ന ഒരു ക്ലാർക്കു്, സുന്ദരിയായൊരു

നേഴ്സിൻെറ വലയിൽ കുടുങ്ങി അവളൊരുമിച്ചൊരു രാത്രി ഒരു ററി.ബി.യിൽ താമസിക്കുന്നതും, പ്രഭാതത്തിലവിടെവച്ച് ശ്വശുരനെയും ഭാര്യയെയും കാണുന്നതും മററുമാണ് "സൂക്ഷിച്ചാൽ ദുഃഖിക്കേണ്ട" എന്ന കഥയുടെ പ്ലോട്ട്. രണ്ടാമത്തെ കഥയാണ് "ഇലക്ഷൻ പ്രണയം". ഒരു എം.എൽ.ഏ.യുടെ മകനും, ആദർശശാലിയും, വിദ്യാത്ഥിനേതാവുമായ ഒരു കോളേജുകുമാരൻെറ പ്രണയകഥ. റിയലിസ്ററിക്കായിട്ടുണ്ട് ചിത്രീകരണം എന്നു പറയാം. പ്രത്യേകിച്ച്, ഇന്നത്തെ "ജനകീയമന്ത്രി"മാരുടെ പ്രവത്തനങ്ങളുടെ പിന്നിലുള്ള ഉദ്ദേശങ്ങളുടെമേൽ ടോർച്ചടിച്ചുകാണിക്കുന്നു എന്നതിച്ചെറുകഥയുടെ ഒരു വിജയമാണ്.

"സ്വാതന്ത്ര്യ" എന്ന അടുത്ത കഥയാണ് ഈ സമാഹാരത്തിലെ ഏററവും മെച്ചപ്പെട്ടതു്. സ്ത്രീഹൃദയത്തിൻെറ ആഴത്തിലേയ്ക്കു,ഞ്ഞിറങ്ങിച്ചെല്ലുവാനുള്ള ഒരു ശ്രമം. മനശ്ശാസ്ത്രപരമാണ് അടിസ്ഥാനം. പത്തിനും പത്തൊമ്പതിനും മദ്ധ്യേയുള്ളവർ ഈ കഥയൊന്നു വായിച്ചാൽ വളരെ നന്നായിരിക്കും. ഇനി രണ്ടു കഥകൾ കൂടെയുണ്ട്, "ധർമ്മസങ്കടത്തിൽ" മലയാളത്തിലധികം പ്രചാരം ലഭിച്ചിട്ടില്ലാത്ത ഡിററക്ടീവ് വിഭാഗത്തിൽപ്പെട്ടതാണ്. തരക്കേടില്ല. "വിധിയേ വിധി" എന്ന കഥ വായിച്ചപ്പോൾ ഓ. ഹെൻട്രിയെപ്പററി ഓർത്തുപോയി.

ശ്രീ. മേക്കൊല്ലയുടെ ഭാഷ ചെറുകഥയ്ക്കു വളരെ അനുയോജ്യമാണ്. നേരിയ ഹാസ്യം അതിൻെറ മാ

റുക്കുട്ടുന്നു. ഈയിടെ ഇറങ്ങിയ കഥാസമാഹാരങ്ങളെ അപേക്ഷിച്ച് ഇതിനുള്ള മെച്ചം പറയാം. ബോറടിക്കാതെ വായിക്കാം. എന്നാൽ, ഉള്ളിൽത്തട്ടുന്ന രീതിയിൽ ജീവൽപ്രശ്നങ്ങളെ അടിസ്ഥാനപ്പെടുത്തി കഥകളെഴുതുകയാണല്ലോ ഇന്നത്തെ ആവശ്യം. പണവും സമയവും സൗകര്യവും ഉള്ളവർക്ക് വായിച്ചുരസിക്കാവുന്നൊരു പുസ്തകമാണ് "ഇലക്ഷൻ പ്രണയം" എന്നു പറഞ്ഞാൽ തെററില്ല. കുറേക്കൂടി "ചൂടുള്ള" പലതും ശ്രീ. മേക്കൊല്ലയിൽനിന്നും മലയാളികൾ പ്രതീക്ഷിക്കുന്നു.

---

# ഇംഗ്ലീഷ് കവിത്

കവിയെ നേരിട്ടിരിക്കുന്ന ദുർഘട ഘട്ടം, പൊതുവേ എല്ലാ പ്രസിദ്ധീകരണവ്യവസായങ്ങളെയും ബാധിച്ചിരിക്കുന്ന പ്രതിസന്ധിഘട്ടത്തിൻെറ ഒരു ഭാഗം മാത്രമാണ്. അതിനെ വളരെ ചുരുങ്ങിയ വാചകങ്ങളിൽ വിവരിക്കുവാൻ സാധിക്കും. അച്ചടിയുടെ ചിലവു കൂടുതലും കടലാസിൻെറ വിലക്കൂടുതലും മൂലം ഒരു പുസ്തകത്തിൻെറ പ്രസിദ്ധീകരണത്തിനു വേണ്ടിവരുന്ന തുക ലഭിക്കുന്നതിന് യുദ്ധകാലത്തിന് മുമ്പു വിററിരുന്നതിനേക്കാൾ അധികം കോപ്പികൾ വിൽക്കേണ്ടിയിരിക്കുന്നു. അന്ന് അഞ്ഞൂറോ അറുനൂറോ കോപ്പികൾ വിററാൽ പ്രസാധകന് മുടക്കിയ മുതൽ തിരിച്ചുകിട്ടുമായിരുന്നു. എന്നാൽ ഇപ്പോഴാകട്ടെ, അതിൻെറ മൂന്നിരട്ടി കോപ്പികൾ വിൽക്കുന്നതു് ആവശ്യമെന്നു വന്നിരിക്കുന്നു.

ഈ വൈഷമ്യത്തിനു പുറമേ മറെറാന്നുകൂടിയുണ്ട്. യുദ്ധകാലത്തോ, അതിനു മുമ്പോ വാങ്ങിയിരുന്നതുപോലെ ഇന്ന് പൊതുജനങ്ങൾ കവിതാഗ്രന്ഥങ്ങൾ വാങ്ങു

ന്നില്ല. വാങ്ങുന്നതവർതന്നെ യുവകവികളുടേയും, "സുസ്ഥിരപ്രതിഷ്ഠ ആർജ്ജിച്ചി"ട്ടില്ലാത്തവരുടേയും കൃതികളുടെ നേരെ തിരിഞ്ഞു നോക്കുകപോലും ചെയ്യാറില്ല. പല കാരണങ്ങളുണ്ടായിരിക്കണം ഇങ്ങനെ സംഭവിക്കുവാൻ. യുദ്ധകാലത്തു് കവിതയിൽ ഒരു വെള്ളപ്പൊക്കം തന്നെയുണ്ടായി. പ്രസിദ്ധീകരിക്കപ്പെട്ട ഗ്രന്ഥങ്ങളിൽ ചിലതു് ഒന്നാന്തരത്തിലുൾപ്പെട്ടതായിരുന്നെങ്കിലും ഒട്ടുമുക്കാലും വളരെ മോശപ്പെട്ടതായിരുന്നു.

ഏതെങ്കിലുമൊരു പുതിയ എഴുത്തുകാരന് സാഹിത്യരംഗത്തിൽ പ്രതിഷ്ഠിതനാകുന്നതിനുള്ള വലിയ ബുദ്ധിമുട്ടുകളും കാരണങ്ങളിൽ ഉൾപ്പെടും. ആർക്കെങ്കിലും പ്രശസ്തി നേടണമെങ്കിൽ ചർച്ചകളും വാദപ്രതിവാദങ്ങളും കൂടാതെ കഴിയുകയില്ല. എന്നാൽ, മിക്കവാറും സാഹിത്യനിരൂപണങ്ങൾക്കുവേണ്ടിയുള്ള മാസികകൾ ഇല്ലാത്ത ഒരു രാജ്യത്തിൽ, ഉള്ള മാസികകളിൽത്തന്നെ മുമ്പു വിനിയോഗിച്ചിരുന്നതിൻെറ നാലിലൊന്നു സ്ഥലമേ ഇപ്പോൾ പുസ്തകാഭിപ്രായങ്ങൾക്കുവേണ്ടി നീക്കിവെച്ചിട്ടുള്ളു—ചർച്ചകൾക്കും വാദപ്രതിവാദങ്ങൾക്കുമുള്ള സൗകര്യം ഇല്ലെന്നുതന്നെ പറയാം.

ഇംഗ്ലീഷുകാർ മററാരെക്കാളുമധികം സാമർത്ഥ്യം പ്രകടിപ്പിട്ടുള്ള ഒരു കലാവിഭാഗമാണ് കവിത. ഇരുപതാം നൂററാണ്ടിലെ ഇംഗ്ലീഷ് കവിതയുടെ വിവിധഘട്ടങ്ങളേയും പ്രതിനിധാനം ചെയ്യുന്ന അനേകം കവികൾ ഇന്നിവിടെയുണ്ടു്. ഇംഗ്ലീഷ് സാഹിത്യത്തിൻെറ മാഹാത്മ്യത്തിന് ഗദ്യസാഹിത്യകാരന്മാരെക്കാൾ ഉത്തരവാ

ദികഠം ഇവരാണെന്ന് എനിക്കു തോന്നുന്നു. ഇന്ന് എഴുതിക്കൊണ്ടിരിക്കുന്ന കവികളിൽ ചിലരാണിവർ; പഴയ തലമുറയിൽപ്പെട്ടവരായ ജോൺമേസ്ഫീൽഡ്, വാഠംട്ടർ, ഡി ലാമേർ, റാൽഫ് ഹോഗസൺ; ഒന്നാംലോക മഹായുദ്ധത്തിനിടക്കും അതിനുശേഷവും അധികം എഴുതിയിട്ടുള്ളവരായ എഡ്മണ്ട് ബ്ളണ്ടൻ, ഹെർബർട്ട് റീഡ്, സീജഫിഡ് സാസ്സൂൺ, റോബർട്ട്, ഗ്രേവ്സ്, ഈഡിത്ത് സിററ്വെൽ, സാക്കിവെറൽ സിററ്വെൽ, ടി. എസ്സ്. എലിയട്ട്, എഡ്വിൻമൂർ, റോയ് ക്യാംബെൽ; 1930 മുതൽ '40 വരെയുള്ള കാലഘട്ടത്തിൽ പ്രധാനകൃതികഠം രചിച്ചിട്ടുള്ളതായ ഡബ്ളിയൂ. എച്ച്. ഓഡെൻ, ലൂയി മാക്നെസ്, സെഡിൽഡേ ലൂയിസ്, ജോൺ ബെററ്ജെമിൻ, വില്യം എംപ്സൻ, റൊണാഠംഡ് ബോട്ട്റൽ. ചാറത്സ് മാഡ്ജ്, ജോൺലിമാൻ; കുറെ കൂടി കഴിഞ്ഞുവന്ന ഗ്രൂപ്പിൽപ്പെട്ടവരായ ഡിലാൻ തോമസ്, ജോർജ് ബാർക്കർ, ഡേവിഡ് ഗാസ്ക്കോയെൻ, കെ. ജെ. റെയ്നി, ഈ. ജെ. സ്കോവെൽ, റോയ്ഫുള്ളർ, വെർനോൺ വാട്കിൻസ്, ലോറി ലീ, ടെറൻസ് ടില്ലർ, ക്രിസ്റ്റോഫർ ഫ്രൈ. ഡബ്ളിയൂ എസ്സ്. ഗ്രഹാം, ജോൺഹിത്ത്-സ്റ്റബ്സ്.

ഇതു ആകർഷകമായ ഒരു ലിസ്റ്റാണ്. ഈ പറഞ്ഞിട്ടുള്ളവരിൽ ചിലർ മററുള്ളവരെക്കാഠം വളരെ നല്ല കവികളാണ്. എന്നിരുന്നാലും, മററു കവികളുടെ ദൃഷ്ടിയിൽ കവി എന്നു വിളിക്കപ്പെടാൻ അയോഗ്യനായ ഒരാളുടെപോലും പേർ ഞാനിലിസ്റ്റിൽ ഉഠംക്കൊള്ളിച്ചിട്ടി

ല്ല. തന്മൂലം, ഏററവും നല്ല കവിയുടെ പേർ ആദ്യം പറയാനും, കവിതയുടെ മെച്ചം നോക്കി, ബാക്കിയുള്ളവരുടെ പേരുകൾ ക്രമപ്പെടുത്താനും ഞാൻ ശ്രമിച്ചിട്ടില്ല. ഈ കവികളെല്ലാം ഒരേ ജോലിയുള്ളവരുടെ ഒരു റിപ്പബ്ളിക്കിൽ അധിവസിക്കുന്നവരാണ്.

കവിതയെഴുത്തിൽനിന്നു ലഭിക്കുന്ന ആദായം കൊണ്ടു വർഷത്തിൽ ഒരു മാസമെങ്കിലും ജീവിക്കാൻ കഴിവുള്ളവർ രണ്ടുപേരുണ്ടു് ഈ കൂട്ടത്തിൽ. അവർ ടി. എസ്സ്. എലിയട്ടും, ക്രിസ്റ്റോഫർ ഫ്രൈയുമാണ്. ഏററവുമധികം വിജയിച്ചിട്ടുള്ള അവരുടെ കാവ്യനാടകങ്ങൾ കൊണ്ടു് അവർക്കു കുറച്ചു പണം കിട്ടുന്നു. ഒന്നു രണ്ടു പേർക്കും പൂർവാജ്ജിതസ്വത്തുള്ളതുകൊണ്ടും അവർക്കു തരക്കേടില്ലാത്ത മട്ടിൽ ജീവിക്കാം. മററുള്ളവർ മുഴുവനും ജീവിക്കാൻ വേണ്ടി ഓരോ തൊഴിലുകളിൽ ഏർപ്പെട്ടിരിക്കുകയാണ്; അദ്ധ്യാപകവൃത്തി, ബി. ബി. സി., ബ്രിട്ടീഷ് കൗൺസിൽ, പത്രപ്രവർത്തനം, മുതലായവയാണ് അവരുടെ ജോലികൾ. വേറൊരു തരത്തിൽ പറഞ്ഞാൽ ഈ കവികൾ അദ്ധ്യാപകന്മാരും, അതുമിതും എഴുതുന്ന എഴുത്തുകാരും, ഉദ്യോഗസ്ഥന്മാരുമായി മാറുന്നു.

കവിത ജീവിതവൃത്തിയായി ഒരിക്കലും സ്വീകരിച്ചുപോകരുതെന്നു് ഉപദേശങ്ങളും മുന്നറിയിപ്പുകളും സാധാരണ ലഭിക്കാറുള്ള സ്കൂൾവിദ്യാർത്ഥികൾക്കറിയാം, പിൽക്കാലത്തു് വിശ്വവിശ്രുതമായിത്തീർന്ന മഹാകവി മിൽട്ടൻെറ "നഷ്ടനാക"ത്തിന് (Paradise Lost) വെറും പത്തു പവൻ മാത്രമാണ് ലഭിച്ചതെന്നു്. എലി

സമ്പത്ത് രാജ്ഞിയുടെ കാലത്ത് ജീവിച്ചിരുന്ന കവികൾ, തങ്ങളുടെ ജീവിതവൃത്തിക്കുവേണ്ടി അന്യരുടെ ആവശ്യമനുസരിച്ച് വിദ്വേഷം നിറഞ്ഞ ലഘുലേഖകൾ എത്രയെണ്ണം വേണമെങ്കിലും എഴുതിയിരുന്നു. വേണ്ടിവന്നാൽ ചിലപ്പോഴെല്ലാം ഒററുകാരന്റെ ജോലിപോലും അനുഷ്ഠിക്കാൻ അവർ തയ്യാറായിരുന്നെന്നും വിദ്യാർത്ഥികൾക്കറിയാമായിരിക്കണം. പതിനെട്ടാം നൂററാണ്ടിലെ ഒരു കവി, സമ്പന്നനായ ഒരു രക്ഷാധികാരിയുടെ ആവശ്യപ്രകാരമുള്ള കവിതകളെഴുതി, അങ്ങേയററം പുകഴ്ത്തി ഒരു സമർപ്പണവും ചേർത്ത് അവ പ്രസിദ്ധപ്പെടുത്തുന്നത് സാധാരണയായിരുന്നു. ബൈറൺ, ടെന്നിസൺ തുടങ്ങി ഏതാനും കവികൾ മാത്രമേ ഈ വിധിയിൽനിന്നും രക്ഷപ്പെട്ട് സ്വന്തം കാലിൽ നിൽക്കാൻ ശക്തിയുള്ളവരായിട്ട് ഉണ്ടായിരുന്നുള്ളൂ.

കവിതയെഴുത്തല്ലാതെ മററു ജോലികൾ കവികൾ സ്വീകരിക്കുന്നതുകൊണ്ട് പല മെച്ചങ്ങളുമുണ്ട്.—ഒന്ന്—നിങ്ങൾ പറയുന്നതിനു മുമ്പേ ഞാനതങ്ങു പറഞ്ഞേക്കാം—അതു മൂലം അവർ കവിതയെഴുത്തുതന്നെ നിറുത്തുന്നു! എന്തെങ്കിലും മററു ജോലികൾ ചെയ്യുകയും കവിതയെഴുതുകയും ഒരുമിച്ചു കഴിവില്ലാത്ത മിക്ക കവികളും—എല്ലാവരുമല്ല—കവിതയെഴുത്തു നിറുത്തുകയാണു നല്ലത്. വളരെയധികം സമയത്തിന്റെ അവകാശികളായിട്ടുള്ളവർ—ഒന്നുകിൽ വിക്ടോറിയൻ കവികളെപ്പോലെ—വളരെയധികം എഴുതുകയോ, അല്ലെങ്കിൽ

തങ്ങൾക്കെഴുതാൻ വിഷയങ്ങളൊന്നുമില്ലെന്നു മനസ്സിലാക്കുകയോ ചെയ്യും.

രണ്ടാമത്തെ മെച്ചം ഇതാണ്. 'ജീവിതത്തിൽ നിന്നും ഒഴിഞ്ഞുമാറിനിൽക്കാനാഗ്രഹിക്കുന്ന കവിയെ അതിലേക്കു് ഉന്തിവിടുവിച്ച്, 'ജീവിത'വുമായി ബന്ധം പുലർത്താൻ നിർബന്ധിപ്പിക്കും. ഇന്നു ജീവിച്ചിരിക്കുന്ന രണ്ടു് ഒന്നാംകിട കവികൾ—വാൾട്ടർ ഡിലാമേറും, ടി. എസ്സ്. എലിയട്ടും, വളരെക്കാലം ബാങ്കുകളിൽ ജോലി നോക്കിയിട്ടുണ്ട്. മൂന്നാമതൊരാൾ—വെർനോൺ വാട്കിൻസ് ഇപ്പോഴും ആ ജോലിതന്നെ നിർവഹിച്ചുകൊണ്ടിരിക്കുന്നു.

കവികളുടെ കാര്യം ഇങ്ങനെയെല്ലാമാണ്. നമ്മുടെ പ്രസിദ്ധീകരണവ്യവസായത്തിന്റെ നിലപാട് പഴയപോലെ തന്നെയാണ്. നമ്മുടെ യുഗം ഒരു പ്രത്യേക വിധത്തിലുള്ളതാണെന്ന് എനിക്കു തോന്നുന്നു. ഓരോ വ്യക്തിയും അങ്ങേയററം കഷ്ടപ്പെട്ടു പണിയെടുക്കണമെന്ന് വ്യവസ്ഥ ചെയ്യപ്പെട്ടിട്ടുള്ള ഒരു സമുദായത്തിലാണ് നാം ജീവിച്ചുകൊണ്ടിരിക്കുന്നത്. കരം ചുമത്തലിന്റെ ആധിക്യം നിമിത്തം, എത്രമാത്രം അദ്ധ്വാനിച്ചാലും, ജീവിക്കണമെങ്കിൽ പിന്നെയും പിന്നെയും വേണമെന്നുള്ള നിലയിലാണ് നമുക്കുള്ളത്.

സമുദായത്തിന്റെ ചട്ടംകെട്ടലുകളെല്ലാം മാററിവച്ചിട്ട് തോന്നിയപോലെ ജീവിതം നയിക്കുന്ന 'ബൊഹിമിയ'ന്മാരുടെ കാര്യമാണു ദയനീയമായിത്തീർന്നിരിക്കുന്നത്. മിക്കവാറും ഒന്നും മുടക്കാതെ കഴിച്ചുകൂട്ടുന്ന അ

ത്തരം ജീവിതരീതി പാടേ നശിച്ചുപോയിരിക്കുന്നു. ഒരു മൺക്കൂരയുടെ വാടക, ബീയർ, വീണ്ടും ബീയർ, ആഹാരം—അത്തരം ജീവിതരീതിയുടെ പ്രത്യേകതകളാണ് ഇവ. ഇതിനെല്ലാം വല്ലാതെ ചിലവുകൂടിയിരിക്കുകയാണിപ്പോൾ. അങ്ങനെ ഉദ്യോഗസ്ഥ വേഷം കെട്ടിയ കവി, സമുദായത്തിന്റെ ചക്രങ്ങൾക്കിടയിൽപ്പെട്ട് ഞെരുങ്ങുകയാണിന്ന്. വാടകയും ടാക്സും എല്ലാം കൊടുത്തു കഴിയുമ്പോൾ നമ്മുടെ കവിക്കു, "ഹാഫ് ടൈം ജോബി"ന്റെ 'വക' കിട്ടുന്നതിന് "ഫുൾടൈം ജോബ്" ചെയ്യേണ്ടിവരുന്നു എന്ന മനസ്സിലാകും.

നീളൻ തലമുടിയുള്ള കവിയെപ്പററിയുള്ള കടങ്കഥ കാണിച്ചു തരുന്നതുപോലെ, അസാധാരണ സ്വഭാവങ്ങളുള്ള ഒരുവനാണ് കവിയെന്ന് കവികളും, അതു ശരിയാണെന്ന് പൊതുജനങ്ങളും, കഴിഞ്ഞ അനേകം നൂററാണ്ടുകളായി കരുതിവന്നിരുന്നു. എന്നാൽ സാമൂഹ്യവൽക്കരിച്ച ഒരു സമുദായത്തിൽ ഇത്തരം വ്യക്തികൾ ആരെയും ആകർഷിക്കുകയില്ലതന്നെ. തങ്ങളുടെ ജീവിതചര്യകളിൽനിന്നു വ്യത്യസ്തമായ ഒരു ജീവിതചര്യ അംഗീകരിക്കുന്നവരെപ്പററി ഗൌനിക്കാൻ സാധാരണക്കാർക്കു സമയമില്ല. അഭംഗിയായും ബഹുമാന്യതയില്ലാതെയും ഉള്ള പെരുമാററങ്ങൾക്കു പഴയമോഡലിലുള്ള ഇടത്തരക്കാർക്കു "ഷോക്കു" കൊടുക്കുന്നതിനു ശക്തിയുണ്ടായിരുന്നു. കാരണം അവരുടെ മര്യാദയും വഴക്കങ്ങളും അവർ സ്വയം അടിച്ചേൽപ്പിച്ചിരുന്ന നിയമങ്ങളായിരുന്നു. സ്വന്തം വീടുകളിൽ "മാന്യ"മായ രീ

തിയിൽ ജീവിച്ചിരുന്ന ഇവർ, കാണുന്ന നിയമങ്ങളെല്ലാം ലംഘിക്കുന്ന റിംബോഡ്മാരെയും സ്വിൻബേൺമാരെയും കാണുമ്പോൾ ഭ്രമിച്ചുപോയിരുന്നു. കാരണം, അവരുടെ നിയമലംഘനങ്ങൾ തങ്ങൾ പാലിച്ചിരുന്ന നിയമങ്ങളെല്ലാം വെറും അനാവശ്യങ്ങളാണെന്ന ബോധം അവരിൽ ഉണ്ടാക്കുവാൻ പര്യാപ്തമായിരുന്നു.

എന്നാൽ ഇന്നു സ്റ്റേററിന്റെ ഇടപെടൽമൂലം എല്ലാ മനുഷ്യരുടേയും ജീവിതചര്യകളിൽ ഐകരൂപ്യം വന്നിരിക്കുന്നു. സ്ത്രീകളുടെ പ്രാർത്ഥനാപുസ്തകവും റേഷൻ ബുക്കുകളും മററും ആവശ്യമുള്ള സാധനങ്ങൾ തന്നെയാണിന്ന്.

കഴിയുന്നിടത്തോളം സമ്പാദിക്കുവാൻ മനുഷ്യർ സകല ശക്തിയുമുപയോഗിച്ച് ശ്രമിച്ചുകൊണ്ടിരിക്കുന്ന ഇത്തരം സമുദായത്തിൽ കവികളുടെ കിറുക്കുകൾ— Eccentricities—വെറും ബോറും, വിനോദരഹിതവുമാണ്. സന്തുഷ്ടിയോടെ ജീവിക്കുന്ന നല്ലവരായ തൊഴിലാളികളുടെ ഒരു സമുദായം, ഏതാനും കൊല്ലങ്ങൾക്കുള്ളിൽ ഒരു ഡബ്ളിയൂ. ബി. യീററ്സിന്റെ ഗോഷ്ഠികളിലും നാട്യങ്ങളിലും ശ്രദ്ധ കാണിക്കുമെന്നു വിചാരിക്കുക വയ്യ.

നമ്മുടെ പബ്ളിഷിംഗ് പ്രശ്നത്തിൽത്തന്നെ ഞാൻ വീണ്ടും വന്നെത്തി. കവിതകൾ പ്രസിദ്ധീകരിക്കപ്പെടണമെന്നും, അവയെപ്പററി ചർച്ചകൾ നടത്തപ്പെടണമെന്നുമുള്ളതാണ് പ്രധാനസംഗതികൾ. കവികളുടെ സാമ്പത്തികനില ഉയർത്തുവാൻ വേണ്ടതു ചെയ്തി

ട്ടില്ല കവികളെ സഹായിക്കേണ്ടതു്. കവിത പൊതുജനങ്ങളുടെ മുമ്പിൽ കൊണ്ടുവരാൻ ശ്രമിക്കുകയാണു് യഥാർത്ഥത്തിൽ ചെയ്യേണ്ടതു്. ബ്രിട്ടീഷ് ബ്രോഡ് കാസ്ററിംഗ് സർവീസ്, അവരുടെ ഹോം സർവീസ്, തേഡ് പ്രോഗ്രാം എന്നിവയിൽക്കൂടി കവിതാപാരായണത്തിനു ധാരാളം സൌകര്യം കൊടുത്തു് കവികളെ പ്രോൽസാഹിപ്പിക്കുന്നുണ്ടു്.

കവിതാഗ്രന്ഥങ്ങളുടെ പ്രസിദ്ധീകരണം വളരെ കുറഞ്ഞിട്ടുണ്ടു്. അതേസമയം, റേഡിയോവിൽക്കൂടെ പ്രക്ഷേപണം ചെയ്യുന്ന കവിതകളുടെ എണ്ണം വളരെ കൂടിവരുന്നുമുണ്ടു്. പ്രസിദ്ധീകരണത്തിൻെറ സ്ഥാനം ഈ രീതി അപഹരിച്ചേക്കുമോ എന്നു ചിലർ സംശയിക്കുന്നുണ്ടു്. വാസ്തവം പറഞ്ഞാൽ, കവികളുടെ കൃതികളിൽ ഈ ആശയത്തിൻെറ സ്വാധീനം ഇപ്പോഠംതന്നെ കാണപ്പെടുന്നുണ്ടെന്നു് എനിക്കു തോന്നുന്നു.

---

* സ്റ്റീഫൻ സ്പെൻഡറുടെ ഒരു ലേഖനത്തിൻെറ സംഗ്രഹം.

# സാഹിത്യത്തിലെ ഐക്യമുന്നണി

ഐക്യമുന്നണി! ഹാ, എത്ര മാദകമായ, മധുരമേറിയ ഒരു പദം! അതുച്ചരിച്ചുകേൾക്കുമ്പോൾ ഹൃദയത്തിനൊരു കോരിത്തരിപ്പ്.

ഈയിടെ നമ്മുടെ സാഹിത്യകാരന്മാർക്കു തർക്കിക്കാൻ കിട്ടിയ ഒരു വിഷയമാണിത്. എപ്പോഴും അവർക്കെന്തെങ്കിലും വേണം ലഹളകൂട്ടാൻ; വെറുമൊരു രസത്തിന്. ഐക്യമുന്നണിവാദം ആവിർഭവിക്കുന്നതിനു മുമ്പ്, വിശ്വസാഹിത്യത്തിലേക്കു തർജ്ജിമ ചെയ്യേണ്ട ഗ്രന്ഥങ്ങളേതെല്ലാം എന്നതായിരുന്നു വിവാദസംഗതി.

കോട്ടയത്തും തിരുവനന്തപുരത്തും മററുംവച്ചു ചില ചർച്ചായോഗങ്ങൾ നടന്നത്രെ. വർക്കിയും, ദേവും, തകഴിയും മററും "താത്വികമായി" ഐക്യമുന്നണിക്കനുകൂലമാണെന്നാണ് പത്രറിപ്പോർട്ട്. ഇന്നാട്ടിലെ സാധാരണക്കാരന്റെ അഭിപ്രായംകൂടി അറിയേണ്ടതുണ്ടു നമുക്ക്.

ആരാണിപ്പുത്തൻ വാദത്തിന്റെ ഉപജ്ഞാതാക്കൾ? മററാരുമല്ല. നമ്മുടെ കമ്യൂണിസ്ററു സാഹി

ത്യകാരന്മാർ. (അവരെ സാഹിത്യകാരന്മാരെന്ന വിളിക്കാമോ എന്നറിഞ്ഞില്ല; പക്ഷെ, ആസ്വാദകന്മാരും സാഹിത്യകാരന്മാരാണെന്നാണവരുൽഘോഷിക്കുന്നതെന്നറിയാം. ഈ "അവകാശം" ആസ്വാദകന്മാർക്കുവേണ്ടി പിടിച്ചുപററുവാൻ—മററുള്ളവരുടെപേരിൽ വിപ്ലവം നടത്തുകയും അവരുടെപേരിൽത്തന്നെ, അധികാരത്തിൽ ഉറച്ചുവാഴുന്നതുമായൊരു പാരമ്പര്യത്തിൻെറ അവകാശികളാണല്ലോ അവർ). ഇക്കൂട്ടർ സമരം നടത്താൻപോകുന്നതായും കേട്ടു. രണ്ടു കൊല്ലക്കാലം (1948—1950) "വിപ്ലവം" നയിച്ചു ജയിച്ചു കൊടി പറപ്പിച്ച നമ്മുടെ കഃ സഖാക്കളാണ് ഈ വാദം കൊണ്ടുവന്നിട്ടുള്ളതെന്നോർക്കുമ്പോ൦, ഇപ്പോഴിതുംകൊണ്ടു മുന്നോട്ടു ചാടാനെന്താണു കാരണം എന്നു ചിന്തിച്ചു പോകുന്നു.

വാസ്തവമാണ്, അവരതെല്ലാം ചെയ്തതു വളരെ രഹസ്യമായിട്ടായിരുന്നു; എങ്കിലും സാധാരണക്കാരന് ഇന്നതു പകൽവെളിച്ചംപോലെ മുഴുവൻ വ്യക്തമായിരിക്കുന്നു. സ്വാമിഭക്തരായ ഇന്ത്യൻകമ്യൂണിസ്ററുകാ൦ക്കു കഴിഞ്ഞ കാലങ്ങളിൽ ചോരയിലും കണ്ണീരിലുംകൂടി നാം നടത്തിയ സ്വാതന്ത്ര്യസമരത്തെ എതിർക്കാതെ നിവൃത്തിയില്ലായിരുന്നു. പ്രത്യേകിച്ചും 1942 ആഗസ്റ്റിൽ. 'പിതൃഭൂമി'യിലേക്കു ഹിററ്ലരുടെ സൈന്യം കുതിച്ചുകയറിയപ്പോ൦, അവക്കെങ്ങനെകഴിയും ഇന്ത്യയിലെ പാവപ്പെട്ടവർ സ്വാതന്ത്ര്യത്തിനുവേണ്ടി, രാഷ്ട്രീയസ്വാതന്ത്ര്യത്തിനെങ്കിലുംവേണ്ടി നടത്തിയ സമരത്തെ അനുകൂലിക്കു

വാൻ? പോരാത്തതിന് കമ്മ്യൂണിസ്ററുകൾക്ക് രാഷ്ട്രീയസ്വാതന്ത്ര്യത്തിലോ ജനാധിപത്യത്തിലോ വിശ്വാസമില്ലല്ലോ. (തങ്ങൾക്കധികാരം കിട്ടിയാൽ മതിയാകും.) ആ വാക്കുകളെല്ലാം ബൂർഷ്വാകളുടെ കള്ളനാണയങ്ങൾ!

നമുക്ക് അടുത്തുവരാം. "സ്വാതന്ത്ര്യ"പ്രാപ്തിക്കുശേഷം ക: പാർട്ടി നെഹ്റുഗവണ്മെൻറിനു സഹായവാഗ്ദാനങ്ങൾ തുടരെത്തുടരെ നൽകി. ഗാന്ധിജിയുടെ എഴുപത്തെട്ടാം ജന്മദിനത്തിൽ "Homage to Mahatma" എന്നൊരു പുസ്തകം അച്ചടിച്ചു വിതരണംചെയ്തു. അതിൽ ലോകത്തിലെ ഏററവും വലിയ വിപ്ലവകാരിയാണു ഗാന്ധിജിയെന്നും മററും പറഞ്ഞു് അദ്ദേഹത്തെ പുകഴ്ത്തിയിരുന്നു. പക്ഷേ. കാററു മാറിവീണു, വേഗം. ആററംബോംബു പരിക്ഷണങ്ങളും, പൊട്ടലുകളും മററും കണ്ടപ്പോൾ, അമേരിക്ക ഉടനെ യൂറോപ്പിൽ യുദ്ധം ആരംഭിക്കുമെന്നു റഷ്യയ്ക്കു തോന്നി. തുടർന്ന് ലോകമാസകലമുള്ള 'അഞ്ചാംപത്തി'കൾക്ക് 'വിപ്ലവം' സമാരംഭിച്ചുകൊള്ളാൻ നേതാവു സ്റ്റാലിൻ ആജ്ഞയും നൽകി. കിഴക്കേ ഏഷ്യൻ രാജ്യങ്ങളിലെന്നപോലെ ഇന്ത്യയിലും "പാർട്ടിലൈൻ" മാററപ്പെട്ടു. പി. സി. ജോഷിയെ സ്ഥാനഭ്രഷ്ടനാക്കി. രണദേവ് നേതാവായി. അവർ "വിപ്ലവം വിപ്ലവം" എന്നട്ടഹസിക്കാനും, തീവണ്ടികൾ മറിക്കാനും, പോലീസ് സ്റേറഷൻ ആക്രമിക്കാനും, തീവെയ്ക്കാനും, കൊല്ലാനും, കൊള്ളയടിക്കാനും നശിപ്പിക്കാനും തുനിഞ്ഞിറങ്ങി. എന്നാൽ സംഭവിച്ച

തെന്താണ്? കമ്മ്യൂണിസ്ററു പാർട്ടിയുടെ നേതൃത്വ ത്തിൽ വിശ്വസിക്കാനുള്ള മഠയത്തം ഇവിടത്തെ കഷ്ട പ്പെടുന്ന തൊഴിലാളിവർഗ്ഗത്തിനുണ്ടായില്ല. അങ്ങിനെ അവരുടെ മുറിവിപ്ളവം തോററു പാളീസ്സായി.

ആ കണ്ണീരിന്റെ കഥകളെന്നും പറയാതിരിക്കു കയാണു ഭേദം. ഇന്ത്യ പെട്ടെന്നൊരു പോലീസ് രാഷ്ട്ര മായി മാറി. പട്ടാളക്കാർ ഗ്രാമങ്ങളുടെ സന്താനങ്ങളെ ഞെരിച്ചുകൊന്നു. രാത്രിയിൽ കമ്മ്യൂണിസ്ററുകാരും പകൽ പട്ടാളക്കാരും നടത്തിയ അക്രമതാണ്ഡവങ്ങൾ വിസ്തരിക്കുകവയ്യ.

"മുറിവിപ്ലവ"ത്തിന്റെ തൽക്കാലത്തെ അപ്രാ യോഗികത അവർക്കിപ്പോഴും മനസ്സിലായിരിക്കുന്നു. പാ ർട്ടി നേതൃത്വം മുതലാളിത്വത്തിനു കുരുതി കൊടുത്ത തൊഴിലാളിവർഗ്ഗത്തിന്റെ രക്തം മണ്ണിൽ കിടന്നു നിലവിളിക്കുകയാണിന്ന്. എങ്കിലും അവക്കു മാനസാ ന്തരമില്ല. മറെറാരവസരം ലഭിക്കുവാൻ പാടുപെടുക യാണിവരെന്നായ്ക്കും; മൂന്നാംലോകമഹായുദ്ധം മൂന്നുനാലു കൊല്ലംകൂടി കഴിഞ്ഞിട്ടുമതി എന്നു റഷ്യ നിശ്ചയിച്ചു. അതാണിപ്പോഴെങ്കിലും "വിപ്ലവം" പിൻവലിച്ചതു് എന്നു ചിലരഭിപ്രായപ്പെടുന്നു.

"സമാധാന കോൺഗ്രസ്സും" "സ്റ്റോക്ക്ഹോം അ പ്പീലും ക: പാർട്ടിക്കു തിരിച്ചുവരാനുള്ള സൗകര്യം സൃ ഷ്ടിക്കുന്നതിനുവേണ്ടി മനപ്പൂർവം ആരംഭിച്ചിട്ടുള്ളതാ ണു്. എന്നാൽ, അതിൽ പങ്കെടുക്കുന്നവരിൽ പലരും

ആ സത്യം മനസ്സിലാക്കാതെയാണിരിക്കുന്നതു്. അവ ൎക്ക താമസിയാതെ മനസ്സിലായിക്കൊള്ളും.

കമ്മ്യൂണിസ്ററുകാരും അവരുടെ സാഹിത്യകാര ന്മാരും "സഹയാത്ര"ക്കാരും ഈ പരിതസ്ഥിതികളിലാ ണ് "ഐക്യമുന്നണി"വാദവുമായി മുമ്പോട്ടു വന്നിരി ക്കുന്നതു്. അവൎക്ക മറെറാന്നും ഇപ്പോൾ ചെയ്യാൻ സാ ദ്ധ്യമല്ല. ആദ്യമായി നിയമവിധേയത്വം സമ്പാദിക്ക ണം. പിന്നീട് പഴയ 'മുറിവിപ്ലവം' ആരംഭിക്കണം

എന്നാൽ ഐക്യമുന്നണിയുടെ സ്വഭാവം വ്യക്ത മാക്കാൻ അവൎക്കിതുവരെ കഴിഞ്ഞിട്ടില്ല. എന്താണി തിൻെറ ഉദ്ദേശ്യങ്ങൾ? ആരൊക്കെയായിട്ടുള്ള ഐക്യ മുന്നണി? ആർ.എസ്.എസ്സും ഹിന്ദുമഹാസഭയുമായി ട്ടുള്ള ഐക്യമുന്നണി വേണോ രാഷ്ട്രീയരംഗത്തു കോൺ ഗ്രസ്സിനെതിരായി? 1936-ലെ ഐക്യമുന്നണിയുടെ അനുഭവമുള്ള സോഷ്യലിസ്ററുകൾ ഇനിയും കമ്മ്യൂണി സ്ററുകളുടെക്കൂടെ 'ഐക്യമുന്നണി'യിൽ ചേരുമെന്നു തോന്നുന്നില്ല. ക: പാർട്ടിയുടെ ഉള്ളിലുള്ള അരാജക ത്വവും കലാപങ്ങളും കാണുമ്പോൾ ഒരു രണ്ടുകൊല്ലം കൂടി കഴിയണം "ഐക്യമുന്നണി"യെപ്പററി അധികൃത മായ ഒരു 'തിസിസ്' നമുക്കു കിട്ടണമെങ്കിൽ, എന്നു തോന്നിപ്പോകുന്നു.

ഏതു രംഗത്തും, കമ്യൂണിസ്ററു പാർട്ടിയോ അവ രുടെ സാഹിത്യകാരന്മാരോ ആയിട്ടൊരു 'ഐക്യമുന്ന ണി' സൃഷ്ടിക്കുന്നതിൽ അർത്ഥമില്ലെന്നു് ഞാൻ ഉറക്കെ

വിളിച്ചുപറയുന്നു. ക: പാർട്ടി ചെയ്ത ഹിമാലയൻ വിഡ്ഢിത്തങ്ങളും, കൊടിയ ജനവഞ്ചനയും ഒരു മിനുത്ത വാക്കിനുള്ളിൽ ഒളിപ്പിക്കാനുള്ള ഒരു വ്യഥാശ്രമം മാത്രമാണിതു്. അതു തുറന്നുപറയാനുള്ള തന്റേടം തകഴിക്കും ദേവിനും മററും ഇല്ലാതെപോയതു കഷ്ടംതന്നെ. രാഷ്ട്രീയമായ അഭിപ്രായവ്യത്യാസമാണ് പു. സാ. സംഘടനയിൽനിന്നും ഒരുക്കൂട്ടർ തെററിപ്പിരിഞ്ഞു പോയി തെറിപറഞ്ഞു നടക്കാൻ കാരണമെന്നും, അവരുടെ രാഷ്ട്രീയാഭിപ്രായങ്ങൾ വ്യത്യാസപ്പെട്ടത്താതെ അവർ ഐക്യമുന്നണി വേണമെന്നിപ്പോൾ വാദിക്കുന്നതിലർത്ഥമില്ലെന്നും പറഞ്ഞ ശ്രീ. പൊൻകുന്നം വർക്കിയുടെ ധീരമനസ്ഥിതി അഭിനന്ദനീയമാണ്.

മുതലാളിത്തത്തിനും വർഗ്ഗീയതയ്ക്കും എതിരായി, ഒരുമിച്ചുനിന്നു പൊരുതണമെന്നാണോ ഈ "മുന്നണി" ക്കാർ പറയുന്നതു്? അതിലാക്കെന്തു വിരോധം? കേരളത്തിലെ പുരോഗമനസാഹിത്യകാരന്മാർ ഇന്നുവരെ പ്രസ്തുത പിന്തിരിപ്പൻശക്തികളെ എതിർക്കുന്നതിൽനിന്നും വിരമിച്ചിട്ടില്ല. കേശവദേവ് മാർക്സിസം തെറെറന്നു പറഞ്ഞെങ്കിലെന്തു്? ഒരു വലിയ വിഭാഗം ആധുനിക ചിന്തകന്മാരുടെയും അഭിപ്രായമതാണ്. ഒരു നൂററാണ്ടു മുമ്പു് മാർക്സു പറഞ്ഞ കാര്യങ്ങൾ ചിലതു മുഴുവൻ തെററാണെന്നും, ചിലതിൽ കഴമ്പു കുറവാണെന്നും കാലം തെളിയിച്ചുകഴിഞ്ഞു. അതു മനസ്സിലാക്കാതെ, മനസ്സിലാക്കിയാലും സമ്മതിക്കാതെ, മാർക്സ്

നിർദ്ദേശിച്ച അടിസ്ഥാനത്തിൽ വേണം കൃതികൾ നിർമ്മിക്കേണ്ടതെന്നു പറയുന്നവർ മാർക്സിസ്റ്റുകളല്ല മൂഢന്മാരാണ്. അതിനാൽ, ഇറങ്ങിപ്പോയവർ വീണ്ടും ആ മഹത്തായ സംഘടന — പുരോഗമനസാഹിത്യസംഘടന — യിൽ വന്നുചേർന്ന്, അച്ചടക്കത്തിനു വിധേയരായി പ്രവർത്തിച്ചാൽമാത്രം മതിയാകും, 'ഐക്യമുന്നണി' എന്നു നിലവിളിച്ചു ചെപ്പടിവിദ്യകളുണ്ടാക്കിയിട്ടർത്ഥമില്ല.

---

(ലോകവാണി, ഏപ്രിൽ 1951)

# പുൽക്കൊടികൾ

കാവ്യഭാഷയിൽ സംസാരിക്കുന്നപക്ഷം, ഇതു കവിതയുടെ പൂക്കാലമാണെന്നു പറയാം. മലയാളകവിതയെ ചങ്ങമ്പുഴയോടടുപ്പിക്കുന്നതിലായിരുന്നു ചങ്ങമ്പുഴയുടെ വിജയം. അദ്ദേഹത്തിന്റെ കവിതകളിൽനിന്നു പ്രചോദനം നേടിയ അനവധി യുവാക്കന്മാർ കവികളായിത്തീർന്നപ്പോൾ കവിതയിലൊരു വെള്ളപ്പൊക്കംതന്നെയുണ്ടായി കേരളത്തിൽ. കവിതയെഴുത്തിൽ ശ്രദ്ധിക്കേണ്ട മിക്ക കാര്യങ്ങളും വിസ്മരിക്കപ്പെട്ടു. എന്നാൽ ചങ്ങമ്പുഴയുടെ മരണത്തോടടുത്തുണ്ടായ അധഃപതനം കഴിഞ്ഞു് രണ്ടുമൂന്നു കൊല്ലങ്ങളായി കവിതയിൽ ഒരു നവോത്ഥാനംതന്നെ ആരംഭിച്ചിട്ടുണ്ടു്. പുതിയ ആശയങ്ങൾ പുതിയ രൂപത്തിൽ പ്രകാശിപ്പിക്കാൻ കഴിവുള്ള ഏതാനും പുതിയ കവികൾ എഴുന്നേററിരിക്കുന്നു. അവരുടെ കൂട്ടത്തിലാണു് ശ്രീ. ജോസഫിനെ ഞാൻ കാണുന്നതു്.

സംസ്കാരസമ്പന്നമായ ഹൃദയത്തിൽ ഉറവിടുന്ന അവ്യക്തവും വൈവിദ്ധ്യാത്മകവുമായ ചില അനുഭൂതി

വിശേഷങ്ങൾ ചില പ്രത്യേക നിമിഷങ്ങളിൽ പ്രകാശനമാവശ്യപ്പെടുന്നു. ആ പ്രകാശനങ്ങൾക്കു രൂപം നൽകുമ്പോൾ അതു കവിതയാകുന്നു. കവിതയ്ക്കു പ്രായോഗികമായ ഉദ്ദേശമില്ലെന്നല്ല പറയുന്നതു്. ഉണ്ടായിരിക്കേണ്ടതാണുതാനും. ഈ സമാഹാരത്തിലെ മിക്ക കവിതകളുടെയും പിന്നിൽ അറിഞ്ഞോ അറിയാതെയോ ഒന്നോ അതിലധികമോ ഉദ്ദേശങ്ങളുണ്ടു്. അതാണിവയുടെ പ്രത്യേകത. ആ ലക്ഷ്യങ്ങളൊന്നും ബാലിശത്വം തീണ്ടിയിട്ടുള്ളവയല്ലതാനും.

"കൊണ്ടുപോകുവാനെനി-
ക്കുണ്ടൊരു നിധി, ദൌത്യ-
മുണ്ടെനിക്കൊന്നു,ണ്ടൊരു
ലക്ഷ്യവും പ്രയാണത്തിൽ."

പാതവക്കിൽ കാണുന്ന പൂക്കളും തേനോലും ഗാനമാലപിക്കുന്ന കോകിലങ്ങളും, മിന്നൊളിമിഴിമാരും അവന്റെ പ്രയാണത്തെ പ്രായേണ സുഖകരമാക്കിത്തീർക്കാൻ സഹായിക്കുകയല്ലാതെ അതിനു വിഘ്നങ്ങളായിത്തീരരുതു്. ഈ ചിന്താഗതിയാണു് "പൂവുകളറുത്തു ഞാൻ" എന്ന കവിതയിൽ ആവിഷ്കരിച്ചിരിക്കുന്നതു്.

ഫലമില്ല പൂവില്ലി,ലകളില്ല,
മരമിതു മുററുമുണങ്ങിനിൽപ്പൂ
അഴകിന്നവന്തമധുരരൂപ
പ്പൂവിയിതു ചാർത്തിലസിപ്പതില്ല.

* * *

എങ്കിലുമുണ്ടൊരു തൃപ്തിനോർക്കിൽ
സങ്കടം തെല്ലു മയപ്പെട്ടത്താൻ:
ഏതോ പറവയ്ക്കു കൂടുകെട്ടാൻ
ശാഖകൾ താങ്ങായ് ചമഞ്ഞുവല്ലോ

ശുഷ്കവൃക്ഷം എന്ന കവിതയിൽനിന്നാണ് ഈ വരികൾ. പ്രതിപാദ്യവിഷയവും പ്രതിപാദനരീതിയും ഒരുപോലെ കവിതാമയമാണ്. "എണ്ണക്കാർ" മനുഷ്യ പ്രയത്നത്തിൻെറ മഹത്വത്തെ പ്രകീത്തിക്കുന്നു. ജീവിതാനുഭവങ്ങളെപ്പററി ചിന്തിക്കുന്ന കവിഹൃദയം ജീവിത വൈചിത്ര്യങ്ങളെ അവയുടെ സങ്കീർണ്ണഭാവങ്ങളിൽ ദർശിക്കുന്നു. ഫലമോ? 'പഴകിയ മണ്ണിൽ പരദേശി,' 'അഴകിൻ പിന്നിൽ,' 'കാലമാം പാലം,' തുടങ്ങിയ നല്ല കവിതകൾ. 'സൂര്യനും കിഴങ്ങും' 'പുൽക്കൊടികൾ' മുതലായ കവിതകളെ മിസ്ററിക്ക് പ്രസ്ഥാനത്തിലുൾപ്പെടുത്താമെങ്കിലും, വായനക്കാരന് അധികം ബുദ്ധിമുട്ടു കൂടാതെ മനസ്സിലാക്കാൻ കഴിയുന്നതരം മിസ്ററിസിസമാണ് അവയിലുള്ളത്. 'ആ നൃത്തം' എന്ന കവിതയിൽ കവികൾക്കു സാധാരണ പററാറുള്ള ഒരബദ്ധം ശ്രീ. ജോസഫിനും പററിയിരിക്കുന്നു — ആത്മവഞ്ചന. തൻെറ പ്രേമഭാജനത്തെ കാണാമെന്നുള്ള ആശയോടെ ഒരു നൃത്തശാലയിലെത്തുന്ന കവി, അവളെ ഒരു നോക്കു കാണുന്നു. നൃത്തത്തിൻെറ മാധുര്യമല്ല കവിയനുഭവിക്കുന്നത്, പ്രത്യുത തൻെറ കാമുകി ഒരന്യനോടു സംഭാഷണംചെയ്യുന്നതു കണ്ടതുകൊണ്ടുള്ള കടുത്ത ശോകമാണ്—നൃത്തം കഴിഞ്ഞു. 'ജനഗണമന' ഗാനമുയരുന്നു.

ആ ഗാനം കവിയെ 'സ്വാതന്ത്ര്യം ലഭിച്ചോരാച്ചരിതം' നിനയ്ക്കാൻ പ്രേരിപ്പിക്കുന്നു. 'ആയിരക്കണക്കായ ധീരരെ നിനച്ചപ്പോഠം' എന്തു സംഭവിച്ചു?—'ഹേമയോ വെറും നിഴലായെങ്ങോ മാഞ്ഞുപോയി.' ഈ കവിത തീർച്ചയായും ഒരു പരാജയമാണ്.

ആകെ ഇരുപത്തിയാറു കവിതകഠം. സംഗീതം ആവശ്യത്തിനുമാത്രം. ആകർഷകമായ ചിന്താഗാംഭീര്യം. കവിതകളോരോന്നും സോദ്ദേശമാണെന്ന് ആദ്യമേ പറഞ്ഞു. എന്നാൽ അവയെ വെറും Didactic എന്നു വിളിക്കുന്നതു ശരിയായിരിക്കുകയില്ല.

ഒരു വാക്കുകൂടി. ശ്രീമതി ലീലാവതിയുടെ അവതാരിക ഈ കവിതകളുടെ ആത്മാവിലേക്കുള്ള ഒരെത്തിനോട്ടമാണ്—വിജയകരമായ ഒരെത്തിനോട്ടം.

# ബ്രൂട്ടൽ റീയലിസം

ഗസ്റ്റാവ് ഫ്ളോബേയ്റുടെ 'മാഡം ബോവറി' പുറത്തു വന്നപ്പോൾ ഫ്രാൻസിലെ 'സൊസൈററി ലേഡി'കളുടെയിടയ്ക്ക് അതൊരു വമ്പിച്ച കോളിളക്കം തന്നെ സൃഷ്ടിച്ചു. അതിൻെറ അനന്തരഫലങ്ങൾ ഇന്ന് ചരിത്രത്തിൻെറ അംശമാണ്. രണ്ടാംലോകമഹായുദ്ധത്തിൻെറ അന്ത്യത്തോടു സമീപിച്ച് പ്രസിദ്ധപ്പെടുത്തിയ ഒരു നോവലാണ് നോമ്മൻ മെയ്ലറുടെ 'നഗ്നരും മരിച്ചവരും.' (The Naked and the Dead) ഈ നോവലാകട്ടെ യൂറോപ്പിലെങ്ങും ഉടനടി നിരോധിക്കപ്പെട്ടു! ആധുനികനോവലിൻെറ ചരിത്രത്തിലെ ഒരു സംഭവമാണ് 'നഗ്നരും മരിച്ചവരും'. യുദ്ധത്തെക്കുറിച്ച് ഇതിനു മുൻപു പലരും നോവലുകളെഴുതിയിട്ടുണ്ട്. എന്നാൽ മെയ്ലറുടെ നോവലിൻെറ പ്രത്യേകത അതിൻെറ വിപ്ളവകരമായ ടെക്നിക്ക്—അഥവാ സാങ്കേതികരീതിയാണ്.

സാഹിത്യം, പൊതുവെ പറഞ്ഞാൽ റൊമാൻറിസിസത്തിൽനിന്നും റീയലിസത്തിൽ വന്നു നിൽക്കുകയാ

ണല്ലോ ഇന്നു്. റിയലിസത്തിൽത്തന്നെ പല ഉൾപ്പിരിവുകളും ഉണ്ടെന്നു കാണാൻകഴിയും—ഫ്ളോബേയ്റുടെയും സോളയുടെയും നാച്ചുറലിസം തൊട്ടു് മാക്സിം ഗോർക്കിയുടെ സോഷ്യലിസ്ററു റിയലിസം വരെ—സാങ്കേതികരീതികൾക്കു ശാശ്വതമായി വായനക്കാരെ ആകർഷിക്കാനുള്ള കഴിവില്ല. ജനപ്പിഃക്കണ്ട 'ഫല'ത്തിന്റെ രൂപവും വിഷയത്തിന്റെ വൈവിദ്ധ്യവും പ്രത്യേകതയും അനുസരിച്ചു് ഏതെങ്കിലുമൊരു സാങ്കേതികരീതി നോവലെഴുത്തുകാരൻ തിരഞ്ഞെടുക്കുന്നു. യുദ്ധത്തെക്കുറിച്ചൊരു നോവലാണു് ടോൾസ്റ്റോയിയുടെ 'യുദ്ധവും സമാധാനവും'. അതു വെറുമൊരു ഫാൻറസിയായി ഒരു കാലത്തും നമുക്കു് അനുഭവപ്പെടാനിടയില്ല. നേരേമറിച്ചു്, അതിലെ അസംഖ്യം കഥാപാത്രങ്ങൾ എല്ലാവരും തന്നെ സ്വയം ശ്വാസോച്ഛ്വാസം ചെയ്യാൻ ശക്തിയുള്ളവരാണു്; ജീവിക്കുന്നവരാണു്; തങ്ങളുടെ കഴിവുകൾക്കും സ്വഭാവത്തിനും അനുസരിച്ചു സംസാരിക്കുകയും പ്രവർത്തിക്കുകയുമാണു് അവർ ചെയ്യുന്നതു്. റൊമാൻറിക് സാങ്കേതികരീതിക്കു പകരം—അന്നു് അതിനായിരുന്നു പ്രചാരം—കറയററ റിയലിസമാണു്—'തനി റിയലിസ'മാണു് ടോൾസ്റ്റോയി സ്വീകരിച്ചതു്. ഇന്നു മിക്ക നോവലെഴുത്തുകാരും അംഗീകരിച്ചിരിക്കുന്നതു് ഹെമിങ്ങ് വേയുടെ 'തനി റിയലിസ'മാണു്. For whom the Bell Tolls, A Farewell to Arms തുടങ്ങിയ നോവലുകളിൽ കൂടി ഹെമിങ്ങ്‌വേയ്ക്കു് ഒരു പുതിയ 'സ്കൂൾ' സൃഷ്ടിക്കാൻ കഴിഞ്ഞു. നോർമ്മൻ മെയ്‌ലറിൽ ഹെമിങ്ങ്‌വേ

യുടെ സ്വാധീനശക്തി വളരെയധികം കാണാം. എന്നാൽ 'നഗ്നരും മരിച്ചവരും' എന്ന നോവലിൽ, വിഷയത്തിന്റെ പ്രത്യേകതകൊണ്ട്, ജനിപ്പിക്കേണ്ട ഫലത്തിന്റെ പ്രത്യേകതകൊണ്ട് ഒരു പുതിയതരം "അറയ്ക്കുന്ന റിയലിസ"മാണുള്ളത്. ഇതിനെ ബ്രൂട്ടൽ റിയലിസമെന്നു വിളിക്കാം.

'പച്ച റിയലിസ'മെന്നപേരിൽ ശ്രീ. എം. ഗോവിന്ദനോ മറ്റോ എഴുതിയ ഒരു ലേഖനം എവിടെയോ വായിച്ചതായി ഓർക്കുന്നു. വ്യഭിചാരത്തെപ്പററി അനവധി കഥകളും ഏതാനും നോവലുകളും മലയാളത്തിലുണ്ട്. ഈ പച്ച റിയലിസം ഒരു വിഷപ്പകർച്ചതന്നെയാണ്. സാഹിത്യം കൂടുതൽ കൂടുതൽ 'സോദ്ദേശ'മായി വരികയാണല്ലോ. ബ്രൂട്ടൽ റിയലിസം ഒരു സോദ്ദേശനോവലിന് അനുയോജ്യമായ ടെക്നിക്കാണ്. പച്ച റിയലിസം അല്ലതാനും. വ്യഭിചാരത്തെക്കുറിച്ചു രണ്ടു കഥകൾ എടുക്കുക. പോഞ്ഞിക്കര റാഫിയുടെ "ചൂടുള്ള അനുഭവ"വും ജെയിംസ് ജോയിസിന്റെ Two Gallants-ഉം ('രണ്ടു ചെറുപ്പക്കാർ') ജോയിസിന്റെ കഥയിൽ ഒരു ചെറുപ്പക്കാരൻ ഒരു പാവപ്പെട്ട പെണ്ണിനെ വഴിതെററിക്കാൻ ശ്രമിക്കുകയും അതിൽ പരാജയപ്പെടുകയും ചെയ്യുന്നു. റാഫിയുടെ കഥയിൽ ഒരു ചെറുപ്പക്കാരൻ വ്യഭിചരിക്കുകയും തൽഫലമായി അയാൾക്കു ഗുഹ്യരോഗം പിടിപെട്ട് അയാൾ ആസ്പത്രിയിൽ പോവുകയും ചെയ്യുന്നു. ജോയിസിന്റെ കഥയിലെ രണ്ടു ചെറുപ്പക്കാർ രണ്ട്, വ്യക്തിത്വമുള്ള മനുഷ്യരാണ്. അവരുടെ

വൈകാരികമനോഭാവത്തെ അപഗ്രഥിച്ച്—ഒരു മനശ്ശാസ്ത്രപണ്ഡിതന്റെ പ്രാഗത്ഭ്യത്തോടുകൂടി,—ജോയിസ് നമ്മുടെ മുമ്പിൽ പ്രദർശിപ്പിക്കുന്നു. ലൈംഗികപ്രശ്നം ഒരു വലിയ പ്രശ്നം തന്നെയാണ്; ഒരു സോഷ്യലിസ്റ്റുവ്യവസ്ഥിതിയിൽപോലും. ഈ തുടിക്കുന്ന ലൈംഗികപ്രശ്നത്തെക്കുറിച്ചു വായനക്കാരൻ ചിന്തിക്കാനിടയാകുന്നു എന്നതാണു ജോയിസിന്റെ കഥയുടെ മെച്ചം. റാഫിയുടെ കഥയുടെ കേന്ദ്രം 'ചൂട്ടുള്ള' അനുഭവം തന്നെ. "ഇന്നകാര്യം ചെയ്തുപോകരുത്, ചെയ്താൽ ഇന്നതാണനുഭവം" എന്നു പകപ്പെന്ന ഒരു സ്നേഹിതനെപ്പോലെ റാഫി പരോക്ഷമായി നമ്മോടു പറയുന്നു. ജോയിസിന്റെ കഥയിലെ കോർലിയും ലെനിഹാമും വിസ്മരിക്കാനാകാത്ത കഥാപാത്രങ്ങളാണ്. റാഫിയുടെ കഥാനായകൻ വ്യക്തിയല്ല, ഒരു ടൈപ്പുമാത്രമാണ്. കലാത്മകത്വം ജോയിസിന്റെ കഥയ്ക്കായിരിക്കാം കൂടുതൽ. പക്ഷേ റാഫിയുടെ കഥയാണു കൂടുതൽ പ്രയോജനംചെയ്യുന്നതെന്ന് എനിക്കു തോന്നുന്നു. ഈ കഥകൾ രണ്ടും ലൈംഗികകാര്യങ്ങൾ പ്രതിപാദിക്കുന്നവയാണെങ്കിലും അവയെ ബ്രൂട്ടൽ റിയലിസത്തിലോ പച്ച റിയലിസത്തിലോ ഉൾപ്പെടുത്താൻ സാദ്ധ്യമല്ല. ലൈംഗികവിഷയത്തെക്കുറിച്ചു മലയാളത്തിൽ വന്നിട്ടുള്ള ചില കഥകൾ വായനക്കാർക്കു പ്രസ്തുത വിഷയത്തിൽ അഭിനിവേശം ജനിപ്പിക്കാൻവേണ്ടിത്തന്നെ എഴുതപ്പെട്ടിട്ടുള്ളതായി തോന്നും. പ്രസാധകനോ എഴുത്തുകാരനോ ധനസമ്പാദനമാണ് ഉദ്ദേശം.

ഹെമിങ്ങ്‌വേയുടെ For Whom The Bell Tolls എന്ന നോവലിൽ ഗ്രാമീണകഥാപാത്രങ്ങൾ 'പച്ചത്തെറി' തന്നെ പറയുന്ന വളരെ സന്ദർഭങ്ങളുണ്ട്. അപ്പോഴൊക്കെ ആ വാക്കുകൾക്കുപകരം "unprintable" എന്നെഴുതുകയാണ് നോവലിസ്‌ററു ചെയ്യുന്നത്. സ്പാനിഷ് ആഭ്യന്തര സമരമാണ് കഥയുടെ ബീജം. യുദ്ധത്തെക്കുറിച്ചുതന്നെയുള്ള മെയ്‌ലറുടെ നോവലിൽ പട്ടാളക്കാരുടെ സംഭാഷണം അതേപടി പകർത്തിയിരിക്കുന്നു.

രണ്ടാം ലോകമഹായുദ്ധത്തെക്കുറിച്ചൊരു നോവൽ, അതെ, അതാണു "നഗ്നരും മരിച്ചവരും". യുദ്ധം പസിഫിക്കിലേക്കു പരന്നപ്പോൾ അതൊരാഗോളയുദ്ധമായിത്തീർന്നു. പേൾഹാർബർ സംഭവത്തിനുശേഷം അമേരിക്ക ജപ്പാനുമായി നേരിട്ടൊരു സമരത്തിലേർപ്പെട്ടു. പസിഫിക് സമുദ്രത്തിലെ അനവധി ദ്വീപുകളിൽവച്ചു് അമേരിക്കരും ജപ്പാൻകാരും തമ്മിൽ ബലപരീക്ഷണങ്ങൾ നടന്നു. അക്കൂട്ടത്തിൽ 'അനോപ്പോപ്പേയ' എന്ന ജാപ്പധീനദ്വീപു് ഒരു ഡിവിഷൻ അമേരിക്കൻ സൈന്യം ആക്രമിച്ചു കീഴടക്കുന്നതാണ് ഈ നോവലിന്റെ പ്രതിപാദ്യം.

വളരെ ഋജുവായ ഒരു കഥയാണ് ഈ നോവൽ പറയുന്നത്. പ്രധാന കഥാപാത്രങ്ങളാകട്ടെ, എട്ടോ പത്തോ മാത്രം പേർ. കഥ അമേരിക്കൻഭാഗത്തെ ചുററിനിൽക്കുന്നു. അറുനൂറിൽപരം ലുടിക്കുന്ന പേജുകളിൽ ഒരൊററ സംഭവത്തെ കേന്ദ്രീകരിച്ചു് അനേകം

വ്യക്തികളുടെ ജീവിതകഥകൾ യുദ്ധത്തോട് അറപ്പും വെറുപ്പും ജനിപ്പിക്കത്തക്ക രീതിയിൽ മെയ്ലർ പ്രതിപാദിച്ചിരിക്കുന്നു.

ജനറൽ കമ്മിങ്ങ്സ് ഒരു ഡിവിഷൻ പട്ടാളവുമായി അനോപ്പോപ്പേയിൽ ഇറങ്ങുന്നതോടെ കഥയാരംഭിക്കുന്നു. മനുഷ്യർ അധിവസിക്കാത്ത, ചേറും ചെളിയും നിറഞ്ഞ, കുന്നും കുഴിയും കാടും മേടും നിറഞ്ഞ ഒരു ദ്വീപ്. ദ്വീപിനു നടുക്കായി നെട്ടനീളത്തിൽ കിടക്കുന്ന ഒരു പർവ്വതം. പർവ്വതത്തിനങ്ങേപ്പുറത്താണ് ജപ്പാൻകാരുടെ സൈനികക്യാമ്പ്. പക്ഷേ ദ്വീപിൻെറ ഏതു ഭാഗവും അപകടമേഖലയാണ്. ജാപ്പുസേനയുടെ ബലത്തേക്കുറിച്ചു ജനറലിന് ഒരു നിശ്ചയവുമില്ല. കാലാവസ്ഥ അങ്ങേയററം പ്രതികൂലം. ഒരു മലമ്പനിപ്രദേശമാണ് അനാപ്പോപ്പേയ്. ജാപ്പുപട്ടാളത്തെ എങ്ങനെയെങ്കിലും തോല്പിക്കുകയും നശിപ്പിക്കുകയും ചെയ്യുകയാണ് അയാൾക്കു വേണ്ടതു്. ഒന്നിനുപിറകേ മറെറാന്നായി പരാജയങ്ങളാണ് അയാളെ അഭിമുഖീകരിക്കുന്നതു്. അയാളുടെ ശ്രമങ്ങൾ, മൂന്നുമാസം ഫലരഹിതമായി, മുന്നോട്ടു പോകുന്നു കൂടുതൽ സൈനികസജ്ജീകരണങ്ങൾ ചെയ്ത് അന്ത്യമായി ഒരാക്രമണംകൂടി നടത്തി ദ്വീപു കൈവശപ്പെടുത്താൻ നിശ്ചയിച്ചു, തൽസംബന്ധമായ കൂടിയാലോചനകൾക്കായി കമ്മിങ്ങ്സ് ദ്വീപിൽനിന്നു വളരെ വിദൂരമായ ഹെഡ്ക്വാർട്ടേഴ്സിലേക്കു പോകുന്ന അവസരത്തിൽ ശത്രുക്കളുടെ ഒരു പുതിയ മുന്നേററമുണ്ടാവുകയും, യുദ്ധകാര്യങ്ങളെ സംബന്ധിച്ച് ഒരു പ

രിചയവുമില്ലാത്ത അയാളുടെ ഡെപ്യൂട്ടി, വരുംവരായ്ക യെപ്പററി ഒന്നും ആലോചിക്കാതെ സവ് പിൻബല ത്തോടുംകൂടി അഡ്വാൻസ് ചെയ്യാൻ ഓർഡർ നൽകു കയും ചെയ്യുന്നു. എന്താണു സംഭവിക്കുന്നത്? അമേ രിക്കൻ സേനയുടെ മുന്നണിവിഭാഗം ആസ്ഥാനം ഉറപ്പി ച്ചിരുന്നതിനു വളരെ അടുത്തുതന്നെയായിരുന്നു ജാപ്പ് സപ്ലൈസ് കേന്ദ്രം. അതു കീഴടക്കാൻ അവർക്ക് ഒട്ടും തന്നെ പ്രയാസമുണ്ടാകുന്നില്ല. തുടർന്ന് ജാപ്പ് കമാൻ ഡർ ആയുധംവച്ചു കീഴടങ്ങുന്നു. യുദ്ധത്തിൽ വിജയവും പരാജയവും സംഭവിക്കുന്ന വിഷയത്തിലുള്ള ആകസ്മി കത്വം അത്ഭുതകരമാണെന്നുള്ളതു് ഒരു വലിയ പരമാ ർത്ഥമാണ്. അതു നമുക്ക് ഒരിക്കൽകൂടി വ്യക്തമാകുന്നു

ബിരുദധാരിയും ധനികനുമായ ലെഫ്ററനൻറ ഹേൺ ലോകകാര്യങ്ങളെക്കുറിച്ചു ഗാഢമായി ചിന്തിക്കു ന്ന ഒരു വ്യക്തിയാണ്. ജനറൽ കമ്മിങ്സിൻെറ വാത്സല്യപാത്രവുമാണയാൾ. അവർ തമ്മിലുള്ള സംഭാ ഷണങ്ങൾ രസകരവും ചിന്താദ്യോതകവുമാണ്. ആധു നിക പ്രശ്നങ്ങളെപ്പററി ചർച്ചചെയ്യാനും പുതിയ ആ ശയങ്ങളുടെമേൽ വെള്ളിവെളിച്ചം ചൊരിയാനും ഇത്ത രം സന്ദർഭങ്ങൾ പ്രയോജകീഭവിക്കുന്നു. മാത്രമല്ല, ഈ രണ്ടുപേരുടെയും വ്യക്തിത്വങ്ങൾ തമ്മിൽ ഉരസുന്ന കാഴ്ച വികാരോദ്ദീപകവുമാണ്.

യുദ്ധത്തിൻെറ ഭീകരതയും ഫലശൂന്യതയും ഇതു പോലെ പ്രകടിപ്പിക്കുന്ന മറെറാരു നോവലുമില്ല. പട്ടാള

ജീവിതത്തിൻെറ ദുരിതങ്ങൾ, പ്രത്യേകിച്ചു യുദ്ധം നടന്നുകൊണ്ടിരിക്കുമ്പോഴുള്ള അറയ്ക്കുന്ന ചുററുപാടുകൾ ചിത്രീകരിക്കുന്ന വിഷയത്തിൽ നോർമ്മൻ മെയ്ലർ പ്രദർശിപ്പിച്ചിരിക്കുന്ന കരവിരുതു് അത്ഭുതകരമെന്നുതന്നെ പറയണം. കഥ മുന്നോട്ടു നീങ്ങുന്നതു സാവധാനത്തിലാണു്. പക്ഷെ ഓരോ നിമിഷവും ചൂടുപിടിച്ചതാണു്. ഓരോ നിമിഷവും വികാരംകൊണ്ടു വീർപ്പുമുട്ടുന്നതാണു്.

സാർജൻറ് ക്രോഫ്ററ് നമ്മെ അത്യധികം ആകർഷിക്കുന്ന ഒരു കഥാപാത്രമത്രെ. ആ മനുഷ്യൻെറ അമാനുഷികധീരത! എന്നാൽ ആ ധീരത നിഷ്പ്രയോജനമായിത്തീരുകയാണു് ഒടുവിൽ. താൻ ഭീരുവല്ലെന്നു കാണിക്കാൻ മരണത്തേയും അയാൾ വെല്ലുവിളിക്കുന്നു. ഹേണിൻെറ മരണത്തിനുശേഷം തൻെറ അനുയായികളെ അയാൾ വിജയത്തിൻെറ പടിവാതിൽവരെ നയിക്കുന്നു. എങ്കിലും തിരിച്ചുപോരാൻ അയാൾ നിർബ്ബന്ധിതനാകുന്നു.

ഒരു സുഹൃത്തിനെപ്പോലെ നമുക്കു പരിചയമാകുന്നുണ്ടു ഹേണിനെ നോവലിൻെറ അവസാനഘട്ടത്തോടടുക്കുമ്പോൾ. ഒരമേരിക്കൻ ചെറുപ്പക്കാരൻെറ മാനസിക ചിത്രീകരണമാണു് ഹേണിൽ കഥാകാരൻ സാധിച്ചിരിക്കുന്നതു്. ആത്മാർത്ഥതയുള്ള ഹേൺ, ആത്മവിശ്വാസത്തിൻെറ ഉടൽരൂപമായ ഹേൺ, പരാജയങ്ങളെ വകവയ്ക്കാതെ മുമ്പോട്ടുപോകാൻ വെമ്പൽകൊള്ളുന്ന ലഫ്. ഹേൺ, പെട്ടെന്നു മുമ്പോട്ടു പാഞ്ഞുവരുന്ന

ഒരു വെടിയുണ്ടയുടെ മുമ്പിൽ ജീവൻ സമർപ്പിക്കുമ്പോഴം ആ സംഭവത്തിൽ വിശ്വസിക്കുവാൻ നമുക്കു കഴിയുന്നില്ല. നാം കണ്ണുമിഴിച്ച്, ആ ഭാഗം ഒന്നുരണ്ടാവൎത്തികൂടി വായിക്കുന്നു! മനുഷ്യജീവിതത്തിന്റെ—മനുഷ്യാത്മാവിന്റെ മഹനീയതയിലുള്ള നമ്മുടെ വിശ്വാസം വൎദ്ധിക്കുന്നു. അതോടൊത്ത് യുദ്ധത്തോട് കഠിനമായ വെറുപ്പും വിദ്വേഷവും നമ്മിൽ ജനിക്കുന്നു

പ്രധാന കഥാപാത്രങ്ങളുടെ പൂൎവ്വചരിത്രം ഓരോ പ്രത്യേകസന്ദർഭത്തിൽ പ്രധാന കഥയുടെ ഒഴുക്കിനു തടസ്സം നേരിടാത്തരീതിയിൽ വിവരിക്കുന്ന ടെക്നിക്കും വളരെ നന്നായിട്ടുണ്ട്.

ഈ നോവൽ വായിക്കുന്നതിനുമുമ്പും ഞാനൊരു യുദ്ധവിരോധിയാണ്—സമാധാനാഭ്യൎത്ഥനയിലും മററും വിശ്വസിക്കുന്ന ഒരാളല്ലെങ്കിലും. നോമ്മൻ മെയ്ലരുടെ നോവലിൽക്കൂടിയാണ് ഒരു യുദ്ധത്തിന്റെ ഭയാനകതയുടെ പൂൎണ്ണരൂപം മനസ്സിലാക്കാൻ കഴിഞ്ഞതു്. എന്നെ വളരെയധികം സ്പർശിച്ച ഈ നോവൽ വായനക്കാൎക്കു റെക്കമെൻറു ചെയ്യാൻ ഞാനാഗ്രഹിക്കുന്നു. ബ്രൂട്ടൽ റിയലിസമെന്ന സാങ്കേതികരീതി പല ശുദ്ധാത്മാക്കൾക്കും പിടിച്ചില്ലെന്നു വരാം. പക്ഷെ "നഗ്നരും മരിച്ചവരും" എന്ന നോവൽ സിൻക്ലേർ ലൂയിയും മററും അഭിപ്രായപ്പെട്ടതുപോലെ, മഹത്തായ ഒരു കലാസൃഷ്ടി തന്നെയാണ്.

# ഹക്സിലി ഇന്ത്യയിൽ

ചിന്തകൻ, കഥാകൃത്ത്, നോവലിസ്ററ്, എന്നീ വിവിധനിലകളിൽ ഇതിനകം വിശപ്രശസ്തി നേടി ക്കഴിഞ്ഞിട്ടുള്ള ആൽഡസ് ഹക്സിലിയുടെ യാത്രക്കുറിപ്പു കളാണു് Jesting Pilate എന്ന ഗ്രന്ഥത്തിൻെറ ഉള്ളട ക്കം. 1929-ൽ ഇന്ത്യ, ബർമ്മാ, ജപ്പാൻ, മലയാ, അമേ രിക്ക എന്നീ നാട്ടുകളിൽ ഹക്സിലി സഞ്ചരിക്കുകയുണ്ടാ യി. തൻെറ അനുഭവങ്ങൾ സരസമായി വർണ്ണിക്കുവാ ൻ അദ്ദേഹത്തിനു കഴിഞ്ഞിട്ടുണ്ടു്. ഒരു നോവൽപോലെ, മടുപ്പുകൂടാതെ വായിച്ചുപോകാൻ സാധിക്കും ഇപ്പുസ്ത കം. പ്രത്യേകിച്ചു് ഇന്ത്യയേയും അമേരിക്കയേയും സം ബന്ധിക്കുന്ന ഭാഗങ്ങൾ. ഇന്ത്യയിലെയും അമേരിക്കയി ലും സാമൂഹ്യജീവിതത്തിൻെറ പുഴക്കുത്തു പിടിച്ച ഭാഗ ങ്ങൾ ചൂണ്ടിക്കാട്ടി പരിഹസിക്കുവാൻ ഹക്സിലി മടി ച്ചിട്ടില്ല.

ബോംബെയിൽ കപ്പലിറങ്ങിയ ഹക്സിലിയെ ഏ റവുമധികം ആകർഷിച്ചതു് അവിടത്തെ പക്ഷികളാ

ണത്രെ. കാക്കകളും പരുന്തുകളും! ബോംബെ നഗരം ശുചിയാക്കുന്നതു ഇവരുടെ ജോലിയാണെന്നു ഹക്സിലി പറയുന്നു. ബോംബെയിൽ വച്ച് സരോജിനി നായിഡുവിനെ കാണാൻ അദ്ദേഹത്തിനു കഴിഞ്ഞു. അവരെപ്പററി നല്ലയഭിപ്രായമാണ് ഹക്സിലിക്കുള്ളതു്. "ഇന്ത്യയിലെ എല്ലാ രാഷ്ട്രീയപ്രവർത്തകരും മിസ്സിസ് നായിഡുവിനെപ്പോലെയാണെങ്കിൽ ഇന്ത്യ ഭാഗ്യവതിയാണ്." നിയമസഭാസ്പീക്കർ മി. പട്ടേലിനെ അനുമോദിക്കാൻ ചേർന്ന യോഗത്തിൽ പ്രശസ്താഥിതിയായി ഹക്സിലിയും സംബന്ധിക്കുകയുണ്ടായി. ആ പൊതുയോഗത്തിൻെറ സജീവവും വികൃതവുമായ ഒരു ചിത്രമാണു° ഹക്സിലി വരച്ചിരിക്കുന്നതു്. കാക്കകളുടെ കരച്ചിൽമൂലം പ്രസംഗങ്ങൾ കേൾക്കാൻ സാധിച്ചിരുന്നില്ലത്രേ!

കാഷ്മീറിനെക്കുറിച്ചു പറയുമ്പോൾ, ആ നാടിൻെറ സൌന്ദര്യത്തിൽ മാത്രമല്ല, അവിടെ നടമാടുന്ന ദാരിദ്ര്യത്തിലും ഹക്സിലി ശ്രദ്ധപതിപ്പിക്കുന്നുണ്ടു്. കാഷ്മീറിലെ മുഗൾ ഉദ്യാനങ്ങൾ ഇററലിയിലെ പൂന്തോട്ടങ്ങളേക്കാൾ മോശമാണെന്നാണ് അദ്ദേഹത്തിൻെറ അഭിപ്രായം. മാത്രമല്ല, ഈ ഉദ്യാനങ്ങളുടെ സൌന്ദര്യത്തിനുത്തരവാദി പ്രകൃതിയാണെന്നും, മനുഷ്യപ്രയത്നത്തിനിതിൽ കാര്യമൊന്നുമില്ലെന്നും ഹക്സിലി പറയുന്നു. മുഗൾ ചക്രവർത്തിമാർ കാഷ്മീറിനെ ഭൂമിയിലെ പറുദീസയായി ഗണിച്ചിരുന്നു. പഞ്ചാബിലെ കൊടുംചൂടിൽ നിന്നും രക്ഷപ്പെട്ടു് കാഷ്മീറിലെ സുഖശീതളമായ അന്തരീക്ഷത്തിലെത്തുന്ന ഒരാൾക്കു് അങ്ങനെയേ

തോന്നു. കാഷ്മീറിലെ നീലജലം നിറഞ്ഞ തടാകങ്ങളും ഹിമപ്പുതപ്പിട്ട മാമലകളും സ്വിററ്സർലണ്ടിൻെറ ഓർമ്മയാണ് ഹക്സിലിയിൽ ജനിപ്പിച്ചതു്.

ഇന്ത്യയിലെ 'അമ്പലക്കാള'കളെപ്പററി പരിഹാസം വഴിയുന്ന ഭാഷയിലാണു ഗ്രന്ഥകാരൻ സംസാരിന്നതു്. അതിവേഗത്തിൽ വാഹനങ്ങൾ പാഞ്ഞുനടക്കുന്ന റോഡുകളുടെ മദ്ധ്യത്തിൽ തങ്ങളുടെ പരിശുദ്ധിയിലും ശക്തിയിലും ഉത്തമവിശ്വാസമുള്ളതുപോലെ ഈ കാളകൾ അയവിറക്കിക്കൊണ്ടു് നിശ്ചലം ശയിക്കുന്നതുകാണാം. ഇന്ത്യാക്കാർക്കു പശുക്കളോടുള്ള മനോഭാവത്തിൽ വ്യക്തമാകുന്ന വിരോധാഭാസം ഹക്സിലി കാണാതിരിക്കുന്നില്ല. ഗോഹത്യ ഒരു വലിയ പാപമാണ്. പക്ഷേ പശുക്കൾ പട്ടിണി കിടക്കുന്നതിലും ഇഞ്ചിഞ്ചായി മരിക്കുന്നതിലും അവർക്കു വിരോധമില്ല!

പേഷ്വാറിനും ലാഹോറിനും ഇടക്ക് എന്ന അദ്ധ്യായത്തിൽ, ഒരുയർന്ന ഹൈന്ദവപുരോഹിതൻ-ഇദ്ദേഹം പല്ലുതേക്കുകയും കുളിക്കുകയും ചെയ്യുന്ന കൂട്ടത്തിലല്ല.—തീവണ്ടിയിൽ ഒരുമിച്ചു സഞ്ചരിക്കുന്നതും ഇദ്ദേഹത്തിൻെറ ശിഷ്യഗണങ്ങളും ആരാധകന്മാരും സംഖ്യയില്ലാതെ ചുററും കൂടി ഇദ്ദേഹത്തിൻെറ പാദങ്ങൾ ചുംബിക്കുന്നതും മററും ഹക്സിലി വിവരിക്കുന്നു. ഇന്ത്യൻ ജനതയുടെ അന്ധവിശ്വാസങ്ങളെ അദ്ദേഹം മുറയ്ക്കു കളിയാക്കി വിട്ടിട്ടുണ്ട്.

അമൃതസരസ്സിലെ സിക്കുക്ഷേത്രവും ഗ്രന്ഥകാരൻ സന്ദർശിക്കുകയുണ്ടായി. ഒട്ടധികം ഭിക്ഷുക്കൾ അവിടെ

ചുററിപ്പററി നടക്കുന്നുണ്ടായിരുന്നു. താടിക്കാരായ അകാലികൾ വാളും മററും ധരിച്ചു നടക്കുന്നതും, അദ്ദേഹം കണ്ടു. സ്ത്രീകളുടെ മാതിരി വസ്ത്രധാരണം ചെയ്തവരും, ആഭരണങ്ങളും മററും അണിഞ്ഞവരും, ചായം പൂശിയവരുമായ ഒരു പററം പുരുഷ വേശ്യകളേയും താൻ കണ്ടെന്നാണ് ഹക്സിലി പറയുന്നത്. ആ വികൃതരൂപങ്ങൾ വേറെന്തോ ആയിരിക്കാനാണ് സാദ്ധ്യത. ജനറൽ ഡൈയറുടെ വീരകൃത്യങ്ങൾക്കു സാക്ഷ്യം വഹിച്ച ജാലിയൻ വാലാബാഗ്ഗും ഹക്സിലി കാണുകയുണ്ടായി.

ലോകത്തിലെ ഏഴ് അത്ഭുതങ്ങളിലൊന്നായ താജ്മഹാളിനെക്കുറിച്ചു ഹക്സിലി പ്രകടിപ്പിക്കുന്ന അഭിപ്രായങ്ങൾ രസാവഹമായിട്ടുണ്ട്. അതിൻെറ ശിൽപം തനിക്കു പിടിച്ചില്ലെന്നാണ് ഹക്സിലി പറയുന്നത്. തൻെറ അഭിപ്രായം നീതികരിക്കുവാൻ, വാദിച്ചുറപ്പിക്കാൻ അദ്ദേഹം ശ്രമിക്കുന്നു. പക്ഷേ, ഈ 'അത്ഭുതത്തിൻെറ മൂല്യത്തെക്കുറിച്ച് അദ്ദേഹത്തിനു തികച്ചും മതിപ്പാണുള്ളത്.

ജയപ്പൂരിൽ വച്ച് ആനപ്പുറത്ത് കയറിയ ഒരു കഥ പുഞ്ചിരിയോടുകൂടിയാണ് ഗ്രന്ഥകാരൻ വിവരിക്കുന്നത്. പുറത്തു കയറാൻ ഇത്രയും പ്രയാസമുള്ള മററൊരു മൃഗം ലോകത്തിലില്ലത്രെ. നിരപ്പുള്ള ഭൂമിയിൽ സഞ്ചാരത്തിനു അത്ര ബുദ്ധിമുട്ടില്ലെന്നു പറയാം. ഒരു ഭൂകമ്പത്തിൻെറ പുറത്തു കയറി സഞ്ചരിക്കുന്നതുപോലെയാണ് ആനപ്പുറത്തുള്ള യാത്ര. ആന കയററം കയറുമ്പോൾ ഭൂകമ്പത്തിൻെറ ഊക്കു കൂടുന്നു. ഇറക്കം ഇറങ്ങുമ്പോ

ളാകട്ടെ, ലോകാവസാനത്തിൻെറ പ്രതീതിയാണ്. ആൽപ്സ് പർവതം ഒരാനപ്പുറത്തു കയറിക്കടന്ന ഹാനിബാൾ തീർച്ചയായും അഭിനന്ദനാർഹനാണ് എന്നു ഹക്സ്ലിക്കു തോന്നി.

കോൺപൂരിലെ കോൺഗ്രസ്സ് സമ്മേളനത്തിൻെറ ഒരു രസികൻ ചിത്രം ഈ ഗ്രന്ഥകാരനിൽനിന്നും നമുക്കു ലഭിക്കുന്നുണ്ട്. മോട്ടിലാൽ നെഹ്റു, സരോജിനി നായിഡു എന്നിവരുടെ മുഖത്തു നോക്കിയാൽ മതി, ഇന്ത്യയുമായി പരിചയമില്ലാത്ത ഒരു സന്ദർശകന്, അവർ വളരെ പ്രാധാന്യമർഹിക്കുന്ന വ്യക്തികളാണെന്നു മനസ്സിലാകും. എന്നാൽ മൊട്ടത്തലയും നീളൻ ചെവികളും മുട്ടററം എറയാത്ത മുണ്ടും ഉള്ള ഒരു കൊച്ചു മനുഷ്യൻ അവിടെ ഇരിക്കുന്നതു് അയാളുടെ ദൃഷ്ടിയിൽ പെട്ടെന്നു വരില്ല. ചിരിക്കുമ്പോൾ മാത്രം ഒരു പ്രത്യേകത തോന്നുന്ന ഒരു കൊച്ചു മനുഷ്യൻ. മഹാത്മാഗാന്ധിക്ക് ഒരു കൊച്ചു കുഞ്ഞിൻെറ ചിരിയാണുള്ളതെന്നു് ഗ്രന്ഥകാരൻ പറയുന്നു.

പൊതുയോഗങ്ങളിൽ അലക്ഷ്യമായി പെരുമാറുന്ന ഇന്ത്യൻ രീതിയെ ആക്ഷേപിക്കാതിരിക്കാൻ ഹക്സിലിക്കു കഴിയുന്നില്ല. ഉദാഹരണത്തിനു ഗാന്ധജി പ്രസംഗിച്ചുകൊണ്ടിരുന്നപ്പോൾ പോലും സദസ്യർ ഉറക്കെ സംസാരിക്കുകയും, അങ്ങുമിങ്ങും ഓടിനടക്കുകയും വിളിച്ചു കൂവുകയും ഒക്കെ ചെയ്തുത്രേ!

മിക്ക പ്രസംഗങ്ങളും ഹിന്ദിയലായിരുന്നു. ആരെങ്കിലും ഇംഗ്ലിഷിൽ പ്രസംഗിക്കാൻ തുടങ്ങിയാൽ ഉടനേ

ഉത്തരേന്ത്യൻ പ്രതിനിധികൾ "ഹിന്ദി! ഹിന്ദി!" എന്നു വിളിച്ചു കൂവും. ഹിന്ദിയിൽ തുടങ്ങിയാൽ ഇംഗ്ലീഷിൽ പ്രസംഗിക്കാൻ തെന്നിന്ത്യക്കാർ മുറവിളികൂട്ടും. പ്രധാന പ്രാസംഗികനായിരുന്ന മോട്ടിലാൽ നെഹ്റു ഹിന്ദിയിലായിരുന്നു പ്രസംഗിച്ചതു്. ഈ പ്രസംഗം കഴിഞ്ഞപ്പോൾ ഒരാൾ എഴുന്നേററു് താൻ നൂറു രൂപാ ചിലവാക്കി മദ്രാസിനപ്പുറത്തുനിന്നു് അദ്ദേഹത്തിൻെറ പ്രസംഗം കേൾക്കാൻ മാത്രം വന്നതാണെന്നും, അതിൽ ഒരക്ഷരംപോലും മനസ്സിലാക്കാൻ കഴിഞ്ഞില്ലെന്നും പ്രസിഡൻറിനോടു പരാതിപ്പെട്ടു. അന്നുതന്നെ ഏതാനും മണിക്കൂർ കഴിഞ്ഞു ഈ പരാതിക്കാരൻെറ നാട്ടുകാരിലൊരാൾ പ്ലാററുഫോറത്തിൽ കയറി രണ്ടു മണിക്കൂർ നീണ്ടുനിന്ന ഒരു പ്രസംഗം ചെയ്തു—തമിഴിൽ! വടക്കർക്കു കഠിനമായ അരിശംവന്നു എന്നു പറയേണ്ടതില്ലല്ലോ.

"കോൺപൂർ കോൺഗ്രസ്സ് ഗൈഡ്"ൽ നിന്നും ധാരാളം പരസ്യങ്ങൾ ഉദ്ധരിച്ചുകൊണ്ടു് ഹക്സിലി പറയുകയാണു്, ഒരു ജനതയുടെ സ്വഭാവത്തേയും ചിന്താഗതികളേയും പററി ആ രാജ്യത്തിൽ പ്രസിദ്ധപ്പെടുത്തുന്ന പരസ്യങ്ങളിൽനിന്നു വളരെയേറെ പഠിക്കാൻ കഴിയുമെന്നു്—"ഒരു ദിവസംകൊണ്ടു് പുരുഷത്വം വീണ്ടെടുക്കാം.—" നാം സാധാരണ ഇത്തരം ധാരാളം പരസ്യങ്ങൾ കാണാറുള്ളതുകൊണ്ടു് അതിൻെറ പ്രത്യേകത നമ്മുടെ ദൃഷ്ടിയിൽ പെടുന്നില്ല. ഹക്സിലി കൊടുത്ത ഉദാഹരണങ്ങൾ വളരെയധികം ചിരിക്കും ചിന്തക്കും വക തരുന്നതാണു്. ഇത്തരം "സകല രോഗ സംഹാരി"കൾ

സാധാരണക്കാരെ ചൂഷണം ചെയ്യുന്നതിനു കണക്കില്ല. വ്യഭിചാരം, ഗൊണോറിയ, ഹിസ്റ്റിറിയ, വന്ധ്യത മുതലായവ .മാററുന്നതിനുള്ള ഒരു മരുന്നിന് 5 ക യാണത്രെ വില. ഏററവും കുറച്ചു വസ്ത്രങ്ങൾ ധരിച്ചുകൊണ്ടുള്ള ഫോട്ടോയും അഞ്ചു രൂപ്പികയും അയച്ചുകൊടുത്താൽ മരുന്നു ലഭിക്കും. ഉറുപ്പികക്കൂടാതെയുള്ള കത്തുകൾ പരിഗണിക്കപ്പെടുന്നതല്ല. വ്യഭിചാര രോഗത്തിനുള്ള മരുന്നു വാങ്ങിയെങ്കിൽ വേണ്ടില്ലായിരുന്നു എന്നായിരുന്നുത്രേ ഈ പരസ്യം കണ്ടപ്പോൾ ഹക്സിലിയുടെ ചിന്ത!

# കണ്ണുനീരിന്റെ വാതിൽ

ഗുപ്തൻ നായർ, 'വെണ്ണിക്കുളം, ജി, കൃഷ്ണവാര്യർ, വള്ളത്തോൾ തുടങ്ങി പലരും പറഞ്ഞിട്ടുള്ള നല്ല അഭിപ്രായങ്ങൾ കവറിന്റെ ഫ്ളാപ്പിൽ അച്ചടിച്ചിരിക്കുന്നതാണ് ഞാൻ ആദ്യം വായിച്ചത്: ഇത്തരം സർട്ടിഫിക്കററുകളുമായി വരുന്നവരെ സൂക്ഷിക്കേണ്ടിയിരിക്കുന്നു.

എന്നാൽ മണ്ണുമ്മൂടിന്റെ ഒരു ബലഹീനതയാണു ഈ സർട്ടിഫിക്കററു പ്രേമം എന്നു ഞാൻ വിചാരിക്കുന്നു. ആത്മവിശ്വാസക്കുറവായിരിക്കാം ഇതിനു ഹേതു. പക്ഷെ ബഹുജനങ്ങൾ അദ്ദേഹത്തോട് ഇങ്ങനെ പറയുന്നതു ഞാൻ കേൾക്കുന്നു! "അല്ലയോ മണ്ണുമ്മൂടെ, താങ്കളെ ഞങ്ങൾ അംഗീകരിച്ചിരിക്കുന്നു. താങ്കൾ വീണ്ടും വീണ്ടും നല്ല കവിതകൾ എഴുതുക." പഴയകാലത്തു കവികൾ കവികൾക്കും നിരൂപകന്മാർക്കും (എന്നുവച്ചാൽ നല്ല ആസ്വാദകർ) വേണ്ടിയായിരുന്നു എഴുതിയിരുന്നത്. ഇന്നാകട്ടെ കവികൾ ബഹുജനങ്ങൾക്കുവേണ്ടി എഴുതുന്നു. അപ്പോൾ നിലവാരം അൽപം താണുപോയാലും

സാരമില്ല എന്നു കവികൾ ആശ്വസിക്കുന്നു. പക്ഷെ ബഹുജനങ്ങളുടെ നിലവാരം ഉയർന്നുവരികയാണ്. നല്ല കവിതകൾ എഴുതാൻ കഴിവില്ലെങ്കിൽ എഴുതാതിരിക്കുകയാണു ഭേദമെന്നു ബഹുജനങ്ങൾ പറഞ്ഞുതുടങ്ങിയിരിക്കുന്നു. മണ്ണുമ്മൂട്ടും ഈ പറച്ചിൽ ശ്രദ്ധിക്കേണ്ടതാണ്.

'വനസംഗീതം', 'കുടിലുകളുടെ ഉത്സവം', 'നവമേഖല' എന്നി സമാഹാരങ്ങളുമായി തട്ടിച്ചുനോക്കുന്ന പക്ഷം 'കണ്ണുനീരിൻെറ വാതിൽ' തൃപ്തികരമായി തോന്നുകയില്ല. മണ്ണുമ്മൂടിനെ സംബന്ധിച്ചിടത്തോളം കവിതയുടെ ഉറവുകൾക്കു ശക്തികൂടിയിട്ടില്ല. ഈ പരമാൎത്ഥം ഒരു സുഹൃത്തെന്ന നിലയിലാണ് ഞാൻ ചൂണ്ടിക്കാണിക്കുന്നതു്.

"സമൂഹത്തിൽനിന്നും ചീന്തിയെടുത്ത യാഥാത്ഥ്യങ്ങളാണ് ഈ കവിതകളുടെ പിൻപിൽ സ്പന്ദിക്കുന്നതു്." ഇതു കവി 'തുറന്നു' പറയുന്നതാണ്. ശ്രദ്ധിക്കുക. എന്തൊക്കെയാണീ യാഥാർത്ഥ്യങ്ങൾ? പ്രേമം വഞ്ചിക്കപ്പെടുന്നു. പ്രേമം വിഫലമായിത്തീരുന്നു. പ്രേമം വിസ്മരിക്കപ്പെടുന്നു, ഇത്രമാത്രം. പക്ഷേ ഇതെല്ലാം ഞെട്ടിപ്പിക്കുന്ന യാഥാർത്ഥ്യങ്ങളല്ലെന്നു നിങ്ങൾക്കു തോന്നുന്നുണ്ടോ? നിങ്ങൾക്കു തോന്നും, നിങ്ങൾ ഒരു മൂരാച്ചിയാണ്. പ്രേമം വഞ്ചിക്കപ്പെട്ടാൽ.കവി എങ്ങനെ അടങ്ങിയിരിക്കും? യുവാവായിരിക്കാം ശ്രീ. മണ്ണുമ്മൂട്. പക്ഷെ പ്രേമത്തിനപ്പുറത്തും യാഥാത്ഥ്യങ്ങളുണ്ടെന്നു അദ്ദേഹം മനസ്സിലാക്കാൻ കാലമായിരിക്കുന്നു.

മണ്ണുമ്മൂടിൻെറ കവിതാകാമിനിയുടെ സൌന്ദര്യം ചന്ദ്രികയുടെ സൌന്ദര്യമാണ്. സൌരഭ്യവുമുണ്ട്. ഇടക്കിടക്ക കല്ലു കടിക്കുമെന്നു ചില നിരൂപകന്മാർ എഴുതിയിരിക്കുന്നതു വായിച്ചു. രചനയുടെ പ്രാഥമികപാഠങ്ങൾ തന്നെ ഇദ്ദേഹം ഇനിയും പഠിക്കേണ്ടിയിരിക്കുന്നു എന്നു ശ്രീ. അകവൂർ നാരായണൻ മാതൃഭൂമിയിൽ എഴുതിയിരുന്നതു എന്നെ പ്രത്യേകം ആകർഷിക്കുകയുണ്ടായി. കുസന്ധികളും വിഷമപ്രയോഗങ്ങളും മണ്ണുമ്മൂടിനു വളരെ പത്ഥ്യമാണെന്നു ഈ നിരൂപകൻ പറയുന്നു. (ഒരു കവിതയിൽത്തന്നെ ഇത്തരം ഇരുപതെണ്ണം അദ്ദേഹം കണ്ടുപിടിച്ചത്രെ.) എന്നാൽ ഇക്കാര്യത്തിൽ ഞാൻ കവിയുടെ ഭാഗത്താണ്. എന്തെന്നാൽ വൃത്തം പലപ്പോഴും കവിയുടെ സർഗ്ഗശക്തിക്കു കടിഞ്ഞാണിടുന്നു. ഈ കടിഞ്ഞാൺ അവഗണിക്കുന്നതിലാണു കവിയുടെ മേന്മ സ്ഥിതി ചെയ്യുന്നതു!! മലയാളത്തിൽ ഒരു വൃത്തബഹിഷ്ക്കരണപ്രസ്ഥാനം ആരെങ്കിലും ഉൽഘാടനം ചെയ്യേണ്ടിയിരിക്കുന്നു. പ്രാസവും റിതവും ഉള്ള ഫ്രീവേഴ്സ് മലയാളത്തിൽ ധാരാളം ഉണ്ടാവണം. ഈ രംഗത്തിൽ ശ്രീ. മണ്ണുമ്മൂട്ട ശോഭിക്കുമെന്നു ഞാൻ പ്രതീക്ഷിക്കുന്നു.

അവതാരികക്കാരനായ ഡോക്ടർ ജോർജ്ജ് കവിത ഒരു കൌതുകവസ്തുവാണെന്ന് പ്രസ്താവിച്ചിരിക്കുന്നതിനോട്ട് യോജിക്കുവാൻ വിഷമമില്ല. എന്തെന്നാൽ സാഹിത്യം തന്നെ ഒരു കൌതുകവസ്തുവാണല്ലോ. ഈ അവതാരികയിൽ ശ്രദ്ധേയമായ ഒരു വാചകമുള്ളതു് ഇവി

DHARMARAM COLLEGE LIBRARY
20157

ടെ ഉദ്ധരിക്കുന്നു. "പരപ്പിൽ നിന്നും ആഴത്തിലേക്ക്, ബഹുലതയിൽനിന്നും ഗരിഷ്ഠതയിലേക്ക്, അടിച്ചു പരത്തിയ ഭാഷയിൽനിന്നും അടിച്ചൊതുക്കിയ ഭാഷയിലേക്ക്, സർവോപരി ഗാനത്തിന്റെ ആപാതമധുരിമയിൽ നിന്നും സാഹിത്യത്തിന്റെ ആലോചനാമൃതത്വത്തിലേക്കു അദ്ദേഹം പ്രവേശിക്കുകയാണ്; പ്രവേശിച്ചുവെന്നു തന്നെ പറയാം."

മണ്ണുമ്മൂടിന്റെ കവിതാംഗന സർവാംഗസുന്ദരി തന്നെയാണ്. ഒരു വായനക്കിതു മതിയായേക്കും. എന്നാൽ, അവൾക്കു സ്വല്പം തലച്ചോറു കൂടി ഉണ്ടായിരുന്നെങ്കിൽ എന്ന് ആശിച്ചുപോവുകയാണു ഞാൻ.

DHARMARAM LIBRARY

BANGALORE-560 029

| Due Date | Due Date | Due Date |
| --- | --- | --- |
| | | |

## ലോ[illegible]

([illegible]

DC Library
*00020157*
T64 P28

താംബരത്തുനിന്നു പുറപ്പെടുന്ന സുപ്രസിദ്ധ സാഹിത്യ സാംസ്കാരിക മാസിക.

ഓരോ ലക്കത്തിലും

★ ഹൃദയാവർജ്ജകങ്ങളായ എട്ടു ചെറുകഥകൾ

★ വിജ്ഞാനപ്രദങ്ങളായ പന്ത്രണ്ടു ലേഖനങ്ങൾ

★ രസനിഷ്യന്ദികളായ ആറു കവിതകൾ

★ അഞ്ചു സ്ഥിരം പംക്തികൾ.

100 പേജ്. വില 6 ണ മാത്രം.

LOKAVANI PUBLISHERS
TAMBARA[illegible]S.